# അതീതലോകത്തെ ചൂഴ്ന്നു നിൽക്കുന്ന ദുരൂഹതകൾ

പരമഗുരു ചിങ്ഹായുടെ ഒരു പ്രഭാഷണം
ജൂൺ 26, 1992,
ഐക്യരാഷ്ട്രസഭ, ന്യൂയോർക്ക്

ഐക്യരാഷ്ട്രസഭയിലേക്ക് സ്വാഗതം. നമുക്കു സ്വന്തമായുള്ള കാര്യങ്ങൾക്കും, നമുക്ക് നൽകപ്പെട്ടിരിക്കുന്ന കാര്യങ്ങൾക്കും, നമ്മൾ ആഗ്രഹിക്കുന്ന കാര്യങ്ങൾക്കും നന്ദി പറഞ്ഞു കൊണ്ട്, നമുക്ക് സ്വന്തമായുള്ളവ സ്വന്തമാക്കാൻ സാധിക്കാത്തവർക്കും നമുക്കുള്ളതു പോലെ അതു സ്വന്തമാക്കാൻ സാധിക്കുമെന്ന് ആശിച്ചുകൊണ്ട്; ലോകത്തെ അഭയാർത്ഥികളും യുദ്ധത്തിന്റെ ഇരകളും, സൈനികരും, രാഷ്ട്രത്തലവന്മാരും അതു പോലെ തന്നെ തീർച്ചയായും ഐക്യരാഷ്ട്രസഭാ അധികാരികളും, എല്ലാവരും തന്നെ അവർക്കാവശ്യമുള്ളതെന്തോ അത് നേടിയെടുക്കുന്നതിനു പ്രാപ്തരാകുമെന്നും, സമാധാനത്തോടു കൂടി ഒരുമിച്ച് ഒരു ജീവിതം നയിക്കുമെന്നും ആശിച്ചുകൊണ്ട് ദയവായി നമുക്ക് അൽപ്പനേരം ഒരുമിച്ച് തങ്ങളുടെ സ്വന്തം വിശ്വാസപ്രമാണങ്ങൾക്കനുസൃതമായി പ്രാർത്ഥിക്കാം.

നമ്മൾ ആശ്രിക്കുന്നത് നമുക്ക് ലഭിക്കുന്നുവന്നെു നാം വിശ്വസിക്കുന്നു, കാരണം ബൈബിളിൽ അങ്ങനെ പ്രതിപാദിക്കുന്നു. നന്ദി!

എനിക്ക് ഈ ലോകത്തെക്കുറിച്ച് കൂടുതലായി യാതൊന്നും തന്നെ സംസാരിക്കാനില്ലെന്നു ഞാൻ വിശ്വസിക്കുന്നതു കൊണ്ട് ഇന്നത്തെ നമ്മുടെ പ്രഭാഷണത്തിന്റെ വിഷയം നിങ്ങൾക്ക് അറിയാവുന്നതു പോലെ ''അതീത ലോകം'' എന്നതാണ്. അത് നിങ്ങൾക്കെല്ലാവർക്കും അറിയാവുന്നതാണ്. പക്ഷെ ഈ ലോകത്തിനു അതീതമായും നമുക്ക് മറ്റു കാര്യങ്ങളുണ്ട്. ഇവിടെ കൂടിയിരിക്കുന്ന നിങ്ങൾക്കെല്ലാവർക്കും തന്നെ അതറിയാൻ താല്പര്യമുണ്ടാകുമെന്നു ഞാൻ വിശ്വസിക്കുന്നു. അത് സ്വാഗതം ആശംസിച്ച പ്രസംഗകൻ ഇപ്പോൾ സൂചിപ്പിച്ചതു പോലെ ദുരൂഹതകളെ കുറിച്ചുള്ളതോ, നിങ്ങൾക്ക് വിശ്വസിക്കാനാകാത്ത വിധം അതിശയകരമായ എന്തിനെയെങ്കിലും കുറിച്ചുള്ളതോ അല്ല. അത് വളരെ ശാസ്ത്രീയവും, വളരെ യുക്തിസഹവും വളരെ പ്രധാന്യമുള്ളതുമാണ്.

ഏഴു സ്വർഗ്ഗങ്ങളുണ്ടെന്നും, വ്യത്യസ്തമായ നിരവധി ബോധതലങ്ങളുണ്ടെന്നും വ്യത്യസ്തങ്ങളായ വിശുദ്ധമതഗ്രന്ഥങ്ങളിലും വേദപുസ്തകങ്ങളിലും പരാമർശിച്ചിരിക്കുന്നതായി നമ്മൾ കേട്ടിരിക്കുന്നു. ദൈവരാജ്യമുണ്ട്, ബുദ്ധ പ്രകൃതങ്ങളുണ്ട്. അതു പോലെ പലതും. അതീതലോകത്തിലേക്ക് വാഗ്ദാനം ചെയ്യപ്പെട്ടിരിക്കുന്ന ചില സംഗതികളുമുണ്ട്. പക്ഷെ ഈ വേദഗ്രന്ഥങ്ങളിൽ പ്രതിപാദിച്ചിരിക്കുന്ന വാഗ്ദാനങ്ങൾ സ്വയത്തമാക്കിയവർ അനവധിയില്ല. അനവധി പേരില്ല തന്നെ. ഞാൻ ആരുമില്ലെന്ന് പറഞ്ഞില്ല, പക്ഷെ അനവധി പേരില്ല. ലോകജനസംഖ്യയുമായി താരതമ്യം ചെയ്യുമ്പോൾ ആന്തരികമായ ദൈവരാജ്യത്തിൽ അല്ലെങ്കിൽ നമ്മൾ പറയാറുള്ളതു പോലെ ''അതീത ലോകത്തിൽ'' പ്രവേശനം ലഭിച്ചവർ വളരെ കുറവാണ്.

നിങ്ങൾ അമേരിക്കയിലാണെങ്കിൽ മിക്കവാറും നമ്മുടെ ലോകത്തിനതീതമായ ലോകത്തെക്കുറിച്ച് വിവരിക്കുന്ന നിരവധി പുസ്തകങ്ങൾ വായിക്കുന്നതിനുള്ള ധാരാളം അവസരങ്ങളുണ്ടാകും. അമേരിക്കയിലെ ആളുകൾ നിർമ്മിച്ച ചില ചലച്ചിത്രങ്ങൾ വെറും

ഭാവന മാത്രമല്ല. അതു പോലെ തന്നെ ജപ്പാൻകാരും വെറും ഭാവന മാത്രമല്ലാത്ത കുറച്ച് ചലച്ചിത്രങ്ങൾ നിർമ്മിച്ചിട്ടുണ്ട്. കാരണം ഇവരെല്ലാം തന്നെ അതീതലോകത്തെക്കുറിച്ച് വിവരിക്കുന്ന ചില പുസ്തകങ്ങൾ വായിച്ചിട്ടുണ്ടാവാം അല്ലെങ്കിൽ ഒരു പക്ഷെ അവർക്ക് ദൈവരാജ്യത്തിന്റെ ഭാഗികവീക്ഷണങ്ങൾ വ്യക്തിപരമായി ലഭിച്ചിട്ടുണ്ടാവാം.

അതു കൊണ്ട്, ദൈവരാജ്യത്തിൽ എന്താണുള്ളത്? ഇതിനകം തന്നെ നമുക്ക് ഈ ലോകത്തിൽ തന്നെ ചെയ്തു തീർക്കാൻ ധാരാളം ജോലികളുണ്ടെങ്കിൽ, നമുക്ക് ഒരു ഉദ്യോഗമുണ്ടെങ്കിൽ, നമുക്ക് സുരക്ഷിതമായ വീടുകളുണ്ടെങ്കിൽ, നമുക്ക് ആവശ്യത്തിനു സ്നേഹം പകർന്നു നൽകുന്ന ഹൃദയബന്ധങ്ങളുണ്ടെങ്കിൽ നമ്മൾ എന്തിനു ദൈവരാജ്യത്തെക്കുറിച്ചോർത്ത് വേവലാതിപ്പെടണം? വ്യക്തമായി പറഞ്ഞാൽ നമുക്ക് ഇതിനകം തന്നെ ഇവയെല്ലാം ഉള്ളതു കൊണ്ടു തന്നെ നമ്മൾ ദൈവരാജ്യത്തെക്കുറിച്ച് ചിന്തിക്കണം.

നമ്മൾ ദൈവരാജ്യം എന്നു പറയുമ്പോൾ അതു മതപരമായ ഒരു സംജ്ഞ പോലെ തോന്നിയേക്കാം. സത്യത്തിൽ അത് ബോധത്തിന്റെ ഔന്നത്യമുള്ള ഒരു തലം മാത്രമാണ്. പണ്ടുള്ളവർ പറയുമായിരുന്നു, ''അത് സ്വർഗ്ഗമാണ്''. പക്ഷെ ഇന്ന് ശാസ്ത്രീയമായി തന്നെ നമുക്ക് പറയാം – ഇത് ഒരു ഉയർന്ന തലത്തിലുള്ള ജ്ഞാനമാണ്, ഒരു ഉയർന്ന തലത്തിലുള്ള വിവേകമാണ്. കൂടാതെ നമുക്ക് ഇത് അനുഭവിച്ചറിയാൻ സാധിക്കും, അതെങ്ങനെ വേണമെന്ന് നമുക്ക് അറിയാമെങ്കിൽ.

ഈയിടെയായി അമേരിക്കയിൽ നാമെല്ലാം ഒരു പുതിയ കണ്ടുപിടിത്തത്തെക്കുറിച്ചു കേട്ടു. ആളുകൾ നിങ്ങളെ സമാധിയിലേക്ക് (അഗാധ ധ്യാനം) ആനയിക്കുന്ന ഒരു യന്ത്രം കണ്ടുപിടിക്കുകയുണ്ടായി. നിങ്ങൾ ഇത് അനുഭവിച്ചറിഞ്ഞിട്ടുണ്ടോ? ഇത് അമേരിക്കയിൽ വിൽപ്പനയ്ക്കുണ്ട്. നിങ്ങൾക്ക് ഏത് തലമാണോ ആവശ്യം, അതിനനുസരിച്ച് നാനൂറു മുതൽ എഴുനൂറ് വരെ (അമേരിക്കൻ ഡോളർ). അവർ പറയുന്നത് ഇത് ധ്യാനത്തിനു മുതിരാതെ നേരിട്ടു സമാധിയിലെത്താൻ ആഗ്രഹിക്കുന്ന

അലസന്മാർക്കുള്ളതാണെന്നാണ്. ഇപ്പോൾ ഇനി നിങ്ങൾക്ക് അതിനെക്കുറിച്ചറിയില്ലെങ്കിൽ ഞാൻ അതിനെക്കുറിച്ച് വിവരിക്കാം.

അവർ പറയുന്നത് ഇത്തരം യന്ത്രങ്ങൾക്ക് നിങ്ങളെ പിരിമുറുക്കമില്ലാത്ത ഒരു മാനസിക സമീപനത്തിലേക്ക്, അവസ്ഥയിലേക്ക് നയിക്കാനാകുമെന്നാണ്. പിരിമുറുക്കമില്ലാത്ത മാനസിക അവസ്ഥയിൽ നിങ്ങൾക്ക് ഏറ്റവും ഉയർന്ന **IQ** നേടാനാകും. അത് നിങ്ങൾക്ക് ഉയർന്ന ജ്ഞാനം ലഭിക്കുമെന്നും ഉയർന്ന വിവേകം ലഭിക്കുമെന്നും, നിങ്ങൾക്ക് മഹത്തായ അനുഭൂതികൾ ഉണ്ടാകുമെന്നും കരുതപ്പെടുന്നു. കൂടാതെ ഈ യന്ത്രം ചില തിരഞ്ഞെടുത്ത സംഗീതം, ചില പശ്ചാത്തല സംഗീതം ഇവയൊക്കെ ഉപയോഗിക്കുന്നതു കൊണ്ട് നിങ്ങൾ ഇയർഫോണുപയോഗിക്കേണ്ടി വരും, അതിനു ശേഷം അവർ നിങ്ങളിൽ കുറച്ച് വൈദ്യുതി കടത്തി വിടും, മിക്കവാറും നിങ്ങളെ കുറച്ച് പ്രചോദിപ്പിക്കുന്ന അളവിൽ. അപ്പോൾ ചിലപ്പോൾ നിങ്ങൾ കുറച്ച് സ്ഫുലിംഗങ്ങൾ കാണും. ഇതിനായി നിങ്ങളുടെ കണ്ണു മൂടിക്കെട്ടേണ്ടതുണ്ട്. ഇതെല്ലാം മാത്രമാണ് നിങ്ങൾക്ക് സമാധിയിലെത്തുന്നതിനു ആവശ്യമായത്. ഇത് വളരെ നല്ലതാണ് കൂടാതെ വെറും നാനൂറ് ഡോളറുകൾ മാത്രം – വളരെ വിലക്കുറവ്. പക്ഷെ നമ്മുടെ സമാധി ഇതിലും വളരെയധികം ചിലവു കുറഞ്ഞതാണ്. ഇതിനു ചിലവൊന്നുമില്ല. മാത്രമല്ല ഇതെന്നെന്നേക്കുമാണ്, എന്നേക്കും. മാത്രമല്ല നിങ്ങൾ ബാറ്ററി ചാർജു ചെയ്യുകയോ പൈദ്യുതി ഉപയോഗിക്കുകയോ, പ്ലഗ് ഇൻ ചെയ്യുകയോ, പ്ലഗ് ഔട്ട് ചെയ്യുകയോ വേണ്ട. ഇനി യന്ത്രം കേടായാലും നിങ്ങൾ അത് ശരിയാക്കാനായി ഓടി നടക്കേണ്ട കാര്യമില്ല.

ഇപ്പോൾ, കൃത്രിമ വെളിച്ചത്തിനും കൃത്രിമ സംഗീതത്തിനും അവർ പറയുന്നതു പോലെ ആളുകളുടെ മാനസിക സംഘർഷം വളരെയധികം കുറയ്ക്കാനും വിവേകമുള്ളവരാക്കാനും

സാധിക്കുമെന്നാണു കരുതപ്പെടുന്നത്. പക്ഷെ അത് എന്താണ് ചെയ്യുന്നതെന്ന് ഒരു പത്രത്തിൽ കണ്ടതേയുള്ളൂ, സ്വയം പരീക്ഷിച്ചു നോക്കിയിട്ടില്ല. പക്ഷെ ഞാൻ കേട്ടതു പോലെ ഈ ഉപകരണം ധാരാളം വിറ്റഴിയാനുള്ള കാരണം അതായിരിക്കണം. ഈ കൃത്രിമ സാധനങ്ങൾക്ക് നമ്മളുടെ മനസിനു അയവു വരുത്താനും ഏ്യ വർദ്ധിപ്പിക്കാനും സാധിക്കുമെങ്കിൽ, യഥാർത്ഥ കാര്യത്തിനു നമ്മുടെ വിവേകം കൈവരിക്കുന്നതിൽ എത്രത്തോളം സഹായിക്കാൻ സാധിക്കുമെന്ന് ഊഹിക്കാവുന്നതേയുള്ളൂ. യഥാർത്ഥ കാര്യം ഈ ലോകത്തിനും അതീതമാണ്, പക്ഷെ വേണമെങ്കിൽ അതാർക്കും നേടിയെടുക്കാവുന്നതാണ്, പക്ഷെ നമുക്ക് അതുമായി ബന്ധപ്പെടണമെന്ന ആഗ്രഹമുണ്ടാകണമെന്നു മാത്രം. ഇതാണ് ആന്തരികമായ സ്വർഗ്ഗീയ സംഗീതവും ആന്തരികമായ സ്വർഗ്ഗീയ ശബ്ദവും. ആന്തരിക പ്രകാശത്തിന്റെ അല്ലെങ്കിൽ ആന്തരിക സംഗീതത്തിന്റെ താളത്തിന്റെ ഈ തീവ്രതയ്ക്കനുസരിച്ച്, നമുക്ക് ഈ ലോകത്തിന്റെ പരിധികൾ മറികടക്കാനും, തിരിച്ചറിവിന്റെ അഗാധതലങ്ങളിലേക്ക് യാത്ര ചെയ്യാനും സാധിക്കും. ഞാനൂഹിക്കുന്നത് ഇത് ഭൗതികശാസ്ത്ര തത്വങ്ങൾക്കു സമാനമാണെന്നാണ്. നിങ്ങൾക്ക് ഗുരുത്വാകർഷണത്തെ മറികടന്ന് ഒരു റോക്കറ്റ് അയയ്ക്കണമെങ്കിൽ അതിനെ പിന്താങ്ങാൻ ഒരുപാട് തള്ളൽ ശേഷി ആവശ്യമാണ്, കൂടാതെ അപാരമായ വേഗതയിൽ സഞ്ചരിക്കുമ്പോൾ അത് കുറച്ച് പ്രകാശം പുറപ്പെടുവിക്കുകയും ചെയ്യുന്നു. അതു കൊണ്ടു തന്നെ അതീതത്തിലേക്ക് നമ്മൾ വേഗതയിൽ സഞ്ചരിക്കുമ്പോൾ നമുക്കും കുറച്ച് പ്രകാശം പുറപ്പെടുവിക്കാൻ കഴിയുകയും, ശബ്ദം ശ്രവ്യമാകുകയും ചെയ്യും.

ഈ ശബ്ദം നമ്മെ ഔന്നത്യമാർന്ന തലങ്ങളിലേക്ക് തള്ളുന്ന വിധമുള്ള സ്പന്ദന ശക്തിയാണ്, പക്ഷെ ഇതു സംഭവിക്കുന്നത് ശബ്ദമേതുമില്ലാതെയും, ഗണ്യമായ പ്രശ്നങ്ങളില്ലാതെയും, ചിലവുകളേതുമില്ലാതെയും, ''അനുഭവവേദ്യനായ വ്യക്തിക്ക്'' അസൗകര്യങ്ങളൊന്നും ഉളവാക്കാതെയുമാണ്. അതീതത്തിലേക്ക്

ചരിക്കുന്നതിനുള്ള മാർഗ്ഗം ഇതാണ്.

അതീതലോകം നമ്മളുടെ ഭൗതികലോകത്തെ അപേക്ഷിച്ച് മെച്ചമാണോ? നമുക്ക് സങ്കൽപ്പിക്കാൻ സാധിക്കുന്നതും സാധിക്കാത്തതുമായ എല്ലാം. ഒരിക്കൽ അനുഭവിക്കുമ്പോൾ നാമിതു തിരിച്ചറിയുന്നു. യഥാർത്ഥത്തിന്റ മറ്റാർക്കും ഇത് നമുക്കായി വിശദീകരിക്കാൻ കഴിയില്ല. പക്ഷെ നമ്മൾ അതിൽ സ്ഥിരോത്സാഹം പുലർത്തുന്നവരും, യഥാർത്ഥ ആത്മാർത്ഥത പുലർത്തുന്നവരും ആയിരിക്കണം, അല്ലെങ്കിൽ മറ്റാർക്കും ഇത് നമുക്കായി ചെയ്യാൻ കഴിയില്ല. ഐക്യരാഷ്ട്ര സഭയിലെ നിങ്ങളുടെ ജോലി മറ്റാരെങ്കിലും നിർവഹിക്കുന്നതിനു നിങ്ങൾക്കു ശമ്പളം വാങ്ങാൻ സാധിക്കാത്തതു പോലെ. അല്ലെങ്കിൽ മറ്റാരെങ്കിലും ഭക്ഷണം കഴിക്കുന്നതു കൊണ്ട് നിങ്ങളുടെ വയറു നിറയാത്തതു പോലെ. അതു കൊണ്ടു തന്നെ അനുഭവം സ്വയത്തമാക്കുകയെന്നതാണ് ശരിയായ മാർഗ്ഗം. അനുഭവജ്ഞാനമുള്ള ആരെങ്കിലും നമ്മളോടു സംസാരിക്കുന്നത് നമുക്ക് ശ്രദ്ധിക്കാൻ സാധിക്കും, പക്ഷെ നമുക്ക് അതിൽ നിന്നും അനുഭവസമ്പത്താർജ്ജിക്കാൻ കഴിയില്ല. ദൈവത്തെ അടുത്തറിഞ്ഞ വ്യക്തിയുടെ ശക്തി കൊണ്ട് നമുക്ക് ഒരു തവണ, അല്ലെങ്കിൽ ഒന്നിൽ കൂടുതൽ തവണകൾ, അതുമല്ലെങ്കിൽ ചില ദിവസങ്ങൾ അനുഭവങ്ങൾ നേടാൻ കഴിയും. അതിനു ശേഷം നമ്മുടെ ബോധപൂർവ്വമായ പ്രയത്നമില്ലാതെ തന്നെ തികച്ചും സ്വാഭാവികമായി ചില വെളിച്ചം കാണുകയോ, ശബ്ദങ്ങൾ കേൾക്കുകയോ ചെയ്യും, പക്ഷെ മിക്കവാറും സാഹചര്യങ്ങളിൽ ഇത് അധികം നീണ്ടു നിൽക്കാറില്ല. അതു കൊണ്ടു തന്നെ നാമിത് അനുഭവിച്ചറിയുകയും, നമുക്ക് സ്വയം ചെയ്യാൻ സാധിക്കുകയും വേണം.

നമ്മുടെ ലോകത്തിനു അതീതമായി നിരവധി ലോകങ്ങളുണ്ട്. നമ്മളെക്കാൾ അല്പം ഉയർന്ന ഒരാളുടെ ഉദാഹരണമെടുക്കാം. പാശ്ചാത്യ പദാവലിയിൽ 'ആസ്ട്രൽ ലോകം' എന്നു നമ്മൾ വിവക്ഷിക്കുന്നത്. ആസ്ട്രൽ ലോകത്തിൽ അവർക്ക് നൂറോ അതിൽ

കൂടുതലോ തലങ്ങളുണ്ട്. ഓരോ തലവും തനതായ ഒരു ലോകമാണ്. അത് നമ്മുടെ ജ്ഞാനത്തിന്റെ തലത്തെ പ്രതിനിധീകരിക്കുന്നു. ഇത് നമ്മൾ യൂണിവേഴ്സിറ്റിയിൽ ചേർന്ന്, പഠനകാലയളവിൽ ഓരോ ഗ്രേഡുകളായി പൂർത്തീകരിക്കുന്നതു പോലെയാണ്. അത് യൂണിവേഴ്സിറ്റി പഠനസമ്പ്രദായത്തെക്കുറിച്ച് നമുക്കുള്ള അറിവിനെ പ്രതിനിധീകരിക്കുകയും സാവകാശം നമ്മൾ ബിരുദത്തിലേക്കടുക്കുകയും ചെയ്യുന്നു.

ആസ്ട്രൽ ലോകത്തിൽ നാം പലതരത്തിലുള്ള അതിശയങ്ങൾക്കു സാക്ഷ്യം വഹിക്കുകയും, ആ അതിശയങ്ങൾ മിക്കവാറും നമ്മളെ പ്രലോഭിപ്പിക്കുകയും, അങ്ങനെ നമുക്ക് തനതായ അതിശയങ്ങൾ സ്വായത്തമാകുകയും ചെയ്യും. നമുക്ക് രോഗികൾക്ക് സൗഖ്യം നൽകാനും, മറ്റുള്ളവർക്കു ദൃശ്യമല്ലാത്ത കാര്യങ്ങൾ കാണാനും സാധിക്കും. നമുക്ക് കുറഞ്ഞത് ആറു വിധത്തിലുള്ള അതിശയശക്തികളുണ്ടാകും. നമുക്ക് സാധാരണ അതിർത്തികൾക്ക് അപ്പുറം കാണാനും, സ്ഥലരാശിക്കതീതമായി കേൾക്കാനും സാധിക്കും. ദൂരം നമുക്ക് പരിമിതികൾ നൽകുന്നില്ല. ഇതിനെയാണ് നാം സ്വർഗ്ഗീയ നേത്രങ്ങൾ എന്നും, സ്വർഗ്ഗീയ കർണ്ണങ്ങൾ എന്നും വിവക്ഷിക്കുന്നത്. അപ്പോൾ നമുക്ക് ആളുകളുടെ ചിന്തകളിലൂടെ കടന്നു പോകാനും, അയാളുടെ മനസ്സിൽ എന്താണുള്ളതെന്നു മനസ്സിലാക്കാനും ചിലപ്പോൾ കാണാനും സാധിക്കും. ദൈവരാജ്യത്തിന്റെ ആദ്യതലത്തിലേക്ക് നാമെത്തുമ്പോൾ ചിലപ്പോൾ നാം നേടിയെടുക്കുന്ന ശക്തികളിൽ ഇവ ഉൾപ്പെടുന്നു.

ഈ ആദ്യതലത്തിനകത്തു തന്നെ, ഞാനിതിനകം പ്രതിപാദിച്ചതു പോലെ ഭാഷ ഉപയോഗിച്ച് വിവരിക്കാനാകാത്ത പലതും നമുക്ക് നൽകുന്ന മറ്റു നിരവധി വ്യത്യസ്ത തലങ്ങളുണ്ട്. ഉദാഹരണമായി പ്രാരംഭത്തിനു ശേഷം, നമ്മൾ ധ്യാനനിരതനാകുകയും നമ്മുടെ തലം ആദ്യത്തെതാണെങ്കിൽ നമുക്ക് കൂടുതൽ ശക്തികൾ ലഭ്യമാകുകയും ചെയ്യും. അപ്പോൾ ഇതിനു മുൻപ് തിരിച്ചറിയാത്ത സർഗ്ഗാത്മകമായ രചനാശേഷി

പോലും നമുക്കുണ്ടായെന്നു വരാം. കൂടാതെ നമുക്ക് മറ്റു പലർക്കും അറിയാത്ത പലകാര്യങ്ങളും അറിയാനും, വരദാനങ്ങൾ ചിലപ്പോൾ സാമ്പത്തികമായതോ, ചിലപ്പോൾ തൊഴിൽപരമായതോ, ചിലപ്പോൾ മറ്റു രീതികളിലോ ഉള്ളതായ പല കാര്യങ്ങളും സ്വർഗ്ഗീയമായ സമ്മാനങ്ങളായി ലഭിക്കാനും ആരംഭിക്കും. നമുക്ക് കവിത എഴുതാനും, ചിത്രം വരയ്ക്കാനും, മുൻപ് നമുക്ക് സാദ്ധ്യമാകുമെന്ന് വിശ്വസിക്കാൻ കഴിയാതിരുന്ന പല കാര്യങ്ങളും ചെയ്യാനും സാധിക്കും. അതാണ് ആദ്യത്തെ തലം.

നമുക്ക് മനോഹരമായ ശൈലിയിൽ കവിതകളും പുസ്തകങ്ങളും എഴുതാൻ സാധിക്കും ഉദാഹരണത്തിനു മുൻപ് നമ്മൾ ഒരു എഴുത്തുകാരനല്ലായിരുന്നുവെങ്കിൽ പോലും നമുക്ക് ഇപ്പോൾ എഴുതാൻ സാധിക്കും. ഇതാണ് ബോധത്തിന്റെ ആദ്യതലത്തിൽ നിലകൊള്ളുമ്പോൾ നമുക്ക് ലഭിക്കുന്ന തികച്ചും ഭൗതികമായ നേട്ടങ്ങൾ.

യഥാർത്ഥത്തിൽ ഈ കാര്യങ്ങൾ ദൈവത്തിന്റെ വരദാനമല്ല. ഈ കാര്യങ്ങൾ നമുക്കകത്തെ സ്വർഗ്ഗത്തിൽ മറഞ്ഞു കിടക്കുന്നു, നാമവയെ തൊട്ടുണർത്തിയതു കൊണ്ടു മാത്രം അവ സജീവമായിരിക്കുന്നു. അതിനു ശേഷം നമുക്ക് അവ ഉപയോഗിക്കാൻ സാധിക്കും. ശരി, ഇതാണ് ആദ്യ തലത്തെക്കുറിച്ചുള്ള ചില വിവരങ്ങൾ.

ഇനി, നമ്മൾ ഉയർന്ന തലങ്ങളിലേക്കു പോകും തോറും നമ്മൾ പല കാര്യങ്ങളും കാണുകയും സ്വായത്തമാക്കുകയും ചെയ്യും. സമയപരിമിതി കാരണം തീർച്ചയായും അവയെല്ലാം എനിക്കു നിങ്ങളോടു പറയുക സാദ്ധ്യമല്ല. അതിനേക്കാളുപരിയായി കേക്കുകളെയും മധുരപലഹാരങ്ങളെയും കുറിച്ചുള്ള മധുരതരമായ വിവരങ്ങളെല്ലാം അറിഞ്ഞതിനു ശേഷം അവ ഒരിക്കലും കഴിക്കാതിരിക്കുന്നത് ആവശ്യമുള്ള കാര്യമല്ല. അതു കൊണ്ട് ഒരു രീതിയിൽ ഞാൻ ‘വിശപ്പ്’ ചെറുതായൊന്ന് ഉണർത്തുക മാത്രം ചെയ്യുന്നു. നിങ്ങൾക്കത് കഴിക്കണമെന്നാഗ്രഹമുണ്ടെങ്കിൽ അത് മറ്റൊരു കാര്യമാണ്. പിന്നീട് മുതൽ നമുക്ക് ശരിയായ ഭക്ഷണം

വാഗ്ദാനം ചെയ്യാൻ സാധിക്കും. അതെ! നിങ്ങൾക്കവ ഭക്ഷിക്കണമെന്നുണ്ടെങ്കിൽ മാത്രം.

ഇപ്പോൾ കാര്യങ്ങൾ ലഘൂകരിക്കുന്നതിനു വേണ്ടി മാത്രം നമ്മൾ ഈ തലത്തെക്കാൾ കുറച്ചു മാത്രം ഉയർന്ന മറ്റൊരു തലത്തിലേക്ക് നമ്മൾ രണ്ടാമത് തലമെന്നു വിശേഷിപ്പിക്കുന്ന തലത്തിലേക്ക് പോകുന്നു. രണ്ടാമത് തലം, ഇതിൽ മിക്കവാറും ആദ്യ തലത്തേക്കാൾ കൂടുതൽ കഴിവുകളും അതിശയങ്ങളുമുണ്ടായിരിക്കും. പക്ഷെ രണ്ടാമത്തെ തലത്തിൽ നമുക്ക് നേടാൻ കഴിയുന്ന ഏറ്റവും പ്രസക്തമായ കാര്യം വാഗ്വൈഭവം, സംവാദത്തിലേർപ്പെടാനുള്ള കഴിവ് ഇവയാണ്. രണ്ടാമത് തലത്തിലെത്തിച്ചേർന്ന ഒരു വ്യക്തിയുടെ കിടയറ്റ വാഗ്വൈഭവം കാരണം ആർക്കും അയാളെ പരാജയപ്പെടുത്താൻ സാധിക്കുകയില്ല. മാത്രമല്ല, അയാളുടെ ബുദ്ധിശക്തി അതിന്റെ പാരമ്യത്തിലായിരിക്കുകയും ചെയ്യും.

ഈ വ്യക്തിയുടെ IQ വളരെ ഉയർന്ന നിലവാരത്തിലേക്ക് തുറക്കപ്പെട്ടിരിക്കുന്നതിനാൽ സാധാരണ മനസ്സോ, വളരെ ലളിതമായ IQ ഓ ഉള്ള മിക്കവാറും ആളുകൾക്ക് ഈ വ്യക്തിയുമായി കിടപിടിക്കാൻ സാധിക്കുകയില്ല. ശാരീരികമായ തലച്ചോറല്ല കൂടുതലായി വളർന്നിരിക്കുന്നത്, മറിച്ച് അത് അത്ഭുത ശക്തിയാണ്, അത് സ്വർഗ്ഗീയമായ ശക്തിയാണ്. നമ്മുടെ ഉള്ളിൽ മറഞ്ഞു കിടക്കുന്ന വിവേകമാണ്. ഇപ്പോൾ അത് വികാസം പ്രാപിക്കാനാരംഭിക്കുന്നു. ഭാരതത്തിൽ ആളുകൾ ഈ തലത്തെ ബുദ്ധിയുടെ തലം എന്നർത്ഥം വരുന്ന 'ബുദ്ധി' എന്നു വിളിക്കുന്നു. കൂടാതെ ബുദ്ധി സ്വയത്തമാക്കിക്കഴിയുമ്പോൾ നിങ്ങൾ ബുദ്ധനാകുന്നു. അതിൽ നിന്നാണ് ബുദ്ധൻ എന്ന വാക്കുത്ഭവിച്ചത്; ബുദ്ധിയും ബുദ്ധനും. ഇപ്പോൾ ബുദ്ധൻ യഥാർത്ഥത്തിൽ അതു തന്നെയാണ്. കഴിഞ്ഞിട്ടില്ല. ഞാൻ നിങ്ങൾക്ക് ബുദ്ധനെ മാത്രമല്ല പരിചയപ്പെടുത്തുന്നത്, അതിലുപരിയായ കാര്യങ്ങളുണ്ട്.

അതു കൊണ്ട് ബോധോദയം ലഭിച്ച വ്യക്തികളെ ബുദ്ധൻ എന്നു വിളിക്കുന്നു. അയാൾക്കു രണ്ടാമതു തലത്തിനും ഉപരിയായിട്ടുള്ള കാര്യങ്ങളെ കുറിച്ചറിയില്ലെങ്കിൽ തന്റെനേട്ടത്തെക്കുറിച്ച് അത്യധികമായ അഭിമാനം തോന്നിയേക്കാം. താനൊരു ജീവിക്കുന്ന ബുദ്ധനെന്നു സ്വയം കരുതുന്നതും തന്റെ അനുയായികൾ ബുദ്ധനെന്നു വിളിക്കുന്നതും അയാളെ അഭിമാനഭരിതനാക്കിയേക്കാം. പക്ഷെ യഥാർത്ഥത്തിൽ അയാൾക്ക് രണ്ടാതു തലത്തിൽ മാത്രമാണ് എത്തിച്ചേരാൻ മാത്രമാണ് കഴിയുന്നതെങ്കിൽ, തനിക്കിഷ്ടമുള്ള വ്യക്തിയുടെ ഭൂതം ഭാവി വർത്തമാന കാലങ്ങൾ കാണാൻ കഴിയുമെങ്കിലും, അനിതരസാധാരണമായ വാഗ്വൈഭവമുണ്ടെങ്കിലും അത് ദൈവരാജ്യത്തിന്റെ അവസാനമല്ല.

ഭൂതം, ഭാവി, വർത്തമാനകാലങ്ങൾ വായിക്കാനുള്ള കഴിവിൽ ഒരു വ്യക്തി അഭിമാനിക്കേണ്ട കാര്യമൊന്നുമില്ല, കാരണം ഇത് നിങ്ങൾക്കറിയാവുന്നതു പോലെ പാശ്ചാത്യ പദാവലിയിൽ വിവക്ഷിക്കുന്ന ആകാഷിക് രേഖയാണ് (Akashic record). യോഗയോ അല്ലെങ്കിൽ ഏതെങ്കിലും തരത്തിലുള്ള ധ്യാനമോ പരിശീലിക്കുന്ന നിങ്ങളിൽ പലർക്കും ആകാഷിക് രേഖ എന്താണെന്നു മനസ്സിലാകും. ഇത് ഐക്യരാഷ്ട്രസഭയിൽ നിങ്ങളുടെ തൊട്ടടുത്ത മുറിയിലുള്ളതു പോലെയുള്ള, വിവിധ ഭാഷകളിലുള്ള പുസ്തകങ്ങൾ നിറഞ്ഞ ഒരു ഗ്രന്ഥാലയം പോലെയുള്ള ഒരു പുസ്തകപ്പുരയാണ്. നിങ്ങളുടെ അടുത്ത മുറിയിലുള്ള ഗ്രന്ഥാലയത്തിൽ നിങ്ങൾക്ക് അറബിക്, റഷ്യൻ, ചൈനീസ്, ഇംഗ്ലീഷ്, ഫ്രഞ്ച്, ജർമ്മൻ തുടങ്ങി എല്ലാ തരത്തിലുമുള്ള നിരവധി ഭാഷകളിലുള്ള ഗ്രന്ഥങ്ങൾ കാണാൻ സാധിക്കും. നിങ്ങൾക്ക് ഈ ഭാഷകൾ വായിക്കുന്നതിനുള്ള കഴിവുണ്ടെങ്കിൽ നിങ്ങൾക്ക് ആ രാജ്യത്ത് എന്തൊക്കെയാണ് സംഭവിക്കുന്നതെന്നെറിയാൻ സാധിക്കും. അതു പോലെ തന്നെ രണ്ടാം തലത്തിലെത്തിച്ചേരാൻ സാധിച്ച ഒരാൾക്ക്, നിങ്ങൾ നിങ്ങളുടെ ശരീരഘടന കാണുന്നതു പോലെ, ഒരു വ്യക്തിയുടെ

ഘടന വളരെ വ്യക്തമായി മനസ്സിലാക്കാനും വ്യാഖ്യാനിക്കാനും സാധിക്കും.

അവബോധത്തിന്റെ രണ്ടാമതു തലത്തിനുപരിയായി ഒരാൾക്ക് വളരെയധികം നേടാനുണ്ട്. പക്ഷെ ഒരാൾ രണ്ടാമതു തലത്തിലെത്തുകയെന്നത്, നിങ്ങൾ ബുദ്ധിയുടെ പ്രജ്ഞയുടെ തലം തുറന്നതു കൊണ്ടു തന്നെ ജീവിക്കുന്ന ഒരു ബുദ്ധനായിത്തീരുന്നത് വളരെ വിസ്മയാവഹമായ ഒരു കാര്യമാണ്. കൂടാതെ നമുക്ക് പല കാര്യങ്ങളും അറിയാം, വാക്കു കൊണ്ട് പ്രകടിപ്പിക്കാനാകാത്ത പല കാര്യങ്ങളും. അങ്ങനെ നമുക്ക് ആവശ്യമുണ്ടെങ്കിലും ഇല്ലെങ്കിലും അതിശയമെന്നു പറയപ്പെടുന്ന പല കാര്യങ്ങളും നമുക്ക് സംഭവിക്കും, കാരണം നമ്മുടെ ബുദ്ധി അഥവാ പ്രജ്ഞ തുറന്നു, കൂടാതെ നമുക്ക് സൗഖ്യത്തിന്റെ ഉയർന്ന വിഭവകേന്ദ്രവുമായി എങ്ങനെ ബന്ധപ്പെടാമെന്നും ഇപ്പോൾ അറിയാവുന്നതു കൊണ്ട്, നമ്മുടെ ജീവിതം കൂടുതന്റ സുഗമവും മെച്ചപ്പെട്ടതും ആയിത്തീരും. നമ്മുടെ ബുദ്ധി അല്ലെങ്കിന്റ പ്രജ്ഞ തുറന്നതു കൊണ്ട് അതിനു ആവശ്യമെങ്കിന്റ ഭൂതകാലത്തു നിന്നും വർത്തമാനകാലത്തു നിന്നും ആവശ്യമായ എല്ലാ വിവരങ്ങളും കണ്ടെത്തി ഭൂതകാലത്ത് നാം ചെയ്ത തെറ്റുകൾക്കനുസൃതമായി വിന്യസിക്കാനും, ആവശ്യമെങ്കിൽ പുനർവിന്യസിക്കാനും, വിടവുകൾ നികത്താനും സാധിക്കും. അങ്ങനെ തെറ്റുകൾ തിരുത്താനും നമ്മുടെ ജീവിതം കൂടുതൽ മെച്ചപ്പെടുത്താനും കഴിയും.

ഉദാഹരണമായി അറിയാതെ ചെയ്ത എന്തോ ഒരു കാര്യം കൊണ്ടു നമ്മളുടെ അയൽക്കാരനെ വേദനിപ്പിച്ചെന്നിരിക്കട്ടെ, നാമത് വളരെ വൈകി ഇപ്പോഴാണ് മനസ്സിലാക്കുന്നത്. വളരെ എളുപ്പം! തെറ്റിദ്ധാരണ മൂലം അല്ലെങ്കിൽ നമ്മൾ തെറ്റു ചെയ്തതു കാരണം, നമ്മുടെ അയൽക്കാരൻ നിശബ്ദമായി നമുക്കെതിരായെന്നും, നമ്മുടെ പിന്നിൽ നിന്നും നമുക്ക് ദോഷകരമായ എന്തോ ചെയ്യുകയാണെന്നും കരുതുക. അതെന്തു കൊണ്ടാണ് സംഭവിച്ചതെന്ന് ഇപ്പോൾ നമുക്കറിയാം. അതു കൊണ്ടു തന്നെ അത് എളുപ്പമായിത്തീരുന്നു. നമുക്ക്

അയൽക്കാരനെ നേരിട്ടു ചെന്നു കാണുകയോ, ഫോണിൽ സംസാരിക്കുകയോ, അവർക്കായി വിരുന്നൊരുക്കുകയോ ചെയ്ത് തെറ്റിദ്ധാരണ നീക്കം ചെയ്യാം.

അതു പോലെ തന്നെ നമ്മൾ ബുദ്ധിപരമായ ഒരു തലത്തിലേക്ക് ഉയർന്നാൽ, സ്വയം തന്നെ, ഞാനുദ്ദേശിച്ചത് നിശബ്ദമായി, ഇതെല്ലാം മനസ്സിലാക്കാനും അതു പോലെ ഇതെല്ലാം ക്രമീകരിക്കാനും, അല്ലെങ്കിൽ ഇതെല്ലാം ക്രമീകരിക്കാൻ സഹായത്തിനായി ശക്തിയുടെ ഏതെങ്കിലും വിഭവകേന്ദ്രവുമായി ബന്ധപ്പെടാനും, നമ്മുടെ ജീവിത ശൈലി മെച്ചപ്പെടുത്താനും അങ്ങനെ നമ്മുടെ ജീവിതം തന്നെ മെച്ചപ്പെടുത്താനും സാധിക്കും. അതു കൊണ്ട് നമ്മുടെ ജീവിതത്തിലെ പല അപകടങ്ങളും ലഘൂകരിക്കുകയും, ആഗ്രഹിക്കാത്ത പല സാഹചര്യങ്ങളും, അനുകൂലമല്ലാത്ത പല സ്ഥിതികളും ഒഴിവാക്കാനും സാധിക്കും. അതെ! അതെ! അങ്ങനെ നമ്മൾ രണ്ടാമത്തെ തലത്തിലെത്തുമ്പോൾ അത് ചേതോഹരമായ ഒരു അനുഭവമാണ്.

ഞാൻ നിങ്ങളോട് വിശദീകരിച്ചത് ഇത് വളരെ ശാസ്ത്രീയവും യുക്തിസഹവും ആണെന്നാണ്. ഒരു യോഗിയോ ധ്യാനം പരിശീലിക്കുന്ന ഒരു വ്യക്തിയോ ഒരു പ്രത്യേക തരത്തിലുള്ള മാന്ത്രിക വ്യക്തിത്വങ്ങളല്ല അല്ലെങ്കിന്റ ഒരു ET – എക്സ്ട്രാ ടെറസ്ട്രിയൽ ജീവികളല്ല(ഗോളാന്തരജീവികളല്ല). അവരും നമ്മളെയാരെയും പോലെയുള്ളവരാണ്, കൂടുതൽ വികാസം സിദ്ധിച്ചവരെന്നു മാത്രം; അതെങ്ങനെ സ്വായത്തമാക്കാമെന്ന് അവർക്ക് അറിയാവുന്നതു കൊണ്ട്.

അമേരിക്കയിൽ നമ്മൾ പറയുന്നത് എല്ലാം ഒരു പ്രായോഗിക പരിജ്ഞാനത്തെ ആശ്രയിച്ചിരിക്കുന്നുവെന്നാണ്, അതു കൊണ്ട് നമുക്ക് എല്ലാം പഠിക്കാൻ സാധിക്കും. ശരിയല്ലേ? നമുക്ക് എല്ലാം പഠിക്കാൻ സാധിക്കും. ഇത് ഒരു രീതിയിൽ പറഞ്ഞാൽ അതീതലോകത്തെക്കുറിച്ചുള്ള ശാസ്ത്രമാണ്, നമുക്ക് അതും പഠിക്കാൻ സാധിക്കും. ഇത് വളരെ അപരിചിതമായി തോന്നാമെങ്കിലും കൂടുതലുയരുന്തോറും കാര്യങ്ങൾ കൂടുതൽ

കൂടുതൽ ലളിതമായിത്തീരും. പക്ഷെ ഇത് നമ്മൾ ഹൈസ്കൂളിലും കോളേജിലും കണ്ടുവരുന്ന കുഴപ്പം പിടിച്ച ഗണിതശാസ്ത്ര പ്രശ്നങ്ങളെയും ചോദ്യങ്ങളെയും അപേക്ഷിച്ച് ലളിതമാണ്.

രണ്ടാമതു തലത്തിനകത്തു തന്നെ നിരവധി വ്യത്യസ്ത തലങ്ങളുണ്ട്. എനിക്കു ദൈവരാജ്യത്തെ രഹസ്യങ്ങളെല്ലാം തന്നെ വെളിപ്പെടുത്താനാകാത്തതു കൊണ്ട് ഞാനത് വളരെ ഹ്രസ്വമായി പറഞ്ഞുവെന്നേയുള്ളൂ. എന്നിരുന്നാലും മുൻപ് യാത്ര ചെയ്ത ഒരു ഗുരുവിനോടൊത്ത് സഞ്ചരിക്കുമ്പോൾ നിങ്ങൾ ഇതെല്ലാം അറിയാനിടയാകും. അതു കൊണ്ടു തന്നെ ഇതൊരു രഹസ്യവുമല്ല. പക്ഷെ അതു വളരെ ദീർഘമാണ്, നാം നിരവധി തലങ്ങളുള്ള ഓരോ തലത്തിലും തങ്ങി അതിന്റെ ഉപതലങ്ങളിലുള്ള ഓരോന്നും പരിശോധിച്ചാൽ അത് ഒരുപാട് സമയമെടുക്കും. അതു കൊണ്ടു തന്നെ ഒരു ഗുരു ചിലപ്പോൾ നിങ്ങളെ വളരെ ഹ്രസ്വമായി ഒരു തലത്തിൽ നിന്നും മറ്റൊരു തലത്തിലെത്തിക്കും. വളരെ വേഗതയിൽ! കാരണം നിങ്ങൾക്ക് ഒരു ഗുരുസ്ഥാനവുമായി ബന്ധപ്പെട്ട് ഒന്നും ചെയ്യാനില്ലെങ്കിൽ നിങ്ങൾ അത്രയധികമൊന്നും പഠിക്കേണ്ട കാര്യമില്ല. അത് നിങ്ങൾക്ക് തലവേദനകളെ നൽകൂ. അതു കൊണ്ട് നിങ്ങളെ അവിടെ കൊണ്ടു ചെല്ലുക, തിരികെ കൊണ്ടു വരിക, ഇതു തന്നെ ആവശ്യത്തിലധികം സമയമെടുക്കും. ചിലപ്പോൾ അത് ഒരു ജീവിതകാലം മുഴുവൻ എടുത്തേക്കാം. പക്ഷെ ആത്മബോധം അതു നമുക്ക് വേഗത്തിൽ ലഭിക്കുന്നതാണ്.

പക്ഷെ അത് ഒരു തുടക്കം മാത്രമാണ്. ഒരു കോഴ്സിനു ചേരുന്നതു പോലെ. നിങ്ങൾ കോളേജിൽ ചേരുന്ന ആദ്യദിവസം തന്നെ നിങ്ങൾ ഒരു കോളേജ് വിദ്യാർത്ഥിയാകുന്നു. പക്ഷെ അതിനു ഒരു ഡോക്ടറേറ്റുമായി ബന്ധമൊന്നുമില്ല. ആറു വർഷത്തിനോ, നാലു വർഷത്തിനോ, പന്ത്രണ്ട് വർഷത്തിനോ ശേഷം നിങ്ങൾ ഒരു ബിരുദം നേടുന്നു. എന്നിരുന്നാലും കോളേജിൽ ചേരുമ്പോൾ തന്നെ നിങ്ങൾ ഒരു കോളേജ് വിദ്യാർത്ഥിയായി മാറുന്നു. പഠനം ആരംഭിക്കുമ്പോൾ തന്നെ നിങ്ങൾ യഥാർത്ഥമായും ഒരു കോളേജ്

വിദ്യാർത്ഥിയാകാൻ ആഗ്രഹിക്കുന്നു. അങ്ങനെ രണ്ടു വശങ്ങളും അനുപൂരകങ്ങളായേ തീരൂ.

അതു പോലെ തന്നെ, വെറുതെ തമാശയ്ക്ക് ചിന്തിച്ചു നോക്കൂ, ഉദാഹരണമായി നമുക്ക് ന്യൂയോർക്കിൽ ഇനി വേറെങ്ങും പോകാനില്ലാത്തതു കൊണ്ട്, നമുക്കിതിനകം തന്നെ മാൻഹട്ടണെക്കുറിച്ചും, ലോംഗ് ബീച്ചിനെക്കുറിച്ചും, ''ഷോർട്ട് ബീച്ചിനെക്കുറിച്ചും'' എല്ലാ ബീച്ചുകളെക്കുറിച്ചും അറിയാവുന്നതു കൊണ്ട്, (ചിരി) നമുക്ക് ഈ ലോകത്തിനും അതീതലോകത്തിലേക്കു പോകണം. ഇനി നിങ്ങൾക്ക് ഗോളാന്തര ലോകത്തേക്ക്, അവിടെയെന്താണു സംഭവിക്കുന്നതെന്നറിയാനായി പോകണമെന്നു കരുതുക. ശരി, സമ്മതിച്ചോ? എന്തു കൊണ്ടില്ല? കടലിൽ വെറുതെ ഒന്നു കുളിക്കുന്നതിനു വേണ്ടി മാത്രം മിയാമിയിലേക്കും, ഫ്ലോറിഡയിലേക്കും പോകുന്നതിനായി നമ്മൾ ധാരാളം പണം ചെലവാക്കുന്നു. അങ്ങനെയെങ്കിൽ നമുക്ക് എന്തു കൊണ്ട്, ഈ ലോകത്തിനു പുറത്തുള്ള വ്യത്യസ്ത ലോകങ്ങളിലേക്ക് യാത്ര ചെയ്ത്, നമ്മുടെ അയൽപക്കത്തുള്ള ലോകം എങ്ങനെയിരിക്കുമെന്നും, അവരെങ്ങനെയാണ് കഴിയുന്നതെന്നും കണ്ടെത്തിക്കൂട? അതിൽ അസാധാരണമായ എന്തെങ്കിലുമുണ്ടെന്നു ഞാൻ കരുതുന്നില്ല. ഇത് കുറച്ചു കൂടെ അധികം, കുറെ കൂടെ യാത്ര ചെയ്യുക മാത്രമാണ്, ഒരു പക്ഷെ ശാരീരികമായി യാത്ര ചെയ്യുന്നതിനു പകരം മാനസികമായും ആത്മീയമായും യാത്ര ചെയ്യുന്നുവെന്നു മാത്രം. രണ്ടു തരത്തിലുള്ള യാത്രകളുണ്ട്. അതു കൊണ്ടു തന്നെ അത് വളരെയധികം യുക്തിസഹവും മനസ്സിലാക്കാൻ എളുപ്പമുള്ളതുമാണ്.

ഇപ്പോൾ നമ്മൾ രണ്ടാമതു തലത്തിലാണ്. ഇതല്ലാതെ ഇനിയെന്താണ് ഞാൻ നിങ്ങളോടു പറയേണ്ടത്? അങ്ങനെയാണ് നമ്മൾ ഈ ലോകത്തിൽ തുടരുന്നത്, പക്ഷെ അതേ സമയം തന്നെ നമുക്ക് മറ്റു ലോകങ്ങളെക്കുറിച്ചും അറിയാം. കാരണം നമ്മൾ യാത്ര ചെയ്യുന്നു.

നിങ്ങൾ ഒരു അമേരിക്കൻ പൗരനോ, അല്ലെങ്കിൽ നിങ്ങൾ ഈ ലോകത്തിലെ മറ്റേതെങ്കിലും പൗരനോ ആയിരിക്കുമ്പോൾ നിങ്ങൾക്ക് ഒരു രാജ്യത്തിൽ നിന്നും മറ്റൊരു രാജ്യത്തിലേക്ക് നിങ്ങളുടെ അയൽരാജ്യം എങ്ങനെയാണെന്നറിയാനായി യാത്ര ചെയ്യാറുണ്ട്. ഞാനൂഹിക്കുന്നത്, ഐക്യരാഷ്ട്രസഭയിലുള്ള നിങ്ങളിൽ പലരും അമേരിക്കക്കാരല്ലെന്നാണ്. ശരിയല്ലേ? അതെ. അപ്പോൾ നിങ്ങൾക്ക് ഇതേ കാര്യം അറിയാം. നമുക്ക് കാര്യങ്ങൾ മനസ്സിലാക്കാനായി അടുത്ത ഗ്രഹത്തിലേക്കോ, അടുത്ത ജീവിതത്തിന്റെ അടുത്ത തലത്തിലേക്കോ പോകാം. കാരണം ഈ ദൂരം നടന്നെത്താവുന്നതിനും, റോക്കറ്റിൽ പോകാവുന്നതിനും, എന്തിന് ഒരു പറക്കും തളികയിൽ പോകാവുന്നതിനും ഒക്കെ അപ്പുറമാണ്.

ചില ലോകങ്ങൾ പറക്കും തളികയ്ക്കു പോകാവുന്നതിനും അപ്പുറമാണ്. പറക്കും തളിക! അജ്ഞാത വസ്തു! പറക്കുന്ന ഒരു വസ്തു. അതെ! നമുക്കകത്തു തന്നെ ഏതു പറക്കും തളികയേക്കാളും വേഗത്തിൽ സഞ്ചരിക്കുന്ന ഒരു വസ്തുവുണ്ട്. അത് നമ്മുടെ ആത്മാവാണ്. അതിനെ നമ്മൾ പലപ്പോഴും പ്രാണൻ എന്നും വിളിക്കാറുണ്ട്. ഇതുപയോഗിച്ച് നമുക്ക് ഇന്ധനമോ, പോലീസുകാരോ, ഗതാഗതക്കുരുക്കുകളോ ഇല്ലാതെ പറക്കാൻ സാധിക്കും. മാത്രമല്ല, ഒരിക്കൽ അറബികൾ നമുക്ക് എണ്ണ വിൽക്കില്ലെന്ന ഭയവും വേണ്ട, (ചിരി) കാരണം ഇത് സ്വയം പര്യാപ്തമാണ്.

ഒരിക്കലും കേടാകില്ല, അല്ലെങ്കിൽ നമ്മൾ മനപൂർവ്വം പ്രാപഞ്ചിക ഇന്ദ്രിയങ്ങളെ ലംഘിച്ച് . ഭൂമിയും സ്വർഗ്ഗവുമായുള്ള ഉടമ്പടി ലംഘിക്കുന്ന പ്രവർത്തികൾ നടത്തണം. ഇത് ഒഴിവാക്കാൻ വളരെ എളുപ്പമാണ്. നിങ്ങൾക്ക് അതറിയാൻ താൽപ്പര്യമുണ്ടെങ്കിൽ അതെങ്ങനെയാണെന്നു ഞങ്ങൾ നിങ്ങളോടു പറയാം.

ഉദാഹരണത്തിനു, ഞാൻ ചുരുക്കിപ്പറയാം, അല്ലേ? ഞാനൊരു പ്രബോധകനല്ല. വിഷമിക്കണ്ട. ഞാൻ നിങ്ങളെ പള്ളിയിൽ കൊണ്ടു പോകുകയല്ല. വെറും ഉദാഹരണം മാത്രം.

നമ്മൾ ഒരു കാർ ഓടിക്കുമ്പോൾ ട്രാഫിക് നിയമങ്ങൾ അറിഞ്ഞിരിക്കണം എന്നതു പോലെ നമ്മൾ അറിഞ്ഞിരിക്കേണ്ടതായ ചില പ്രാപഞ്ചിക നിയമങ്ങളുണ്ട്. ചുവന്ന വെളിച്ചം കാണുമ്പോൾ നമ്മൾ നിർത്തുന്നു, പച്ച വെളിച്ചം കാണുമ്പോൾ മുന്നോട്ട് പോകുന്നു, ഇടതു ഭാഗത്തു കൂടെ ഡ്രൈവ് ചെയ്യുക, വലതു ഭാഗത്തു കൂടെ ഡ്രൈവു ചെയ്യുക ഇതു പോലെ. ഹൈവേയിൽ എത്ര വേഗതയാകാം. അങ്ങനെ? അതു പോലെ തന്നെ, പ്രപഞ്ചത്തിൽ ഈ ഭൗതികപ്രപഞ്ചത്തിൽ ചില ലളിതമായ നിയമങ്ങളുണ്ട്. അതീതലോകത്തിൽ, ഈ ഭൗതികപ്രപഞ്ചത്തിനു പുറത്ത് നിയമങ്ങളില്ല, നിയമങ്ങളേയില്ല. നമ്മൾ സ്വതന്ത്രരാണ്, സ്വതന്ത്രരായ പൗരന്മാരാണ്. പക്ഷെ സ്വാതന്ത്ര്യം ലഭിക്കുന്നതിനു നാമതെല്ലാം മറികടക്കണം. പക്ഷെ നാം ഇപ്പോഴും ഈ ലോകത്തിന്റ ഭൗതിക ശരീരത്തിന്റ ജീവിക്കുന്നിടത്തോളം കാലം പ്രശ്നങ്ങൾ ഒഴിവാക്കുന്നതിനായി കഴിയുന്നിടത്തോളം നിയമങ്ങൾക്ക് വിധേയമായിരിക്കണം. അങ്ങനെയാണെങ്കിൽ നമ്മുടെ വാഹനങ്ങൾക്ക് കേടു പാടു സംഭവിക്കാതെ നമുക്ക് പ്രശ്നങ്ങളില്ലാതെ തന്നെ കൂടുതൽ വേഗതയിൽ, കൂടുതൽ ഉയരത്തിൽ പറക്കാൻ സാധിക്കും.

ഈ നിയമങ്ങൾ നിങ്ങളുടെ മതഗ്രന്ഥത്തിൽ എഴുതപ്പെട്ടിട്ടുണ്ട്. നിങ്ങളുടെ ക്രിസ്ത്യൻ ബൈബിളിലും, ബുദ്ധമത ഗ്രന്ഥങ്ങളിലും, ഹിന്ദു മതഗ്രന്ഥങ്ങളിലും ഇവ എഴുതപ്പെട്ടിട്ടുണ്ട്. അയൽക്കാരെ ദ്രോഹിക്കരുത്, കൊലപാതകം നടത്തരുത്, വിവാഹേതര ബന്ധങ്ങൾ പുലർത്തരുത്, മോഷ്ടിക്കരുത് , ഇന്നു ലഭ്യമായ മയക്കുമരുന്നുകൾ അടക്കമുള്ള ലഹരിപദാർത്ഥങ്ങൾ കഴിക്കരുത് ഇങ്ങനെയുള്ള വളരെ ലളിതമായ നിയമങ്ങൾ. ഒരു പക്ഷെ ബുദ്ധന് നമ്മൾ 20ാം നൂറ്റാണ്ടിൽ കൊക്കെയ്നും അതു പോലെയുള്ള ലഹരിപദാർത്ഥങ്ങളും കണ്ടു പിടിക്കുമെന്ന് ജ്ഞാനദൃഷ്ടി ഉണ്ടായിരുന്നിരിക്കാം, അതു കൊണ്ട് അദ്ദേഹം ലഹരി പദാർത്ഥങ്ങൾ പാടില്ല എന്നു പറഞ്ഞു. ലഹരി പദാർത്ഥങ്ങളിൽ എല്ലാ തരത്തിലുമുള്ള ചൂതാട്ടങ്ങളും നമ്മുടെ മനസ്സിനെ ഭൗതികസുഖങ്ങളിൽ അഭിരമിപ്പിക്കുന്ന, ആത്മീയ യാത്രയെ മറന്നു പോകാൻ പ്രേരിപ്പിക്കുന്ന എന്തും ഉൾപ്പെടുന്നു.

നമുക്ക് വളരെ ഉയരത്തിൽ, അപകടമില്ലാതെ പറക്കണമെങ്കിൽ ഇവയാണ് ഭൗതികശാസ്ത്ര നിയമങ്ങൾ പോലെയുള്ള ഭൗതികനിയമങ്ങൾ. ഒരു റോക്കറ്റ് പറക്കണമെങ്കിൽ, ശാസ്ത്രജ്ഞൻ തീർച്ചയായും ചില നിയമങ്ങൾ നിരീക്ഷിച്ചിരിക്കണം. അത്ര മാത്രം. ശരിയല്ലേ? അപ്പോൾ റോക്കറ്റ് പറക്കുന്നതിനേക്കാൾ, പറക്കും തളിക പറക്കുന്നതിനേക്കാൾ വളരെ ഉയരെ, വളരെ വേഗം പറക്കാനാഗ്രഹിക്കുന്നുണ്ടെങ്കിൽ നാമെത്ര മാത്രം ശ്രദ്ധിക്കണം? പക്ഷെ കൂടുതൽ വിശദീകരിക്കേണ്ടതായ ചില വിശദാംശങ്ങളുണ്ട്. നിങ്ങൾക്കു താന്റപ്പര്യമുണ്ടെങ്കിൽ അത് നിങ്ങളുടെ പ്രാരംഭം കുറിക്കുന്ന സമയത്ത് വിശദീകരിക്കുന്നതാണ്. ഇപ്പോൾ ഞങ്ങൾക്ക് നിങ്ങളെ, ഒരു പക്ഷെ ''ഇത് എനിക്കറിയാം. എനിക്കറിയാം, ഇത് ഞ5ാൻ ബൈബിളിന്റ വായിച്ചിട്ടുണ്ട്. പത്ത് ഇന്ദ്രിയബോധങ്ങൾ. ശരിയല്ലേ? പത്തു കൽപ്പനകൾ'' എന്നു നിങ്ങൾ പറയാനിടയാക്കുന്ന പ്രമാണങ്ങൾ പറഞ്ഞു ബോറടിപ്പിക്കണ്ട കാര്യമില്ല.

ശരിക്കും നമ്മളിൽ പലരും ഈ കൽപ്പനകൾ വായിച്ചിട്ടുണ്ടെങ്കിലും, പക്ഷെ അതിനെക്കുറിച്ച് വളരെ ഗഹനമായി ചിന്തിച്ചിട്ടില്ല, അല്ലെങ്കിൽ ശരിയായി മനസ്സിലാക്കിയിട്ടില്ല. ഒരു പക്ഷെ നമ്മൾ നമുക്ക് ഇഷ്ടമുള്ള രീതിയിലായിരിക്കും മനസ്സിലാക്കിയത്, അല്ലാതെ ശരിക്കും ഉദ്ദേശിച്ച രീതിയിലായിരിക്കുകയില്ല. അതു കൊണ്ട്, ചിലപ്പോൾ ഓർമ്മപ്പെടുത്തുന്നത് അല്ലെങ്കിൽ ഒരിക്കൽ കൂടി അൽപ്പം അധികം ആഴത്തിൽ മനസ്സിലാക്കുന്നത് ഒരു ദോഷവും ചെയ്യില്ല. ഉദാഹരണത്തിനു ബൈബിളിലെ പഴയനിയമത്തിലെ ആദ്യ പേജിൽ ദൈവം പറയുന്നുണ്ട്. നിങ്ങൾ സന്താനപുഷ്ടിയുള്ളവരായി ഭൂമിയിൽ നിറഞ്ഞു, അതിനെ അടക്കി, സമുദ്രത്തിലെ മത്സ്യത്തിലും, ആകാശത്തിലെ പറവജാതിയിലും സകരഭൂചര ജന്തുക്കളിന്മേലും വാഴുവിൻ എന്നു അവരോടു കൽപ്പിച്ചു. അതിനു ശേഷം ദൈവം വീണ്ടും എല്ലാ മൃഗങ്ങൾക്കും വ്യത്യസ്തമായ ഭക്ഷണം സൃഷ്ടിച്ചുവെന്നു അരുൾ ചെയ്യുന്നു. ഭൂമിയിലെങ്ങും വിത്തുള്ള

സസ്യങ്ങളും വൃക്ഷത്തിന്റെ വിത്തുള്ള ഫലം കായ്ക്കുന്ന സകല വൃക്ഷങ്ങളും ഇതാ ഞാൻ നിങ്ങൾക്ക് തന്നിരിക്കുന്നു. അവ നിങ്ങൾക്ക് ആഹാരമായിരിക്കട്ടെ. പക്ഷെ മിക്കവാറും ആളുകൾ ഇതു ശ്രദ്ധിക്കുന്നില്ല. ദൈവം ശരിക്കും എന്താണ് ഉദ്ദേശിച്ചതെന്നു മനസ്സിലാക്കാതെ ബൈബിൾ വിശ്വാസികൾ ഇപ്പോഴും മാംസം ഭക്ഷിക്കുന്നു.

നമ്മൾ കൂടുതൽ അഗാധമായ ശാസ്ത്രീയ ഗവേഷണം നടത്തിയാൽ നമ്മൾ മാംസാഹാരം കഴിക്കുന്നവരല്ലെന്നു മനസ്സിലാകും. നമ്മുടെ ശരീര ഘടന, നമ്മുടെ കുടലുകൾ, നമ്മുടെ ഉദരം, നമ്മുടെ പല്ലുകൾ ഇവയെല്ലാം സസ്യാഹാരത്തിനായി മാത്രമുള്ളതാണെന്നു ശാസ്ത്രീയമായി തെളിയിക്കപ്പെട്ടിട്ടുണ്ട്. സമർത്ഥന്മാരും ബുദ്ധിമാന്മാരുമായി ജനിക്കുന്നവരിൽ മിക്കവാറും ആളുകളെല്ലാം തന്നെ വളരെ വേഗം രോഗികളാകുന്നു, പെട്ടന്നു വയസ്സാകുന്നു, ക്ഷീണം ബാധിക്കുന്നു, പൊണ്ണത്തടി വരുന്നു. ഓരോ ദിവസവും അവർക്ക് അൽപ്പം കൂടെ മ്ലാനത കൈവരുന്നു, പ്രായം ചെല്ലുന്തോറും അവരുടെ ഈ തോന്നൽ മോശമായി വരുന്നു. ഇതിനു കാരണം, നമ്മൾ നമ്മുടെ 'വാഹനങ്ങൾ', നമ്മുടെ 'പറക്കുന്ന വസ്തുക്കൾ', നമ്മുടെ 'പറക്കുംതളികകൾ' ഇവ കേടാക്കുന്നതു കൊണ്ടാണ്. നമ്മുടെ വാഹനം കുറച്ചു കൂടികാലം, ദീർഘകാലം സുരക്ഷിതമായി ഉപയോഗിക്കാനാഗ്രഹിക്കുന്നുണ്ടെങ്കിൽ നമ്മൾ അതിനെ ശരിയായി പരിപാലിക്കണം.

ഇനി, ഉദാഹരണമായി നമുക്ക് ഒരു കാർ ഉണ്ടെന്നു ചിന്തിക്കൂ. നമ്മളെല്ലാവരും തന്നെ കാർ ഡ്രൈവ് ചെയ്യുന്നവരാണ്. നിങ്ങൾ അതിന്റ തെറ്റായ ഇന്ധനം നിറച്ചാൽ അതെങ്ങനെ സംഭവിക്കും? എന്തു സംഭവിക്കും? കുറച്ചു ദൂരം മാത്രം ഓടിയതിനു ശേഷം അതു നിൽക്കും. നിങ്ങൾ കാറിനെ കുറ്റം പറയില്ല. അതു നമ്മുടെ തെറ്റു മാത്രമാണ്. നമ്മൾ അതിനു ചേരാത്ത ഇന്ധനം തെറ്റായി നിറച്ചു. അല്ലെങ്കിൽ നമ്മുടെ ഇന്ധനത്തിന്റ കുറച്ചു വെള്ളം ഉണ്ടായിരുന്നു, ശരി, അതു മിക്കവാറും കുറച്ചു ദൂരം ഓടും, പിന്നെ കുഴപ്പമുണ്ടാകും. അല്ലെങ്കിൽ നമ്മുടെ ഓയിൽ വളരെയധികം

അഴുക്ക് നിറഞ്ഞതാകും, നമ്മൾ അത് വൃത്തിയാക്കിയില്ലെങ്കിൽ കുറച്ചു കാലം കൂടി ഓടിയതിനു ശേഷം പ്രശ്നങ്ങളുണ്ടാകും. ചിലപ്പോൾ നമ്മുടെ കാർ ശരിയായ രീതിയിൽ പരിപാലിക്കാത്തതു കൊണ്ട് മാത്രം പൊട്ടിത്തെറിയുണ്ടാകും.

അതു പോലെ നമ്മുടെ ശരീരവും ഇവിടെ നിന്നും അനശ്വരതയിലേക്ക്, ശാസ്ത്രീയമായ വിവേകത്തിന്റെ ഏറ്റവും ഉന്നത തലത്തിലേക്ക് പറക്കുന്നതിനുപയോഗിക്കുന്ന ഒരു വാഹനം പോലെയാണ്. പക്ഷെ ചില സമയങ്ങളിൽ നമ്മൾ അതിനു കേടു വരുത്തുകയോ ശരിയായി ഉപയോഗിക്കാതിരിക്കുകയോ ചെയ്യുന്നു. ഉദാഹരണമായി നമ്മളെ ഓഫീസിലെത്തിക്കുന്നതിനും, സുഹൃത്തുക്കളെ സന്ദർശിക്കുന്നതിനും, മനോഹരമായ പ്രകൃതി ദൃശ്യങ്ങൾ കാണുന്നതിനുമായി നമ്മുടെ കാറിനു നിരവധി മൈലുകൾ സഞ്ചരിക്കേണ്ടതുണ്ട്. പക്ഷെ നമ്മൾ ശരിയായി പരിപാലിക്കുന്നില്ല, തെറ്റായ ഇന്ധനം നിറയ്ക്കുന്നു, വാട്ടർടാങ്ക് ശ്രദ്ധിക്കുന്നില്ല. അങ്ങനെ സംഭവിക്കുമ്പോൾ അതിനു വളരെ വേഗത്തിലൊന്നും സഞ്ചരിക്കാൻ സാധിക്കില്ല. അതിനു വളരെ ദൂരമൊന്നും സഞ്ചരിക്കാൻ സാധിക്കില്ല. അപ്പോൾ നമ്മൾ വീട്ടുമുറ്റത്തും, വീടിനു പിറകിലും മാത്രം സഞ്ചരിക്കുന്നു. അതും തെറ്റില്ല. പക്ഷെ അങ്ങനെ ചെയ്യുമ്പോൾ കാർ വാങ്ങുമ്പോൾ നമുക്കുണ്ടായിരുന്ന ലക്ഷ്യം പാഴായി പോകുന്നു. അത് നമ്മുടെ സമയവും ഊർജ്ജവും പാഴാക്കുക മാത്രം ചെയ്യുന്നു. അത്ര തന്നെ. ആരെയും കുറ്റം പറയാനില്ല. ഒരു പോലീസും അതിന്റെ പേരിൽ നിങ്ങളെ പ്രതിയാക്കി കേസെടുക്കില്ല. ഇത്രമാത്രം, നിങ്ങൾക്ക് ദൂരങ്ങൾ താണ്ടാനും പുതിയ കാഴ്ചകൾ കാണാനും വ്യത്യസ്തമായ അന്തരീഷം ആസ്വദിക്കാനും സാധിക്കുമായിരുന്നിട്ടും, നിങ്ങൾ നിങ്ങളുടെ കാറും, പണവും പാഴാക്കുന്നു.

ഇതു പോലെ തന്നെയാണ് നമ്മുടെ ഭൗതികശരീരങ്ങളും. നമുക്ക് നമ്മുടെ ഭൗതികശരീരം ഉപയോഗിച്ച് ഈ ലോകത്തിൽ ജീവിക്കാൻ സാധിക്കും. പക്ഷെ നമുക്ക് അതും താണ്ടി പറന്നു പോകുന്നതിനുള്ള മറ്റു ഉപാധികളുമുണ്ട്. ഒരു ബഹിരാകാശ സഞ്ചാരിയെപോലെ അയാൾ റോക്കറ്റിൽ ഇരിക്കുന്നതു പോലെ. റോക്കറ്റ് ഒരു ഉപാധിയാണ്.

സുരക്ഷിതമായും വേഗതയിലും പറക്കുന്നതിനായി താൻ ഭൗതികശാസ്ത്ര നിയമങ്ങളൊന്നും തന്നെ ലംഘിക്കുന്നില്ലെന്ന് ഉറപ്പു വരുത്താൻ അയാൾ പ്രത്യേകം ശ്രദ്ധിക്കണം. പക്ഷെ അകത്തുള്ള ബഹിരാകാശ സഞ്ചാരി പ്രാധാന്യമുള്ളതാണ്. റോക്കറ്റ് അയാളെ ലക്ഷ്യസ്ഥാനത്ത് എത്തിക്കുന്നു. പക്ഷെ റോക്കറ്റല്ല പ്രാധാന്യമർഹിക്കുന്നത്, ബഹിരാകാശ സഞ്ചാരിയും, ലക്ഷ്യവുമാണ്. അയാൾ അത് ഒരു ദ്വീപിനു ചുറ്റും പറക്കുന്നതിനു മാത്രം ഉപയോഗിക്കുമ്പോൾ അത് സമയം പാഴാക്കലാകുന്നു. രാജ്യത്തിന്റെ സമ്പത്തിന്റെ ദുരുപയോഗം.

ഗുരു നമ്മുടെ ശരീരത്തിനകത്തു അധിവസിക്കുന്നതു കൊണ്ടു തന്നെ നമ്മുടെ ശരീരം വളരെ അമൂല്യമാണ്. അതു കൊണ്ടാണ് ബൈബിളിൽ ഇങ്ങനെ പറയുന്നത് ''നിങ്ങൾക്കറിയില്ലെങ്കിലും നിങ്ങൾ ദൈവത്തിന്റെ ക്ഷേത്രമാണ്, സർവ്വശക്തനായ ദൈവം നിങ്ങളുടെ ഉള്ളിൽ കുടികൊള്ളുന്നു'' പരിശുദ്ധാതാത്മാവ്, അതേ കാര്യം. നമ്മൾ പരിശുദ്ധാത്മാവിനു അല്ലെങ്കിൽ സർവ്വശക്തനായ ദൈവത്തിനു ആലയം ഒരുക്കുന്നുണ്ടെങ്കിൽ അതെത്ര അസഹനീയമായിരിക്കും എന്ന് നിങ്ങൾക്ക് ഊഹിക്കാൻ സാധിക്കുമോ, എത്ര അസഹനീയമായ വിധം പ്രസക്തമാണെന്ന്! പക്ഷെ പല ആളുകളും ഇത് വേഗത്തിൽ വായിച്ചു പോകുകയും അതിന്റെ അർത്ഥം മനസ്സിലാക്കാതിരിക്കുകയും ചെയ്യുന്നു, അല്ലെങ്കിൽ ഈ വാചകത്തിന്റെ മഹത്വം തിരിച്ചറിയാതെയിരിക്കുന്നു, മാത്രമല്ല അതു കണ്ടെത്താൻ ശ്രമിക്കാതിരിക്കുകയും ചെയ്യുന്നു. അതു കൊണ്ടാണ് എന്റെ അനുയായികൾ, എന്റെ ഉത്ബോധനങ്ങൾ പിൻതുടരാനിഷ്ടപ്പെടുന്നത്, കാരണം അവർക്ക് എല്ലാ ദിവസങ്ങളിലെയും തങ്ങളുടെ ജീവിതസമരത്തിനിടയ്ക്കും, പണമുണ്ടാക്കുന്നതിനിടയിലും, മുന്നേറാൻ ശ്രമിക്കുന്നതിനിടയിലും, ഈ ശാരീരിക പ്രശ്നങ്ങൾക്കെല്ലാമിടയിലും തങ്ങളുടെ അകത്ത് ആരാണ് കുടിയിരിക്കുന്നതെന്നു കാണാൻ സാധിക്കും, ഈ ലോകത്തിനു അതീതമായി എന്താണുള്ളതെന്നറിയാൻ സാധിക്കും.

നമുക്ക് ആന്തരികമായി കൂടുതൽ സൗന്ദര്യമുണ്ട്, കൂടുതൽ സ്വാതന്ത്ര്യമുണ്ട്, കൂടുതൽ ജ്ഞാനമുണ്ട്. നമുക്ക് ഇതുമായി ബന്ധപ്പെടുന്നതിനുള്ള ശരിയായ മാർഗ്ഗം അറിയണം. ഇതെല്ലാം നമ്മളുടെ സ്വന്തമാണ്, കാരണം നമുക്കകത്ത് ഇവയെല്ലാമുണ്ട്. ഇതിനു കാരണം താക്കോൽ എവിടെയാണെന്നു നമുക്കറിയില്ല, പോരാത്തതിനു നാം ഈ ''വീട്'' കുറെ കാലമായി പൂട്ടിയിട്ടിരിക്കുന്നു, ഈ നിധി നമ്മുടെ കൈവശമുണ്ടെന്നു നമ്മൾ മറന്നു പോയിരിക്കുന്നു. അത്ര മാത്രം.

ഗുരുവെന്നു വിവക്ഷിക്കപ്പെടുന്ന വ്യക്തിക്ക് ഈ വാതിൽ തുറക്കുന്നതിന്റ നമ്മെ സഹായിക്കാനും, യഥാർത്ഥത്തിൽ നമുക്കെന്തെല്ലാമുണ്ടെന്നു നമ്മെ കാണിക്കാനും സാധിക്കും. പക്ഷെ നമ്മൾ അതിനകത്തേക്ക് കടന്നു ചെന്ന്, നമുക്ക് സ്വന്താമായുള്ളതെല്ലാം പരിശോധിക്കുന്നതിനു സമയം ചിലവഴിക്കണം.

അതു കൊണ്ട്, എങ്ങനെയാണെങ്കിലും നമ്മൾ രണ്ടാം ലോകത്തിലാണ്. കൂടുതൽ മുന്നോട്ടു പോകാൻ നിങ്ങൾക്കു താൽപ്പര്യമുണ്ടോ? (സദസ്സ്: ഉണ്ട് ! ഉണ്ട്!) നിങ്ങൾക്ക് പ്രയത്നിക്കാതെ തന്നെ എല്ലാമറിയണമെന്നുണ്ടോ? (ഗുരു ചിരിക്കുന്നു) ശരി. നിങ്ങൾ സന്ദർശിക്കാത്ത മറ്റൊരു രാജ്യം അയാൾ സന്ദർശിച്ചപ്പോൾ എങ്ങനെയിരിന്നുവെന്ന് ആരെങ്കിലും നിങ്ങളോടു പറയണം. അല്ലേ? കുറഞ്ഞത് നിങ്ങൾക്ക് താൽപ്പര്യമെങ്കിലും ഉണ്ട്, ചിലപ്പോൾ നിങ്ങൾക്കും അവിടെ പോകണമെന്ന ആഗ്രഹം കണ്ടേക്കാം. ശരി. ഇനി രണ്ടാം ലോകത്തിനുമപ്പുറം. ഞാൻ രണ്ടാം ലോകത്തെക്കുറിച്ച് എല്ലാം പറഞ്ഞു കഴിഞ്ഞില്ല. പക്ഷെ നിങ്ങൾക്ക് ദിവസം മുഴുവൻ ഇവിടെ ഇരിക്കാൻ സാധിക്കുകയില്ല. രണ്ടാമത്തേതിനു ശേഷം നിങ്ങൾക്ക് കൂടുതൽ ശക്തി കണ്ടേക്കാം. നിങ്ങൾക്ക് ദൃഢനിശ്ചയമുണ്ടെങ്കിൽ, അതിനായി പ്രവർത്തിക്കാൻ തയ്യാറാണെങ്കിൽ, നിങ്ങൾക്ക് മൂന്നാമതു തലത്തിൽ പോകാൻ സാധിക്കും. മുന്നാം ലോകമെന്നറിയപ്പെടുന്ന തലം. ഇത് ഒരു ഉയർന്ന ഘട്ടമാണ്.

ഈ മൂന്നാം ലോകത്തിലേക്ക് യാത്ര ചെയ്യുന്ന എല്ലാവരും കുറഞ്ഞ പക്ഷം ഈ ലോകത്തിലെ എല്ലാ ബാദ്ധ്യതകളിൽ നിന്നും പൂർണ്ണമായി വിമുക്തരായിരിക്കണം. ഈ ഭൗതിക ലോകത്തിന്റെ അധിപന് നമ്മൾ എന്തെങ്കിലും കടപ്പെട്ടിട്ടുണ്ടെങ്കിൽ നമുക്ക് മുകളിലേക്ക് പോകാൻ സാധിക്കുകയില്ല. നിങ്ങൾ ഒരു രാജ്യത്ത് കുറ്റവാളിയാണെങ്കിൽ, നിങ്ങളുടെ രേഖകൾ ശരിയല്ലെങ്കിൽ നിങ്ങൾക്ക് അതിർത്തി താണ്ടി മറ്റൊരു രാജ്യത്തേക്ക് പോകാൻ സാധിക്കാത്തതു പോലെ. ഈ ലോകത്തിലെ ബാദ്ധ്യതകളിൽ നമ്മൾ നമ്മുടെ ഭൗതികജീവിതത്തിന്റ ഭൂതകാലത്തു ചെയ്ത പലതും, വർത്തമാനകാലത്ത് ചെയ്തുകൊണ്ടിരിക്കുന്നതും ഭാവിയിൽ ചെയ്യേക്കാവുന്നതുമായ കാര്യങ്ങൾ ഉൾപ്പെടുന്നു. നമുക്ക് കസ്റ്റംസ് ക്ലിയറൻസ് ലഭിക്കുന്നതു പോലെ അതീതലോകത്തിലേക്കു പോകുന്നതിനായി ഇതെല്ലാം ക്ലിയർ ചെയ്യേണ്ടതുണ്ട്. പക്ഷെ നമ്മൾ രണ്ടാം ലോകത്തിലായിരിക്കുമ്പോൾ, നമ്മൾ ഭൂതകാലത്തിൽ അവശേഷിപ്പിച്ച അല്ലെങ്കിൽ വർത്തമാനകാലത്തിലെ ഏതെങ്കിലും കർമ്മം നിറവേറ്റുന്നതിനായി പ്രയത്നിക്കാൻ ആരംഭിക്കുന്നു, കാരണം ഭൂതകാലത്തെ കർമ്മം ഇല്ലാതെ നമുക്ക് വർത്തമാനകാലത്തിൽ നിലനിൽപ്പില്ല.

ഗുരുക്കന്മാരിൽ രണ്ടു വിഭാഗമുണ്ട്. ഒരു വിഭാഗത്തിൽ പെട്ട ഗുരുവിന് കർമ്മമില്ല, പക്ഷെ താഴെയെത്തുന്നതിനായി കർമ്മം കടമായി സ്വീകരിക്കുന്നു. അവശേഷിക്കുന്നത് നമ്മെ പോലുള്ളവരാണ്. സാധാരണ ജന്മങ്ങൾ, പക്ഷെ ശുദ്ധിമാക്കപ്പെട്ട കർമ്മമുള്ളവർ. അതു കൊണ്ട് ആർക്കും ഒരു ഗുരു ആകാൻ സാധിക്കും, ഭാവികാല ഗുരു. ചില സമയങ്ങളിൽ ഉയർന്ന ലോകങ്ങളിൽ നിന്നും കർമ്മം കടമായി സ്വീകരിച്ച് ഗുരു താഴെയെത്തുന്നു. കർമ്മം കടമായി സ്വീകരിക്കുന്നത്, ഇത് നിങ്ങൾക്കെങ്ങനെ അനുഭവപ്പെടുന്നു? (ഗുരു ചിരിക്കുന്നു) അത് സാദ്ധ്യമാണ്, സാദ്ധ്യമാണ്.

ഉദാഹരണമായി, നിങ്ങൾ താഴേക്ക് , ഇവിടേക്ക് വരുന്നതിനു മുൻപ് നിങ്ങൾ ഇവിടെ തന്നെയായിരുന്നു. പല യുഗങ്ങളും നിരവധി ശതവർഷങ്ങളും നിങ്ങൾ മറ്റുള്ളവരുമായി നൽകിയും

സ്വീകരിച്ചും കഴിഞ്ഞവരാണ്. അതിനു ശേഷം നിങ്ങൾ സ്വർഗ്ഗത്തിലേക്കു തിരികെ പോകുന്നു, അല്ലെങ്കിൽ വ്യത്യസ്ത തലങ്ങളിലെ, ചുരുങ്ങിയത് അഞ്ചാമത് തലത്തിലെ വിദൂരമായ നിങ്ങളുടെ മൺകുടിലിലേക്ക് തിരികെ പോകുന്നു. ഗുരുവിന്റെ ഭവനം അവിടെയാണ്, അഞ്ചാമത് തലം. പക്ഷെ അതിനു ശേഷവും ധാരാളം തലങ്ങളുണ്ട്.

ഇപ്പോൾ നമുക്ക് വീണ്ടും സമസൃഷ്ടി സ്നേഹം കൊണ്ടോ, പിതാവിനാൽ നൽകപ്പെട്ട ചുമതലകൾ കാരണമോ തിരികെ വരണം, ഉദാഹരണമായി അങ്ങനെ നമ്മൾ താഴെ വന്നെത്തി. ഭൂതകാലത്തിലെ സാധർമ്യം കാരണം നമ്മൾ അവരുടെ കണക്കിൽ നിന്നും, നിങ്ങൾക്കറിയാമോ, കർമ്മം കടം വാങ്ങി വന്നെത്തുന്നു. കടം മാത്രം, മറ്റൊന്നുമല്ല, ആളുകളെക്കുറിച്ച് മനോഹരമായ മറ്റൊന്നുമല്ല. നമുക്ക് കുറച്ച് കടം സ്വായത്തമാക്കാനും ഈ ലോകത്തിലെ നമ്മുടെ ജോലി തീരുന്നതു വരെ നമ്മുടെ ആത്മീയ ശക്തി ഉപയോഗിച്ച് അവ തിരിച്ചടയ്ക്കുകയും ചെയ്യും. അത് കൊണ്ടു തന്നെ ഇത് വേറെ ഒരു വിഭാഗത്തിൽ പെടുന്ന ഗുരുവാണ്. അതു പോലെ തന്നെ ഈ ലോകത്തിൽ നിന്നുമുള്ള ഗുരുക്കന്മാരുമുണ്ട്, പരിശീലനത്തിനു ശേഷം ഉടനെ പഠനം പൂർത്തിയാകുന്നതിനനുസരിച്ച് ഇവിടെ തന്നെ ഗുരുവാകുന്നവർ. അതെ. യൂണിവേഴ്സിറ്റിയിൽ പ്രൊഫസർമാരും, പഠനം പൂർത്തിയാക്കി ആവശ്യമായ ബിരുദങ്ങൾ നേടിയ ശേഷം പിന്നീട് പ്രൊഫസർമാരാകുന്ന വിദ്യാർത്ഥികളുമുള്ളതു പോലെ തന്നെ. വളരെക്കാലം, ദീർഘകാലം പ്രൊഫസർമാരായിതുടരുന്നവരുണ്ട്, പുതിയതായി ജോലിയിൽ ചേർന്ന പ്രൊഫസർമാരുമുണ്ട്. അതു പോലെ വിവിധതരം ഗുരുക്കന്മാരുമുണ്ട്.

അതു കൊണ്ട് ഇപ്പോൾ, നമുക്ക് മൂന്നാമത്തെ ലോകത്തിൽ ചെല്ലണമെന്നുണ്ടെങ്കിൽ നമ്മൾ കർമ്മത്തിന്റെ അവശേഷിക്കുന്ന അടയാളങ്ങൾ കൂടെ വൃത്തിയാക്കണം. നിങ്ങൾ വിതയ്ക്കുന്നത് നിങ്ങൾ കൊയ്യും എന്ന നിയമമാണ് കർമ്മം. നമ്മൾ ഓറഞ്ച് കുരു നട്ടതിനു ശേഷം ഓറഞ്ച് ലഭിക്കുന്നതു പോലെ. ആപ്പിൾ

കുരുവിൽ നിന്നും ആപ്പിൾ ലഭിക്കുന്നതു പോലെ. ഇതിനെയാണ് കർമ്മം എന്നു പറയുന്നത്. കാരണത്തിനും പ്രതിഫലത്തിനുമുള്ള സംസ്കൃതപദമാണ് കർമ്മം. ബൈബിൾ കർമ്മത്തെക്കുറിച്ച് പ്രതിപാദിക്കുന്നില്ലെങ്കിലും അതിൽ പറയുന്നു, '' നിങ്ങൾ വിതയ്ക്കുന്നത് നിങ്ങൾ കൊയ്യും''. ഇത് അതേ കാര്യം തന്നെയാണ്.

ഗുരുവിന്റെ പ്രബോധനങ്ങളുടെ ഹ്രസ്വരൂപമാണ് ബൈബിൾ, എന്തിനധികം അദ്ദേഹത്തിന്റെ ജീവിതവും ഹ്രസ്വമായിരുന്നു. അതു കൊണ്ടു തന്നെ നമുക്ക് ബൈബിളിൽ അധികം വിശദീകരണം ലഭിക്കുന്നില്ല. കൂടാതെ ബൈബിളിന്റെ പലഭാഗങ്ങളും ഇത്തരം പ്രസ്ഥാനങ്ങളുടെ നേതാക്കന്മാരെന്നു വിവക്ഷിക്കപ്പെടുന്നവർക്കായി, അവർ ആത്മീയ മനോഭാവമുള്ളവരാകണമെന്നില്ല, സെൻസർ ചെയ്യപ്പെട്ടിട്ടുണ്ട്. നിങ്ങൾക്കറിയാവുന്നതു പോലെ എല്ലാ രീതിയിലും ആളുകൾ സാധനങ്ങൾ വാങ്ങുകയും വിൽക്കുകയും ചെയ്യുന്നു

ജീവിതത്തിന്റെ എല്ലാ തുറകളിലും ബ്രോക്കർമാർ നിറഞ്ഞിരിക്കുന്നു. പക്ഷെ നമുക്കറിയാവുന്നതു പോലെ യഥാർത്ഥ ബൈബിൾ കുറച്ചു വ്യത്യസ്തമാണ്, കുറച്ചു കൂടി ദൈർഘ്യമുള്ളതാണ്, കൂടുതൽ കാര്യമാത്ര പ്രസക്തവും, ഗ്രഹിക്കാൻ എളുപ്പമുള്ളതുമാണ്. എന്നിരുന്നാലും, അത് അത്രയധികമൊന്നും തെളിയിക്കാൻ സാധിക്കാത്തതു കൊണ്ട് നമുക്കിപ്പോൾ അതിനെക്കുറിച്ച് സംസാരിക്കാൻ സാധിക്കുന്നതല്ല, കാരണം നമ്മൾ ഈശ്വരനിന്ദ ചെയ്യുകയാണെന്നു ആളുകൾ പറയും. അതുകൊണ്ട് നമുക്ക് തെളിയിക്കാൻ സാധിക്കുന്ന കാര്യങ്ങൾ മാത്രം സംസാരിക്കാം.

അപ്പോൾ നിങ്ങൾ എന്നോടു ചോദിക്കും.''നിങ്ങൾ രണ്ടാം ലോകത്തെക്കുറിച്ചും, മൂന്നാം ലോകത്തെക്കുറിച്ചും നാലാം ലോകത്തെക്കുറിച്ചും ചോദിക്കുന്നു. നിങ്ങൾ അതെങ്ങനെയാണ് തെളിയിക്കുക?'' കൊള്ളാം, എനിക്കു സാധിക്കും. നിങ്ങൾ എന്നോട് കൂടെ ഓരേ പാതയിൽ ഒരുമിച്ച്

സഞ്ചരിക്കുകയാണെങ്കിൽ നിങ്ങൾ സമാനമായ കാര്യങ്ങൾ കാണും. പക്ഷെ നിങ്ങൾ എന്നോടൊപ്പം നടന്നില്ലെങ്കിൽ എനിക്കതു തെളിയിക്കാൻ സാധിക്കുകയില്ല. അതു തീർച്ചയാണ്. അത് തീർച്ചയാണ്. അതു കൊണ്ടു തന്നെ ഞാൻ തെളിവുകളുള്ളതു കൊണ്ട് മാത്രം ഈ കാര്യങ്ങളെക്കുറിച്ച് സംസാരിക്കാൻ ധൈര്യപ്പെടുന്നു. ഞങ്ങൾക്ക് ലോകമെങ്ങുമുള്ള പതിനായിരക്കണക്കിനു അനുയായികൾ അതിനുള്ള തെളിവാണ്. അതു കൊണ്ട് നമുക്ക് അറിയാവുന്ന കാര്യങ്ങൾ മാത്രം പറയാം. പക്ഷെ ഇതിനു നിങ്ങൾ എന്നോടൊപ്പം സഞ്ചരിക്കണം. നിങ്ങൾ സഞ്ചരിക്കണം. അല്ലാതെ നിങ്ങൾക്ക് ഇങ്ങനെ പറയാൻ സാധിക്കുകയില്ല, ''നിങ്ങൾ എനിക്കു വേണ്ടി സഞ്ചരിച്ച്, എന്നോടെല്ലാം പറഞ്ഞു തരികയും എനിക്ക് എല്ലാം കാണിച്ചു തരുകയും ചെയ്യുക.'' അത് എനിക്കു സാധിക്കുകയില്ല.

ഉദാഹരണമായി, ഞാനിപ്പോൾ ഐക്യരാഷ്ട്രസഭയുടെ ഈ മുറിക്കകത്തല്ലെങ്കിൽ, നിങ്ങൾ ഈ മുറിയെക്കുറിച്ച് നിങ്ങളെന്നോട് എത്ര തന്നെ ഉപന്യസിച്ചാലും ഞാനത് യഥാർത്ഥത്തിൽ അനുഭവിച്ചറിഞ്ഞിട്ടില്ല. ശരിയല്ലേ? നമുക്ക് അനുഭവപരിചയമുള്ള ഒരു വഴികാട്ടി അതാരാണോ, അവരോടു സംസാരിക്കണം. എനിക്ക് ഈ മുറിയിൽ വ്യത്യസ്ത രാജ്യങ്ങളിൽ നിന്നുള്ള അനുയായികളുണ്ട്, അവർക്ക് ഞാൻ നിങ്ങളോടു ഇപ്പോൾ പറഞ്ഞ അനുഭവങ്ങളുണ്ടായിട്ടുണ്ട്, ഭാഗികമായും പൂർണ്ണമായും.

അതു കൊണ്ടു തന്നെ മൂന്നാം ലോകം, ഇത് യാതൊരു രീതിയിലും എല്ലാം ആകുന്നില്ല. ഞാൻ നിങ്ങളോടു പറഞ്ഞത് കാര്യങ്ങളുടെ ഭാഗികമായ ചിത്രമാണ്. ഇതൊരു തരം യാത്രാവിവരണമാണ്, ഒരു ചെറിയ ഭാഗവുമായി മാത്രം ബന്ധപ്പെട്ട കാര്യങ്ങളാണ് ഞാൻ പറഞ്ഞത്, അല്ലാതെ വളരെ വിശദമായ ഒന്നല്ല. നമ്മൾ ഒരു രാജ്യത്തെക്കുറിച്ചുള്ള പുസ്തകം വായിക്കുമ്പോൾ പോലും അത് യഥാർത്ഥ രാജ്യമല്ല. ശരിയല്ലേ? അതു പോലെ തന്നെ, ലോകത്തെ നിരവധി രാജ്യങ്ങളിൽ യാത്ര ചെയ്യുന്നതിനെക്കുറിച്ചുള്ള പുസ്തകങ്ങൾ നമ്മൾ വായിച്ചിട്ടുണ്ട്. പക്ഷെ അപ്പോഴും നമുക്ക് അവിടെയൊക്കെ പോകണമെന്ന്

ആഗ്രഹിക്കുന്നു. നമുക്ക് സ്പെയിനെക്കുറിച്ചും, ടെനിറൈഫിനെക്കുറിച്ചും ഗ്രീസിനെക്കുറിച്ചും അറിയാം, പക്ഷെ പുസ്തകങ്ങളിലൂടെയോ ചലചിത്രങ്ങളിലൂടെയോ മാത്രം. നാം അവിടെ ചെന്ന് അവിടെയായിരികുന്നതിൽ ആഹ്ലാദം അനുഭവിച്ചറിയണം, അവർ നൽകുന്ന സ്വാദിഷ്ടമായി ഭക്ഷണത്തിന്റെ രുചിയറിയണം, സമുദ്രത്തിലെ മനോഹരമായ ഓളങ്ങളും, ചേതോഹരമായ കാലാവസ്ഥയും, സൗഹൃദമനോഭാവമുള്ള ആളുകളെയും നേരിൽ അറിയണം. ഇത്തരം നാനാവിധത്തിലുള്ള അന്തരീഷം പുസ്തകങ്ങൾ വായിക്കുന്നതിലൂടെ നമുക്ക് അനുഭവിക്കാൻ സാധിക്കുകയില്ല.

എങ്ങനെയുമാകട്ടെ, നിങ്ങൾ മൂന്നാം ലോകവും കടന്നു പോയെന്നു കരുതുക. ഇനിയെന്താണ്? തീർച്ചയായും നിങ്ങൾ ഉയർന്ന തലത്തിലേക്കു പോകുന്നു. നാലാമത് തലം. നാലാം ലോകം അത് അസാധാരണത്വത്തിനും പുറത്താണ്. ആ ലോകത്തിന്റെ ഉടമയെ അവഹേളിക്കുമോ എന്ന ഭയത്താൽ നമുക്ക് ഇത്തരം കാര്യങ്ങൾ സാധാരണക്കാരനോട് വിവരിക്കുന്നതിനായി ലളിതമായ ഭാഷ ഉപയോഗിക്കാൻ സാധിക്കുകയില്ല. കാരണം ന്യൂയോർക്കിലെ വൈദ്യുതി നിലച്ച രാത്രിയേക്കാളും ഇരുണ്ട ചില ഭാഗങ്ങൾ ആ ലോകത്തുണ്ടെങ്കിലും ആ ലോകം അതീവസുന്ദരമാണ്. നിങ്ങൾ എപ്പോഴെങ്കിലും മുഴുവൻ നഗരവും ഇരുട്ടിൽ മുങ്ങി നിൽക്കുന്നത് കണ്ടിട്ടുണ്ടോ? അതെ! അതിനേക്കാളും ഇരുണ്ടതാണത്! അത് ഒരു തരം വിലക്കപ്പെട്ട നഗരം പോലെയാണ്. ദൈവത്തിന്റെ അറിവിലെത്തിച്ചേരുന്നതിനു മുൻപായി നമ്മൾ അവിടെ തടയപ്പെടുന്നു. പക്ഷെ നിങ്ങൾക്ക് ഒരു ഗുരുവുണ്ടെങ്കിൽ, അനുഭവസമ്പന്നനായ ഒരു ഗുരുവുണ്ടെങ്കിൽ നിങ്ങൾക്ക് ഈ ലോകം മറികടക്കാൻ സാധിക്കും. അല്ലെങ്കിൽ നമുക്കൊരിക്കലും അത്തരം ഒരു ലോകത്തിലേക്കുള്ള പാത കണ്ടെത്താൻ സാധിക്കുകയില്ല.

നമ്മൾ നിലനിൽപ്പിന്റെ ഓരോ തലങ്ങളിലും എത്തിച്ചേരുമ്പോൾ, നമ്മൾ ആത്മീയ മാറ്റങ്ങൾ മാത്രമല്ല, ശാരീരിക മാറ്റങ്ങൾ, ബുദ്ധിപരമായ മാറ്റങ്ങൾ ഇവ അനുഭവിച്ചറിയുകയും

നമ്മുടെ ജീവിതം മൊത്തമായി മാറ്റങ്ങൾക്കു വിധേയമാകുകയും ചെയ്യും. നമ്മൾ ജീവിതത്തെ വ്യത്യസ്തമായി വീക്ഷിക്കുന്നു, നമ്മൾ വ്യത്യസ്തതയോടെ നടക്കുന്നു, വ്യത്യസ്തതയോടെ ജോലി ചെയ്യുന്നു. എന്തിന്, നമ്മുടെ ജോലികൾ, നമ്മുടെ ദൈനംദിനജോലികൾക്ക് പുതിയ ഒരു അർത്ഥം കൈവരുന്നു, കൂടാതെ നമ്മൾ എന്തു കൊണ്ടാണ്, ഈ രീതിയിൽ ജോലി ചെയ്യുന്നതെന്നും, എന്തിന് ഈ ജോലിയിൽ തുടരണമെന്നും, അല്ലെങ്കിൽ എന്തിന് ഈ ജോലിയിൽ നിന്നും മാറണമെന്നും മനസ്സിലാകും. നമുക്ക് നമ്മളുടെ ജീവിതലക്ഷ്യം മനസ്സിലാകുന്നതു കൊണ്ട്, അതിനു ശേഷം ഒരിക്കലും അസ്വസ്ഥതയോ, ക്ഷോഭമോ ഉളവാകുകയില്ല. അതെ. പക്ഷെ നമ്മൾ ഭൂമിയിലെ നമ്മുടെ ദൗത്യം പൂർത്തിയാകാൻ സമാധാനത്തോടെ കാത്തിരിക്കും, കാരണം അടുത്തതായി നമ്മൾ എങ്ങോട്ടാണ് പോകുന്നതെന്ന് നമുക്കറിയാം.ജീവിച്ചിരിക്കുമ്പോൾ തന്നെ നമുക്ക് അതറിയാം. അതാണ് ''ജീവിച്ചിരിക്കുമ്പോൾ തന്നെ മരിച്ചു കൊണ്ടിരിക്കുക'' എന്നു വിശേഷിപ്പിക്കപ്പെടുന്നത്. അതെ! അതു തന്നെ! നിങ്ങളിൽ ചിലരെങ്കിലും ഇതിനു മുൻപും ഇതു പോലെയെന്തെങ്കിലും കേട്ടിരിക്കുമെന്ന് ഞാൻ ഊഹിക്കുന്നു.

പക്ഷെ നാം ആന്തരിക അനുഭവങ്ങളിൽ നിന്നും ശരിയായ ആനന്ദം കണ്ടെത്തണമെന്നതിൽ നിന്നും വ്യത്യസ്തമായി ഏതെങ്കിലും ഗുരുക്കന്മാർക്ക് സംസാരിക്കാൻ സാധിക്കുമെന്ന് എനിക്കറിയില്ല. (ഗുരു ചിരിക്കുന്നു)

എങ്ങനെ ഒരാൾക്ക്, ഒരു മെഴ്സിഡെസ് ബെൻസ് വ്യത്യസ്തമായി വിവരിക്കാൻ സാധിക്കും. അത് ഒരേ കാര്യം തന്നെയായിരിക്കണം. അതു കൊണ്ട് ഒരു ബെൻസിനു ഉടമയായ ആരും, ബെൻസ് അറിയുന്ന ആരും ഒരേ കാര്യം തന്നെ വിവരിക്കും. പക്ഷെ അത് ബെൻസ് ആകുന്നില്ല. ''ഞാൻ നിങ്ങളോട് വളരെ സാധാരണമായ ഒരു ഭാഷയിൽ സംസാരിക്കുന്നുണ്ടെങ്കിലും, ഇവ വളരെ സാധാരണമായ കാര്യങ്ങളല്ല, ഇവ നാം പ്രയത്നിച്ച്, ആത്മാർത്ഥത പുലർത്തി, ഒരു വഴികാട്ടിയുടെ സഹായത്തോടെ സ്വയം അനുഭവിച്ചറിയേണ്ട കാര്യങ്ങളാണ്. ആ രീതിയാണ് കൂടുതൽ സുരക്ഷിതം. ദശലക്ഷത്തിലൊരിക്കൽ നമുക്ക് അത് സ്വയം

സാദ്ധ്യമാക്കാൻ സാധിക്കും, പക്ഷെ അതിൽ അപകടം പതിയിരിക്കുന്നു, വളരെയൊന്നും സുരക്ഷിതമായ ഫലങ്ങൾ ലഭിക്കുകയുമില്ല, വളരെ സുരക്ഷിതമല്ല തന്നെ.

ഭൂതകാലത്തിലെ ചില ആളുകളുടെ, ഉദാഹരണമായി സ്വീഡൻബെർഗിന്റെ കാര്യമെടുക്കുക. അദ്ദേഹം ഒരു രീതിയിൽ അത് സ്വയം നേടിയെടുക്കുകയാണ് ചെയ്തത്. അല്ലെങ്കിൽ ഒരു പക്ഷെ ഗുർജിഫ്, അദ്ദേഹവും സ്വയം നേടിയെടുത്തതാണ് – ഏകാന്തയാത്രയിലൂടെ. പക്ഷെ ചില ആളുകളെക്കുറിച്ച് ഞാൻ വായിച്ചപ്പോൾ, ഈ കൃതികൾ വായിച്ചപ്പോൾ, അവർ അപകടങ്ങളില്ലാതെയല്ല നേടിയത്, മാത്രമല്ല ഒരുപാട് പ്രശ്നങ്ങൾ നേരിടുകയും ചെയ്തു. അതു പോലെ തന്നെ അവരെല്ലാവരും ഏറ്റവും ഉയർന്ന തലത്തിൽ എത്തിച്ചേർന്നുവെന്ന് കരുതാനും സാധിക്കില്ല.

അങ്ങനെ അതിനു ശേഷം നിങ്ങൾ ഒരു ഉയർന്ന തലത്തിലേക്ക് പോകുന്നു. നാലാമതു തലത്തിനു ശേഷം നിങ്ങൾ ഏറ്റവും ഉയർന്ന തലത്തിലേക്ക്, ഗുരുവിന്റെ തലമായ അഞ്ചാമത് തലത്തിലേക്ക് പോകുന്നു. എല്ലാ ഗുരുക്കന്മാരും ഈ തലത്തിലുള്ളവരാണ്. അവരുടെ തലം അഞ്ചാമത് തലത്തെക്കാൾ ഉയർന്നതാണെങ്കിലും അവർ ഈ തലത്തിൽ തന്നെ തുടരുന്നു. ഇത് ഗുരുക്കന്മാരുടെ വാസസ്ഥാനമാണ്. അതിനുമപ്പുറവും മനസ്സിലാക്കാൻ ബുദ്ധിമുട്ടുള്ള ദൈവീകമായ മറ്റനവധി ഘടകങ്ങളുമുണ്ട്. നിങ്ങളെ ചിന്താക്കുഴപ്പത്തിലാക്കുമെന്ന് എനിക്കു സംശയമുള്ളതുകൊണ്ട്, മിക്കവാറും മറ്റൊരവസരത്തിൽ ഞാൻ നിങ്ങളോടു പറയാം, അല്ലെങ്കിൽ ഒരു പ്രാരംഭത്തിനു ശേഷം നിങ്ങൾക്ക് അൽപ്പസ്വൽപ്പം പരിചയം ലഭിച്ചതിനു ശേഷം; ഞാൻ നിങ്ങളോടു നിങ്ങളുടെ ഭാവനയെക്കുറിച്ച് ഭയാനാകമായ കുറച്ച് കാര്യങ്ങൾ പറയാം. ചിലപ്പോൾ ദൈവത്തെക്കുറിച്ചുള്ള പല സങ്കൽപ്പങ്ങളിലും അതെങ്ങനെ തെറ്റായി ചരിക്കുന്നുവെന്നു പറയാം.

# പ്രഭാഷണത്തിനു ശേഷമുള്ള ചോദ്യോത്തര സമയം

ചോ: നിങ്ങൾ ഗുരുവിന് ആളുകളുടെ കർമ്മം കടം വാങ്ങാൻ സാധിക്കുമെന്ന് പരമാമർശിക്കുകയുണ്ടായി. അങ്ങനെയൊരു സാഹചര്യത്തിൽ ഈ ആളുകളുടെ കർമ്മം മായുന്നുണ്ടോ? ഈ ആളുകൾ നേരിടുന്ന അനന്തരഫലങ്ങൾ എന്തെല്ലാമാണ്?

ഗു: ഗുരുവിന് ആരുടെയും കർമ്മം മായ്ചുകളയാൻ സാധിക്കും. ഗുരു അങ്ങനെ ചെയ്യാനാണ് ആഗ്രഹിക്കുന്നതെങ്കിൽ. യഥാർത്ഥത്തിൽ പ്രാരംഭം നൽകുന്ന സമയത്ത് എല്ലാ അനുയായികളുടെയും ഭൂതകാലത്തെ കർമ്മം മായ്ചു കളയേണ്ടതുണ്ട്. ഈ ജീവിതം തുടരുന്നതിനായി നിങ്ങളുടെ് വർത്തമാനകാലത്തെ കർമ്മം മാത്രം ഞാൻ ബാക്കി നിർത്തുന്നു, മറിച്ചാണെങ്കിൽ നമ്മൾ ഉടൻ തന്നെ ജീവൻ വെടിയും. കർമ്മമില്ലെങ്കിൽ ഇവിടെ ജീവിക്കാൻ സാധിക്കുകയില്ല. അതു കൊണ്ട് ഗുരു സഞ്ചിതമായ കർമ്മം മാത്രമേ മായ്ചു കളയൂ. ഗുരു സഞ്ചിതമായ കർമ്മം മാത്രം മായ്ചുകളഞ്ഞ് വ്യക്തിയെ ശുദ്ധമാക്കി, ജീവിതം തുടർന്നു കൊണ്ടു പ്രാകുന്നതിനായി ആ വ്യക്തി ജീവിതത്തിൽ എന്തു ചെയ്യേണ്ടതുണ്ടോ അതു ചെയ്യുന്നതിനായി കുറച്ചു കർമ്മം അയാൾക്കായി ബാക്കി വെക്കുന്നു. ഇതിനു ശേഷം – പൂർത്തിയാകുന്നു. അതു കൊണ്ടാണ് അയാൾക്ക് പോകാൻ സാധിക്കുന്നത്, അല്ലെങ്കിൽ അയാളെങ്ങനെ പോകും? ഈ ജീവിതത്തിൽ അയാൾ പരിശുദ്ധനാണെങ്കിലും, എത്രത്തോളം പരിശുദ്ധൻ? കഴിഞ്ഞ കാലജീവിതമെന്തു ചെയ്യും? നിങ്ങൾക്കു മനസ്സിലായോ?

ചോ: നിങ്ങളുടെ രീതിയുടെ ലക്ഷ്യമെന്താണ്?

ഗു: ലക്ഷ്യം എന്നാൽ എന്താണ്? ഞാൻ നിങ്ങളോടു പറഞ്ഞില്ലേ? ഈ ലോകത്തിനു അതീതമായ ലോകത്തിലേക്ക്, ദൈവരാജ്യത്തിലേക്ക് തിരികെ യാത്രയാകുക, നിങ്ങളുടെ വിവേകം തിരിച്ചറിയുക. ഈ ജീവിതത്തിൽ തന്നെ ഒരു മെച്ചപ്പെട്ട വ്യക്തിയാകുക.

ചോ: എല്ലാ മണ്ഡലത്തിലും കർമ്മമുണ്ടോ?

ഗു: എല്ലാ മണ്ഡലത്തിലും കർമ്മമില്ല, രണ്ടാമതു മണ്ഡലം വരെ മാത്രം. കാരണം, നമ്മുടെ മനസ്സ്, നമ്മുടെ മസ്തിഷം, ആ കമ്പ്യൂട്ടർ ഈ രണ്ടാമത് തലത്തിലാണ് നിർമ്മിക്കപ്പെട്ടിരിക്കുന്നത്. ഉയർന്ന തലങ്ങളിൽ നിന്നും താഴ്ന്ന തലങ്ങളിലേക്ക്, ഈ ഭൗതിക തലത്തിലേക്ക്, അധോഗമനം നടത്തുന്നത് മിക്കവാറും എന്തെങ്കിലും ജോലി ചെയ്യുന്നതിനായിരിക്കും. ശരിയല്ലേ? ഉദാഹരണത്തിന്, ഒരു ഗുരു അഞ്ചാമത് തലത്തിൽ നിന്നും ഭൗതികലോകത്തിലേക്ക് അധോഗമനം നടത്തിയാലും , ഈ ലോകത്തിൽ പ്രവർത്തിക്കുന്നതിന് അദ്ദേഹം രണ്ടാമത് തലത്തിലുടെ സഞ്ചരിച്ച് തന്റെ ''കമ്പ്യൂട്ടർ'' കണ്ടെടുത്ത്, ശരിപ്പെടുത്തിയെടുക്കേണ്ടതുണ്ട്. ഒരു മുങ്ങൽ വിദഗ്ദൻ ആഴക്കടലിലേക്ക് ചാടുന്നതു പോലെ.

അയാൾ ഒരു മുഖം മൂടി, ഓക്സിജൻ, മറ്റ് അനുബന്ധകാര്യങ്ങൾ ഇവയെല്ലാം കരുതണം. അയാളെ കാണാൻ യഥാർത്ഥത്തിൽ വലിയ കുഴപ്പമൊന്നുമില്ലെങ്കിലും ഓക്സിജൻ മാസ്കും, ഡൈവിങ്ങിനുള്ള വസ്ത്രങ്ങളും ധരിച്ചു കഴിയുമ്പോൾ അയാളെ കാണാൻ തവളയെപോലെയിരിക്കും. അതു പോലെയാണ് നമ്മൾ.... ഈ കമ്പ്യൂട്ടറും ഈ ഭൗതിക പ്രതിബന്ധങ്ങളും സഹിതം കാണപ്പെടുന്നത്. അല്ലെങ്കിൽ നമ്മൾ കറയറ്റ സൗന്ദര്യമുള്ളവരായിരിക്കും. നിങ്ങൾ ഇപ്പോഴും സുന്ദരനാണെന്നു നിങ്ങൾ കരുതുന്നുണ്ടെങ്കിലും, ജോലി ചെയ്യുന്നതിനായി ഈ ലോകത്തിലേക്ക് മുങ്ങാംകുഴിയിടുന്നതിനു ധരിക്കേണ്ടി വരുന്ന ഉപകരണങ്ങൾ കാരണം നിങ്ങൾ യഥാർത്ഥത്തിൽ എത്രത്തോളം സുന്ദരനാണെന്നതുമായി താരതമ്യം ചെയ്യുമ്പോൾ നിങ്ങൾ വൃത്തികെട്ടവനാണ്.

അങ്ങനെ നമ്മൾ മുകളിലേക്ക് ചരിക്കുന്നത് തുടരുന്നതിനായി

രണ്ടാമത് തലം താണ്ടുമ്പോൾ നമ്മളുടെ കമ്പ്യൂട്ടർ അവിടെ ഉപേക്ഷിക്കേണ്ടതുണ്ട്. മുകളിലുള്ള തലങ്ങളിൽ നമുക്ക് ഇനിയതിന്റെ ആവശ്യമില്ല. മുങ്ങൽ വിദഗ്ദ്ധൻ തിരികെ കരയിലെത്തുമ്പോൾ അയാളുടെ മാസ്കും, മുങ്ങുന്നതിനുള്ള മറ്റുപകരണങ്ങളും ഉപേക്ഷിച്ച് യഥാർത്ഥരൂപം കൈവരിക്കുന്നതു പോലെ. അല്ലേ? ശരി!

ചോ: രണ്ടാമത് തലത്തിന്റെ അവസാനം, വീണ്ടും മുകളിലേക്ക് പോകുന്നതിനു മുൻപ്, നിങ്ങളുടെ കർമ്മങ്ങളെല്ലാം ഉപേക്ഷിച്ചു പോകണം ഇല്ലെങ്കിൽ നിങ്ങൾ ഘടകങ്ങളായി തിരിയണമെന്നും അല്ലെങ്കിൽ നിങ്ങളുടെ കർമ്മങ്ങളെല്ലാം ശുദ്ധീകരിക്കണമെന്നും നിങ്ങൾ പറയുകയുണ്ടായി. അതിനർത്ഥം നിങ്ങൾ പൂർവ്വജന്മങ്ങളിലെ കർമ്മവും കൊണ്ടാണ് ഈ ജന്മത്തിലേക്കു വരുന്നതെന്നാണോ?

ഗു: അതെ. കാരണം എന്തെങ്കിലും രേഖപ്പെടുത്തിവയ്ക്കുന്നതിനു ''കമ്പ്യൂട്ടർ'' ഇല്ല. ഭൗതിക ലോകത്തിലെ ഓരോ അനുഭവങ്ങളും രേഖപ്പെടുത്തുന്നതിനായുള്ള ഈ കമ്പ്യൂട്ടർ- നമ്മുടെ മനസ്സ് ഉള്ളതുകൊണ്ട് മാത്രമാണ് കർമ്മം ഉണ്ടാകുന്നത്. അതു കൊണ്ടാണ് നമുക്കതുണ്ടാകുന്നത്. നല്ലതോ തിയ്യതോ അത് നാമവിടെ രേഖപ്പെടുത്തി സൂക്ഷിക്കുന്നു. അതിനെയാണ് നാം കർമ്മം എന്നു വിളിക്കുന്നത്. കർമ്മം എന്താണ്? വെറും അനുഭവങ്ങൾ. നല്ലതോ തിയ്യതോ, നമ്മുടെ പ്രതികരണങ്ങൾ, പല ജീവിതസമയങ്ങളിലെ നമ്മുടെ പഠനാനുഭവങ്ങൾ. ബോധം എന്നു വിളിക്കപ്പെടുന്ന ഒന്ന് നമുക്കുള്ളതു കൊണ്ട് നമ്മൾ നന്മ ചെയ്യേണ്ടതുണ്ടെങ്കിലും പലപ്പോഴും തിന്മ ചെയ്യുന്നുണ്ടെന്ന് നമുക്കറിയാം. അതു കൊണ്ട് നാമിതിനെയെല്ലാം കർമ്മം എന്നു വിളിക്കുന്നു. ഗുരുത്വാകർഷണം കാരണം മാലിന്യക്കൂന പോലെ, ലഗ്ഗേജ് പോലെ തിന്മ നമ്മളിൽ കുമിഞ്ഞു കൂടുന്നു. അത് നമ്മളെ കൂടുതൽ താഴേക്കു കൊണ്ടു പോകുകയും, പർവതാരോഹണം ആയാസകരമാക്കുകയും ചെയ്യുന്നു. ഈ ലോകത്തിൽ വ്യത്യസ്ത രാജ്യങ്ങളിൽ ധാരാളം സദാചാരനിയമങ്ങൾ ഉള്ളതു കൊണ്ട്, ഒരുപാട് നിയമങ്ങളുള്ളതു കൊണ്ട്, ഒരു പാട് ആചാരങ്ങളും, ഒരുപാട് ശീലങ്ങളും ഉള്ളതു കൊണ്ട് അവ നമ്മളെ നന്മയെന്നും തിന്മയെന്നും, കുറ്റബോധമെന്നും നിഷ്കളങ്കതയെന്നും വിവക്ഷിക്കപ്പെടുന്ന സങ്കൽപ്പങ്ങളിൽ തളച്ചിടുന്നു. അതു കൊണ്ട് നാം ഈ ലോകത്തിലെ ആളുകളുമായി

ഇടപഴകുമ്പോൾ, ആ രാജ്യത്തെ ആചാരങ്ങൾക്കും, ശീലങ്ങൾക്കും, നിയമങ്ങൾക്കുമനുസരിച്ച് നമുക്ക് നന്മയുടെയും തിന്മയുടെയും, കുറ്റബോധത്തിന്റെയും നിഷ്കളങ്കതയുടെയും അനുഭവങ്ങൾ ഉണ്ടാകുന്നു.

നമ്മൾ ഇതു ചെയ്യുന്നത് കുറ്റകരമാണ്, അതു ചെയ്താൽ നമ്മൾ ചീത്ത ആളുകളാണ് എന്നു ചിന്തിക്കുന്നത് ഒരു ശീലമായി മാറുന്നു. ഇതെല്ലാം ഇവിടെ രേഖപ്പെടുത്തപ്പെടുന്നു. അതാണ് നമ്മെ പരകായപ്രവേശത്തിനു പ്രേരിപ്പിക്കുകയും, നമ്മെ ഈ ഭൗതികലോകത്തിലോ, അൽപ്പം കൂടിമാത്രം ഉയർന്ന മറ്റൊരു ലോകത്തിലോ തളച്ചിടുകയും ചെയ്യുന്നുത്. പക്ഷെ ആവശ്യത്തിനു ഉയരം കൈവരിക്കുന്നില്ല. നമുക്ക് ആവശ്യത്തിനു സ്വാതന്ത്ര്യമില്ല. മുകളിൽ പറന്നു നടക്കാൻ മാത്രം നമ്മുടെ ഭാരം നഷ്ടപ്പെട്ടിട്ടില്ല. കാരണം ഈ പറഞ്ഞ സങ്കൽപ്പങ്ങളാണ്, മുൻവിധിയോടെയുള്ള സങ്കൽപ്പങ്ങൾ.

ചോ: നാം ജനിക്കുമ്പോൾ തന്നെ നാം ഓരോ ജീവിതസമയത്തും ഒരു നിശ്ചിത തലത്തിൽ മാത്രമേ എത്തിച്ചേരുകയുള്ളുവെന്ന് മുൻകൂട്ടി നിശ്ചയിക്കപ്പെടുന്നുണ്ടോ?
ഗു: ഇല്ല, നമുക്ക് വേഗത്തിൽ ഓടുന്നതിനും, സാവധാനം ഓടുന്നതിനുമുള്ള പരിപൂർണ്ണ സ്വാതന്ത്ര്യമുണ്ട്. ഉദാഹരണത്തിനു നിങ്ങളുടെ കാറിന്റെ കാര്യമെടുക്കൂ. നിങ്ങളതിൽ നൂറു ലിറ്റർ പെട്രോളടിക്കുന്നു. നിങ്ങൾക്ക് ആ കാറിൽ വേഗത്തിൽ സഞ്ചരിച്ച് വേഗം ലക്ഷ്യത്തിലെത്താം, അല്ലെങ്കിൽ നിങ്ങൾക്ക് സാവധാനം സഞ്ചരിക്കാം. അത് നിങ്ങൾക്കു തീരുമാനിക്കാം.

ചോ: എനിക്കൊരു കാര്യം മാത്രം ചോദിക്കണമെന്നുണ്ട്. മാലാഖമാർ, അവരേത് തലത്തിലാണ്?
ഗു: അവരേതു തലത്തിലാണ്? ഓ! അത് ഏതു തരത്തിലുള്ള മാലാഖമാരെന്നതിനെ ആശ്രയിച്ചിരിക്കുന്നു.

ചോ: കാവൽ മാലാഖമാർ?
ഗു: കാവൽ മാലാഖമാർ, അവർ രണ്ടാമത് തലം വരെയുണ്ട്. മാലാഖമാർ മനുഷ്യജീവികളെക്കാൾ താഴ്ന്നവരാണ്. താഴ്ന്ന സ്ഥാനമുള്ളവർ. അവർ നമ്മെ സേവിക്കുന്നതിനു വേണ്ടിയാണ്.

ചോ: അവർ (മാലാഖമാർ) ഒരിക്കലും അതിനപ്പുറം പോകാറില്ലേ?

ഗു: ഇല്ല, അവർ മനുഷ്യജീവികളായി മാറുമ്പോഴൊഴിച്ച്. ദൈവം മനുഷ്യനിൽ കുടികൊള്ളുന്നതു കൊണ്ട് അവരെല്ലാം തന്നെ മനുഷ്യരോട് വളരെയധികം അസൂയയുള്ളവരാണ്. നമുക്ക് ദൈവത്തോട് സാദമ്യം പ്രാപിക്കുന്നതിനുള്ള ഉപാധികളെല്ലാമുണ്ട്. പക്ഷെ മാലാഖമാർക്കതില്ല. ഇത് വളരെ സങ്കീർണ്ണമായ ഒന്നാണ്. ഞാനിതിനെക്കുറിച്ച് മറ്റൊരു ദിവസം നിങ്ങളുമായി സംസാരിക്കാം.

അവർ നമുക്ക് ഉപയോഗിക്കാനായി സൃഷ്ടിക്കപ്പെട്ടവരാണ്. അതു പോലെ തന്നെ നിങ്ങൾക്ക് വ്യത്യസ്ത തരം മാലാഖമാരെ കാണാൻ സാധിക്കും. ഉദാഹരണമായി, അവർ ദൈവത്തിന്റെ സൃഷ്ടികളാണെങ്കിൽ അവർ മനുഷ്യനെ സേവിക്കാൻ വേണ്ടി സൃഷ്ടിക്കപ്പെട്ടവരാണ്. അവർ അതിനപ്പുറം പോകേണ്ട ആവശ്യമില്ല, പോകേണ്ട കാര്യവുമില്ല. പക്ഷെ അവർക്ക് പോകാൻ സാധിക്കും. ചില സമയങ്ങളിൽ ചില കാര്യങ്ങൾ പുരോഗമിക്കുന്നതിനുള്ള ശരിയായ ക്രമീകരണമില്ലാതെ സൃഷ്ടിക്കപ്പെടുന്നു.

ഉദാഹരണത്തിനു നിങ്ങളുടെ വീട്ടിൽ നിങ്ങൾ സ്വന്തം സൗകര്യത്തിനായി നിർമ്മിച്ച വസ്തുക്കളുണ്ട്. അവ അത്ര മനോഹരമായിരിക്കണമെന്നില്ല. ഉദാഹരണത്തിനു നിങ്ങൾ ഇവിടെയിരിക്കുന്നു, ഇവിടിരുന്നു കൊണ്ടു നിങ്ങൾക്ക് നിങ്ങളുടെ വീട്ടിലെ വിളക്കുകളെല്ലാം അണയ്ക്കുകയും തെളിക്കുകയും ചെയ്യാം, TV ഓഫ് ചെയ്യുകയും ഓൺ ചെയ്യുകയും ചെയ്യാം. ഇതു നിങ്ങൾക്കായി സ്വയം കണ്ടു പിടിച്ചതായതു കൊണ്ട്, ഇത് നിങ്ങളുടെ ഉപയോഗത്തിനു വേണ്ടി മാത്രമാണ്. ചില കാര്യങ്ങളിൽ അത് നിങ്ങളെക്കാൾ മെച്ചമാണ്, ഉദാഹരണമായി, അതിനു ഇവിടെ തന്നെ തുടർന്നു കൊണ്ട്, എല്ലാം നിയന്ത്രിക്കാൻ സാധിക്കും. നിങ്ങൾക്ക് മാനുഷിക പ്രയത്നം ഉപയോഗിച്ച് അത് സാദ്ധ്യമല്ല. പക്ഷെ അതിനർത്ഥം അതു നിങ്ങളെക്കാൾ മെച്ചമാണെന്നല്ല. അത് നിങ്ങളുടെ സേവനം എന്ന ഒരേ ഒരു ലക്ഷ്യത്തിനു മാത്രമായി നിർമ്മിക്കപ്പെട്ടതാണ്. അത് നിങ്ങളെക്കാൾ മെച്ചമാണ്. പക്ഷെ അത്

നിങ്ങളെക്കാൾ മെച്ചമല്ല. ശരി! അതു തന്നെ, കമ്പ്യൂട്ടറിനു ഒരിക്കലും ഒരു മനുഷ്യജീവിയാകാൻ സാധിക്കില്ല.

ചോ: ഗുരു ചിങ് ഹായ്, എനിക്കൊരു കാര്യം അറിയണം. നമ്മൾ ഇപ്പോൾ ഈ ശരീരത്തിലായതു കൊണ്ട്, നമ്മൾ ഈ ശരീരത്തിൽ നിന്നും മുൻപ് വിമോചിതമായ ഒന്നിൽ നിന്നും പതിച്ചതായിക്കൂടെ? നമ്മൾ എപ്പോഴും ഈ അവസ്ഥയിലായിരുന്നോ? അതോ നമ്മൾ ഇതിനു മുൻപ് ഇതിനേക്കാൾ നല്ല അവസ്ഥയിലായിരുന്നോ? അതോ ഈ അവസ്ഥയിൽ തന്നെയായിരുന്നോ? വേഗത്തിൽ മുകളിലേക്ക് പോകുന്നതിനുള്ള ഒരു നല്ല സമീപനം അല്ലെങ്കിൽ പരിഹാരം എന്താണ്?

ഗു: ശരീരം ഉപേക്ഷിച്ചു മുകളിലേക്കു പോകുന്നതോ? അതെ, നമുക്കതിനു സാധിക്കും, അതെങ്ങനെയെന്നറിയണമെന്നു മാത്രം. ശരീരം പിറകിലുപേക്ഷിച്ച് അതീതലോകത്തിലേക്കു പോകുന്നതിനു നിരവധി മാർഗ്ഗങ്ങളുണ്ട്. ചിലത് വളരെ ദൂരെയൊന്നും പോകുന്നില്ല, ചിലത് വളരെ ദൂരം പോകുന്നു, മറ്റു ചിലത് അവസാനം വരെയും പോകുന്നു. എന്റെ ചെറുപ്പകാലം മുതൽ, ഇപ്പോഴും ഞാൻ കാഴ്ചയ്ക്കു ചെറുപ്പമാണ്, പക്ഷെ അപ്പോൾ ഞാൻ കൂടുതൽ ചെറുപ്പമായിരുന്നു; ഞാൻ നടത്തിയ വ്യത്യസ്തഗവേഷണങ്ങളിൽ നമ്മുടെ രീതിയാണ് ഏറ്റവും മികച്ചതെന്നു തെളിഞ്ഞിട്ടുണ്ട്. അതെ! ഏറ്റവും അകലെ പോകുന്നു, വളരെ അകലെ, അവസാനത്തോളം.

മറ്റനവധി മാർഗ്ഗങ്ങളുമുണ്ട്. നിങ്ങൾ അനുഭവിക്കണം എന്നാഗ്രഹിക്കുന്നുവെങ്കിൽ നിങ്ങൾക്കത് തിരഞ്ഞെടുക്കാം. വിപണിയിൽ ധാരാളമുണ്ട്. ചിലത് ആസ്ട്രൽ ലോകം വരെ പോകുന്നു, മറ്റു ചിലത് മൂന്നാമത് തലം വരെയും നാലാമത് തലം വരെയും പോകുന്നു. പക്ഷെ അധികമൊന്നിനും അഞ്ചാമത് തലത്തിൽ ചെല്ലാൻ സാധിക്കില്ല. അതു കൊണ്ട് ഞങ്ങളുടെ രീതി, ഞങ്ങളടെ കീഴ്‌വഴക്കം നിങ്ങളെ സ്വതന്ത്രമായി വിടുന്നതിനു, ഒറ്റയ്ക്കു യാത്ര ചെയ്യുന്നതിനനുവദിക്കുന്നതിനു മുൻപായി അഞ്ചാമത് തലം വരെ കൊണ്ടെത്തിക്കുകയെന്നതാണ്. അതിനു ശേഷം, അഞ്ചാമത് തലത്തിനു ശേഷം നമുക്ക് ദൈവത്തിന്റെ ഒരു വ്യത്യസ്ത തലത്തെ

***46.*** തൽക്ഷണ ആത്മബോധത്തിലേക്കുള്ള താക്കോൽ പരമഗുരുചിങ് ഹായ്

സമീപിക്കാൻ സാധിക്കും. പക്ഷെ അതെപ്പോഴും സുഖദായകമായിരിക്കണമെന്നില്ല.

നാമെപ്പോഴും വിഭാവനം ചെയ്യുന്നത്, എത്രത്തോളം ഉയരെയോ അത്രത്തോളം നന്നെന്നാണ്. ഇതെപ്പോഴും സത്യമാകണമെന്നില്ല. ചിലപ്പോൾ നമ്മൾ മനോഹരമായ ഒരു കൊട്ടാരത്തിന്റ പോയെന്നും, ഗുരു നമ്മളെ സ്വീകരണമുറിയിലേക്ക് ക്ഷണിച്ചുവെന്നും കരുതുക. നമ്മൾ അവിടെയിരിക്കുന്നു, നമുക്ക് ശീതളപാനീയങ്ങളും രുചികരമായ ഭക്ഷണപദാർത്ഥങ്ങളും അതുപോലെയുള്ളവയെല്ലാം വിളമ്പുന്നു. അപ്പോൾ നമ്മൾ വീടിനകം എല്ലാം വിശദമായി കാണുന്നതിനായി എല്ലായിടത്തും ഒന്നു പോകാമെന്നു കരുതുന്നു. അങ്ങനെ നമ്മൾ പാഴ്വസ്തുക്കൾ ഇടുന്ന സ്ഥലത്തെത്തുന്നു, അതു പോലെ നിങ്ങൾ വീടിനകത്തെ മറ്റു പല വസ്തുക്കളും കാണുന്നു. അവയെല്ലാം അത്ര പ്രാധാന്യമുള്ളതാകണമെന്നില്ല. അതു പോലെ നമ്മൾ ഒരു പവർഹൗസിൽ ചെല്ലുന്നു, നമ്മൾ വീടിനു പിറകിലുള്ള വൈദ്യുതി ഭവനത്തിൽ ചെല്ലുന്നു, നമുക്ക് വൈദ്യുതാഘാതം ഏൽക്കുകയും മരിച്ചു വീഴുകയും ചെയ്യുന്നു. അതു കൊണ്ടു തന്നെ വളരെ ആഴത്തിൽ പോകുന്നത് എപ്പോഴും ആവശ്യമോ, അല്ലെങ്കിന്റ നിർദേശിക്കപ്പെട്ടതോ അല്ല, പക്ഷെ നമ്മൾ സാഹസമനസ്കരായി അത് ചെയ്യേന്നിരിക്കും.

ചോ: എനിക്കു രണ്ടു ചോദ്യങ്ങളുണ്ട്. ഒന്ന് നിങ്ങൾക്ക് പൂർവ്വ ജന്മങ്ങളിലെ ഓർമ്മകളുണ്ടെങ്കിൽ ആ ജന്മങ്ങളിലെ ഓർമ്മകൾ ഏതു ലോകത്തു നിന്നാണ് വരുന്നത്? രണ്ടാമതായി, പൂർവ്വജന്മങ്ങളും ഈ ജന്മത്തിലെ കർമ്മവും ഈ ജന്മത്തിലെ തിരിച്ചറിവുകളും തമ്മിൽ എങ്ങനെയാണ് ബന്ധം പുലർത്തുന്നത്? അവ ''അധിക യാത്രാഭാണ്ഡത്തിന്റെ'' ഭാഗമാണോ?

ഗു: അതെ. അതെ. അവ തമ്മിൽ വളരെയധികം ബന്ധപ്പെട്ടിരിക്കുന്നു. ആദ്യ ചോദ്യം പൂർവ്വജന്മത്തിലെ കർമ്മങ്ങൾ എവിടെ നിന്നാണ് വരുന്നത്? നിങ്ങൾക്ക് തീർച്ചയായും പൂർവ്വ ജന്മരേഖകൾ വായിക്കാൻ സാധിക്കും. ഞാൻ നിങ്ങളോടു പറഞ്ഞതു പോലെ പൂർവ്വജന്മരേഖകൾ ആകാഷിക് രേഖകളിൽ നിന്നാണ് വരുന്നത്. അതെ, ഇത് രണ്ടാം ലോകത്തിലുള്ള,

അവിടെയെത്തിച്ചേർന്ന ആർക്കും ഉപയോഗിക്കാവുന്ന ഒരു തരം ഗ്രന്ഥശാലയാണ്. പക്ഷെ എല്ലാവർക്കും ഐക്യരാഷ്ട്രസഭയുടെ ലൈബ്രറിയിൽ പോകാൻ സാധിക്കുകയില്ല. പക്ഷെ ഒരുദാഹരണം പറഞ്ഞാൽ ഇന്ന് എനിക്കു അതിനു സാധിക്കും, കാരണം ഇന്ന് എന്നെ ഐക്യരാഷ്ട്രസഭയിലേക്ക് ക്ഷണിച്ചിരിക്കുന്നു. ശരിയല്ലേ? എല്ലാവർക്കു അകത്തു വരാൻ സാധിക്കില്ല, പക്ഷെ നിങ്ങൾക്കു സാധിക്കും, കാരണം നിങ്ങൾ ഇവിടെ ഒരു തരം അന്തേവാസികളാണ്. അതു പോലെ തന്നെ രണ്ടാം ലോകത്തിൽ എത്തിച്ചേരാൻ സാധിക്കുമ്പോൾ നമുക്ക് പൂർവ്വകാല ചരിത്രം വായിക്കാൻ സാധിക്കും. അതു പോലെ തന്നെ, ഒന്നാം ലോകത്തിലെത്തിച്ചേരുമ്പോഴും, നമുക്ക് ഒരു വ്യക്തിയുടെ പൂർവ്വകാല ചരിത്രത്തിന്റെ ഒരു വിഹഗവീക്ഷണം ലഭിക്കും. പക്ഷെ അത്ര ഉയർന്ന ഒന്നായിരിക്കുകയില്ല, മാത്രമല്ല, അതൊരു പൂർണ്ണരേഖയും ആയിരിക്കുകയില്ല.

പൂർവ്വകാല ജീവിത അനുഭവങ്ങൾ എങ്ങനെയാണ് വർത്തമാനകാലകർമ്മവുമായി ബന്ധപ്പെട്ടിരിക്കുന്നത്? ഇപ്പോഴത്തെ ജീവിതസമയത്തെ അഭിമുഖീകരിക്കുന്നതിനാണ്, നാം ഈ അനുഭവങ്ങളിലൂടെ കടന്നു പോയതെന്നു പറയാൻ സാധിക്കും. നിങ്ങൾ പൂർവ്വജീവിതത്തിൽ ഉൾക്കൊണ്ട കാര്യങ്ങൾ ഇപ്പോഴത്തെ ജീവിതത്തിൽ പ്രായോഗികമാക്കുന്നു. പൂർവ്വ ജന്മത്തിലെ അസുഖകരമായ അനുഭവങ്ങൾ, അതുമായി സാമ്യമുള്ള എന്തെങ്കിലും ചിഹ്നങ്ങൾ കാണുമ്പോൾ അത് നിങ്ങളെ ഈ ജന്മത്തിൽ ഭയചകിതനാക്കും. ഉദാഹരണമായി കഴിഞ്ഞ ജന്മത്തിൽ നിങ്ങൾ ഒരു പടിക്കെട്ടിൽ നിന്നും വീണ്, ഗുരുതരമായി പരുക്കേറ്റു, ഇരുട്ടിൽ നിങ്ങളെ സഹായിക്കാനാരുമുണ്ടായിരുന്നില്ല. ഇപ്പോൾ നിങ്ങൾ പടിക്കെട്ടിറങ്ങുമ്പോൾ നിങ്ങൾ ഭയചകിതനാകും, പ്രത്യേകിച്ചും പടിക്കെട്ടിലും താഴെയും ഇരുട്ടാണെങ്കിൽ. നിങ്ങൾ പോകണമോ വേണ്ടയോ എന്നതു പോലെയുള്ള തോന്നലുകൾ നിങ്ങളെ മഥിക്കും. അല്ലെങ്കിൽ കഴിഞ്ഞ ജന്മത്തിൽ നിങ്ങൾ ഏതെങ്കിലും ശാസ്ത്രീയ വിഷയങ്ങൾ ഏതെങ്കിലും അഗാധമായി പഠിച്ചിട്ടുണ്ടെങ്കിൽ, അതിന്റ ഗവേഷണം നടത്തിയിട്ടുണ്ടെങ്കിൽ ഈ ജന്മത്തിലും നിങ്ങൾക്ക് ആ വിഷയത്തിൽ വളരെയധികം

**48.** തൽക്ഷണ ആത്മബോധത്തിലേക്കുള്ള താക്കോൽ പരമഗുരുചിങ് ഹായ്

താന്റപ്പര്യമുള്ളതായി കണ്ടെത്തും. അതു കൊണ്ട് തന്നെ നിങ്ങൾക്ക്, ഈ ജന്മത്തിൽ ഒരു ശാസ്ത്രജ്ഞനല്ലെങ്കിൽ പോലും ഏതു തരത്തിലുള്ള ശാസ്ത്രീയ വിഷയവും പഠിക്കുന്നതിനായി ഒരു തരം ആഗ്രഹമുണ്ടായിരിക്കും. അതു പോലെയുള്ള മറ്റു വിഷയങ്ങളും.

അതു കൊണ്ടാണ് മൊസാർട്ട്, നാലു വയസ്സ് പ്രായമുള്ളപ്പോൾ തന്നെ മഹാപ്രതിഭയായിത്തീർന്നത്. അദ്ദേഹം ആ പ്രായത്തിൽ തന്നെ നേരെ പിയാനോയിലേക്ക് തിരിയുകയും, പ്രസിദ്ധനാകുകയും ചെയ്തു. ഇപ്പോഴും അങ്ങനെ തന്നെ തുടരുകയും ചെയ്യുന്നു. അദ്ദേഹത്തിന്റെ പ്രതിഭ പല ജന്മങ്ങളിലെ നിരന്തരപരിശീലനത്തിലൂടെയാണ് അനശ്വരപ്രതിഭയായത്, അതിനു ശേഷം അദ്ദേഹം മരിക്കുകയും ചെയ്തു. തന്റെ കലാസപര്യയുടെ ഉത്തുംഗശൃംഗത്തിലെത്തുന്നതിനു മുൻപായി, അദ്ദേഹം മരണമടഞ്ഞു. സംഗീതത്തെ അഗാധമായി സ്നേഹിച്ചിരുന്നതു കൊണ്ട് അദ്ദേഹം തന്റെ സംഗീതസപര്യ വിട്ടു പോകുന്നതിൽ തൃപ്തനായിരുന്നില്ല. അതുകൊണ്ട് അദ്ദേഹം പൂർവ്വ ജന്മങ്ങളിലെ പ്രതിഭയിൽ നിന്നും ആർജ്ജിച്ച അനുഭവസമ്പത്തുമായി തിരികെ വന്നു, കാരണം മരണമടയുമ്പോൾ അദ്ദേഹത്തിനു സംഗീത സപര്യ തുടരുന്നതിനുള്ള തീവ്രമായ ആഗ്രഹമുണ്ടായിരുന്നു.

ഇത്തരം ആളുകളിൽ പലരും ഈ ലോകത്തിൽ പുനർജനിക്കുന്നതിനു മുൻപായി ആസ്ട്രൽ ലോകത്തിൽ നിന്നോ അല്ലെങ്കിൽ രണ്ടാം ലോകത്തിൽ നിന്നോ വളരെയധികം കാര്യങ്ങൾ ഗ്രഹിക്കാറുണ്ട്. അതു കൊണ്ടാണ് അവരിൽ ശാസ്ത്രവിഷയങ്ങളിൽ, സാഹിത്യത്തിൽ, അല്ലെങ്കിൽ മറ്റെന്തെങ്കിലും തരം കണ്ടുപിടുത്തം നടത്തുന്നതിൽ മറ്റുള്ളവരില്ലാത്ത വിധം പ്രതിഭ പരിലസിക്കുന്നത്. നിങ്ങൾക്കറിയാവുന്നതു പോലെ, മറ്റുള്ളവർക്ക് മനസ്സിലാക്കാൻ സാധിക്കാത്തതും, വിഭാവനം ചെയ്യാൻ സാധിക്കാത്തതുമായ വളരെ അസാധാരണമായ കണ്ടുപിടുത്തങ്ങൾ. അവരതു കണ്ടതു കൊണ്ട്, അവർ അത് മനസ്സിലാക്കി.

അതുകൊണ്ടു ഈ ലോകത്തിൽ അല്ലെങ്കിൽ അതീതലോകത്തിൽ രണ്ടു തരം അഭ്യസനമുണ്ട്. പ്രതിഭകളെ പോലെ അസാധാരണവും കിടയറ്റതുമായ സിദ്ധികളുള്ളവർ അതീതലോകത്തിൽ നിന്നോ, ആസ്ട്രൽ ലോകത്തിൽ നിന്നോ, രണ്ടാം ലോകത്തിൽ നിന്നോ,

ചിലപ്പോൾ മൂന്നാം ലോകത്തു നിന്നോ തിരികെ വരാനാഗ്രഹിച്ചു വന്നെത്തിയ വിദഗ്ദ്ധന്മാരാണ്. ഇവർ അപാരമായ കഴിവുകളുള്ളവരായിരിക്കും, അവർ മഹാപ്രതിഭകളായിരിക്കും.

ചോ: വസ്തുനിഷ്ഠമായി പറഞ്ഞാൽ നിങ്ങളുടെ 'പ്രാരംഭ'ത്തിൽ എന്തൊക്കെയാണ് അടങ്ങിയിരിക്കുന്നത്? ഒരാൾക്കു പ്രാരംഭം നൽകപ്പെട്ടാൽ അതിലടങ്ങിയ ദൈനംദിന ചര്യകൾ എന്തൊക്കെയായിരിക്കും?

ഗു: ആദ്യമായി, ഇത് പരിപൂർണ്ണമായും സൗജന്യമായിരിക്കും. അതിൽ യാതൊരു വിധ ബാദ്ധ്യതകളും ഉണ്ടായിരിക്കുകയില്ല, നിങ്ങളോടു തന്നെയുള്ള ബാദ്ധ്യതയൊഴിച്ചാൽ. നിങ്ങൾ കൂടുതൽ മുൻപോട്ട് പോകാൻ ആഗ്രഹിക്കുന്നുണ്ടോ? ശരി, നിബന്ധനകൾ പറയാം. യാതൊരുവിധ മുൻപരിചയവും അനുപേക്ഷണീയമല്ല. യോഗാഭ്യാസത്തെക്കുറിച്ചോ, മറ്റു ധ്യാനരീതികളെക്കുറിച്ചോ ഉള്ള യാതൊരു പരിചയവും ആവശ്യമില്ല. പക്ഷെ നിങ്ങൾ ജീവിതം മുഴുവൻ സസ്യാഹാരരീതി പിൻതുടരണം. മുട്ടകളില്ല, പക്ഷെ പാൽ അനുവദനീയമാണ്. വെണ്ണ കഴിക്കാം. കൊല്ലുന്നത് ഉൾപ്പെടാതെയുള്ള മറ്റെന്തും അനുവദനീയമാണ്.

ഭ്രൂണാവസ്ഥയിലാണെങ്കിൽ പോലും മുട്ട കഴിക്കുന്നതിൽ പകുതി കൊല ചെയ്യുന്നത് അടങ്ങിയിരിക്കുന്നു. കൂടാതെ അതിനു പ്രതിലോമ ശക്തികളെ ആകർഷിക്കാൻ സാധിക്കുന്ന രീതിയിലുള്ള ഒരു തരം ശക്തിയുണ്ട്. അതു കൊണ്ടാണ് മന്ത്രവാദവും, ദുർമന്ത്രവാദവും, നടത്തുന്നവരും ഒടിയന്മാരും – ഒടിയന്മാരെന്നു വിവക്ഷിക്കപ്പെടുന്നവർ, ഭൂതബാധയുള്ളവരിൽ നിന്നും ബാധയൊഴിപ്പിക്കുന്നതിനായി മുട്ടകളിൽ ചിത്രങ്ങൾ വരയ്ക്കുന്നത്. നിങ്ങൾക്കത് അറിയാമോ ഇല്ലയോ? (ആരോ അറിയാം എന്നു പറയുന്നു)നിങ്ങൾക്കറിയാമോ? ഓ, കൊള്ളാം! നിങ്ങൾക്ക് തൽക്ഷണമുള്ള ആത്മബോധം ലഭിച്ചില്ലെങ്കിലും കുറഞ്ഞ പക്ഷം എനിക്ക് തൽക്ഷണമുള്ള ഒരു തെളിവെങ്കിലും ലഭിച്ചിരിക്കുന്നു. (ചിരി)

'പ്രാരംഭ' സമയത്ത്, നിങ്ങൾ ദൈവത്തിന്റെ പ്രകാശവും ശബ്ദവും അനുഭവിച്ചറിയും. ആത്മാവിന്റെ സംഗീതം നിങ്ങളെ ആത്മബോധത്തിന്റെ ഉയർന്ന തലങ്ങളിലേക്ക് കൊണ്ടുപോകും.

നിങ്ങൾ സമാധിയുടെ രുചി – അഗാധമായ ശാന്തിയും ആനന്ദവും, മനസ്സിലാക്കും. അതിനു ശേഷം നിങ്ങൾ ഗൗരവബുദ്ധിയോടെയാണ് സമീപിക്കുന്നതെങ്കിൽ നിങ്ങൾ വീട്ടിൽ പരിശീലനം തുടരും. നിങ്ങൾ ഗൗരവമായെടുക്കുന്നില്ലെങ്കിൽ ഞാൻ നിങ്ങളെ അതിനു നിർബന്ധിക്കുകയില്ല. നിങ്ങൾ തുടരാൻ ആഗ്രഹിക്കുകയും നിങ്ങളുടെ യാത്രയിലുടനീളം നിങ്ങൾക്കെന്റെ സഹായം ആവശ്യമാണെന്നു തോന്നുകയും ചെയ്താൽ നിങ്ങളെ സഹായിക്കുന്നത് ഞാൻ തുടരും. നിങ്ങൾക്ക് ആവശ്യമില്ലെങ്കിൽ ഇതാണ് മാർഗ്ഗമെന്നു നിങ്ങൾക്കു മനസ്സിലാകും. ഒരു ദിവസം രണ്ടര മണിക്കൂർ ധ്യാനം. അതിരാവിലെ ഉണർന്നെഴുന്നേറ്റ ശേഷം, രാത്രി ഉറങ്ങാൻ പോകുന്നതിനു മുൻപ് രണ്ടു മണിക്കൂർ, കഴിയുമെങ്കിൽ ഉച്ചഭക്ഷണ സമയത്ത് അര മണിക്കൂറും. ഞാനിവിടെ സംസാരിക്കുവാനില്ലാത്തപ്പോൾ നിങ്ങൾക്ക് ഒരു മണിക്കൂർ ഉച്ചഭക്ഷണ സമയമുണ്ട്. നിങ്ങൾക്ക് ബഹളങ്ങളിൽ നിന്നും ഒഴിഞ്ഞു നിന്ന് ഒരു മണിക്കൂർ ധ്യാനിക്കാം. അപ്പോൾ തന്നെ ഒരു മണിക്കൂറായി. വൈകുന്നേരവും നിങ്ങൾക്ക് ഒരു മണിക്കൂറോ അര മണിക്കൂറോ കണ്ടെത്താം. രാവിലെ ഒരു മണിക്കൂർ നേരത്തെ ഉണർന്നെഴുന്നേൽക്കുക.

നിങ്ങളുടെ ജീവിതം കൂടുതൽ നിയന്ത്രണവിധേയമാക്കുക. TV, ഗോസ്സിപ്പ്, ടെലിഫോൺ, വർത്തമാന പത്രങ്ങൾ ഇവയെല്ലാം അൽപ്പം കുറയ്ക്കുക. അപ്പോൾ നിങ്ങൾക്ക് ധാരാളം സമയം ലഭിക്കും. അതെ, നമുക്ക് ശരിക്കും ധാരാളം സമയം ലഭ്യമാണ്, പക്ഷെ പലപ്പോഴും നമ്മൾ സമയം പാഴാക്കുന്നു. ലോംഗ് ഐലണ്ടിലേക്കു പോകുന്നതിനു പകരം നമ്മുടെ കാർ വീടിനു പിറകിൽ ഓടുന്നതു പോലെ. അതെ. ഇതിൽ നിങ്ങൾ തൃപ്തനാണോ? (ചോദ്യകർത്താവ് : അതെ) ഈ ജീവിതകാലം മുഴുവൻ നീണ്ടു നിൽക്കുന്ന പരിശീലനത്തിൽ നിങ്ങൾ സ്വയം സ്വീകരിക്കുന്നതല്ലാതെ യാതൊരു നിബന്ധനകളും പാലിക്കേണ്ടതില്ല. നിങ്ങൾ ആഗ്രഹിച്ചാലും ഇല്ലെങ്കിലും ഓരോ ദിവസവും നിങ്ങൾ വ്യത്യസ്തമായ നല്ല മാറ്റങ്ങൾ അനുഭവിക്കും, നിങ്ങളുടെ ജീവിതത്തിൽ വ്യത്യസ്തങ്ങളായ അതിശയങ്ങൾ സംഭവിക്കും. എങ്ങനെയാണെങ്കിലും അതു സംഭവിച്ചു കൊണ്ടിരിക്കും. നിങ്ങൾ യഥാർത്ഥത്തിൽ ഗൗരവപൂർവ്വമുള്ള സമീപനം പുലർത്തിയാൽ, അപ്പോൾ നിങ്ങൾക്ക്

ഭൂമിയിലെ സ്വർഗ്ഗം എങ്ങനെയിരിക്കുമെന്നു മനസ്സിലാകും. അതു കൊണ്ടാണ്, നിരവധി വർഷങ്ങൾക്കു ശേഷവും പതിനായിരക്കണക്കിനുള്ള ഞങ്ങളുടെ അനുയായികൾ ഇപ്പോഴും എന്നിൽ തന്നെ വിശ്വാസമർപ്പിക്കുന്നത്, ഇതിൽ തന്നെ തുടർന്നു പോകുന്നത്. കാരണം ഗൗരവത്തോടെ ഇതിനെ സമീപിക്കുകയും നിരന്തരമായി പരിശീലനം നടത്തുകയും ചെയ്യുന്നതു കൊണ്ട് അവരൊക്കെ മെച്ചപ്പെട്ട അനുഭവങ്ങൾ ലഭിച്ചവരാണ്.

ചോ: ദയവായി ആത്മബോധത്തിന്റെ സ്വഭാവം വിവരിക്കാമോ?

ഗു: ആത്മബോധത്തിന്റെ സ്വഭാവം. ശരി. അത് വിവരിക്കാൻ പ്രയാസമാണ്, എന്നാലും നിങ്ങൾക്ക് വിഭാവനം ചെയ്യുന്നതിനായി നിങ്ങളുടെ ബുദ്ധിശക്തി ഉപയോഗിക്കാവുന്നതാണ്. അത് നിങ്ങൾ ഈ ലോകത്ത് ഇതിനു മുൻപ് അനുഭവിച്ചതിനേക്കാൾ മികച്ചതായതെന്തോ അറിയുന്നതു പോലെയുള്ള ഒരു തരം ജ്ഞാനമാണ്. അതെ, നിങ്ങൾ ഈ ലോകത്തിന് അതീതമായതെന്തോ അറിയുന്നു. ഈ ലോകത്തിൽ ഇതിനു മുൻപ് നിങ്ങൾക്ക് അറിയാതിരുന്നതും നിങ്ങൾ അറിയുന്നു, നിങ്ങൾ മനസ്സിലാക്കാത്തതോ നിങ്ങൾക്ക് മനസ്സിലാക്കാൻ സാധിക്കാതിരുന്നതോ ആയ പല കാര്യങ്ങളും നിങ്ങൾ മനസ്സിലാക്കുന്നു. അതാണ് ആത്മബോധം.

നിങ്ങൾ ജ്ഞാനമെന്നറിയുന്ന ഈ ആത്മബോധം തുറക്കുമ്പോൾ, നിങ്ങൾക്ക് യഥാർത്ഥത്തിൽ നിങ്ങളാരാണെന്നും, നിങ്ങളെന്തിനാണ് ഇവിടെയെത്തിയതെന്നും, ഈ ലോകത്തെന്തൊക്കെയുണ്ടെന്നും, നമ്മുടെ ലോകപൗരന്മാരെ കൂടാതെ ഈ ലോകത്തിൽ എന്തൊക്കെയുണ്ടെന്നും മനസ്സിലാകുന്നു. അങ്ങനെ നിരവധി കാര്യങ്ങളുണ്ട്. ആത്മബോധത്തിന്റെ തലം ഒരു കോളേജ് ബിരുദം പോലെ തിരിച്ചറിയലിന്റെ വ്യത്യസ്ത തലങ്ങളാണ്. ബിരുദം നേടുന്നതു വരെ, കൂടുതൽ പഠിക്കുന്തോറും നിങ്ങൾ കൂടുതൽ അറിയുന്നു.

അമൂർത്തമായ എന്തെങ്കിലും വിവരിക്കുക പ്രയാസമുള്ള കാര്യമാണ്. പക്ഷെ ഞാൻ ശ്രമിച്ചു നോക്കിയിട്ടുണ്ട്. അതൊരു തരം തിരിച്ചറിവാണ്. തിരിച്ചറിവ് വിവരിക്കുക പ്രയാസമുള്ള കാര്യമാണ്. നിങ്ങൾ ബോധത്തിന്റെ വ്യത്യസ്ത തലങ്ങളിലേക്കു പോകും തോറും നിങ്ങളുടെ

തിരിച്ചറിവ് വ്യത്യാസപ്പെടുന്നു. നിങ്ങൾ കാര്യങ്ങൾ വ്യത്യസ്തമായി അറിയുന്നു, നിങ്ങൾക്ക് വ്യത്യസ്തത അനുഭവപ്പെടുന്നു. നിങ്ങൾക്ക് സമ്പൂർണ്ണസമാധാനവും, പ്രശാന്തിയും, ആനന്ദവും അനുഭവപ്പെടുന്നു. നിങ്ങളുടെ വ്യാകുലതകൾ ഇല്ലാതാകുന്നു, നിങ്ങളുടെ ദൈനംദിന ജീവിതത്തിലെ എല്ലാം നിങ്ങൾക്ക് വ്യക്തമാകുന്നു. നിങ്ങൾക്ക് കാര്യങ്ങൾ എങ്ങനെ കൈകാര്യം ചെയ്യണമെന്നറിയാം, കാര്യങ്ങൾ കൂടുതൽ മെച്ചപ്പെട്ട രീതിയിൽ എങ്ങനെ കൈകാര്യം ചെയ്യണമെന്നറിയാം. എന്തിന് ശാരീരിക തലത്തിൽ പോലും ഗുണങ്ങൾ ഇതിനകം തന്നെ ലഭിക്കുന്നു. നിങ്ങൾക്കുള്ളിൽ നിങ്ങൾക്കെന്താണ് അനുഭവപ്പെടുന്നതെന്ന് – അതു നിങ്ങൾക്കു മാത്രമേ പറയാൻ സാധിക്കൂ. ഇത്തരം കാര്യങ്ങൾ വിവരിക്കുക പ്രയാസമാണ്. നിങ്ങൾ സ്നേഹിച്ച പെൺകുട്ടിയെ വിവാഹം കഴിക്കുമ്പോൾ നിങ്ങളുടെ മനസ്സിൽ എന്താണ് അനുഭവപ്പെടുന്നുവെന്ന് നിങ്ങൾക്കു മാത്രമേ അറിയാൻ സാധിക്കൂ. മറ്റൊരാൾക്ക് അതു നിങ്ങൾക്കു വേണ്ടി അനുഭവിക്കാൻ സാധിക്കില്ല.

ചോ: ബഹുമാന്യ ഗുരോ, നിങ്ങൾ ഞങ്ങൾക്കു പകർന്നു തന്ന ഉൾക്കാഴ്ചകൾക്കു നന്ദി പറയുന്നു. എന്റെ ബോധത്തിലുള്ള ഒരു കാര്യത്തിനു നിങ്ങൾക്കു സ്വയം ഒരു മറുപടി നൽകാൻ സാധിക്കുമോയെന്ന് ഞാൻ അതിശയിക്കുന്നു. പണ്ടൊക്കെ വളരെ ബുദ്ധിമുട്ടേറിയവയായിരുന്ന ഇതൊക്കെ വളരെ വേഗം പഠിക്കുന്നതിനുള്ള അവസരം നൽകുന്ന നിരവധി ഗുരുക്കന്മാർ എന്തുകൊണ്ടാണ് ഇന്ന് ഭൂമിയിലുണ്ടാകുന്നത്? ഇതിനു നിങ്ങൾ സ്വയം ഒരു ഉത്തരം കണ്ടെത്താമോ?

ഗു: അതെ. തീർച്ചയായും. നമ്മുടെ കാലത്ത് ആശയവിനിമയം മെച്ചപ്പെട്ടിരിക്കുന്നു. അതു കൊണ്ട് നമുക്ക് ഗുരുക്കന്മാരെക്കുറിച്ച് കൂടുതൽ വിവരങ്ങൾ അറിയാം. പണ്ട് ഗുരുക്കന്മാർ ഇല്ലായിരുന്നു എന്നല്ല. ഗുരുക്കന്മാരെ കണ്ടെത്തുക പ്രയാസമായിരുന്നു. തീർച്ചയായും ചില ഗുരുക്കന്മാർ മറ്റുള്ളവരെ അപേക്ഷിച്ച് കൂടുതൽ എളുപ്പത്തിൽ സമീപിക്കാവുന്നവരാണെന്നത് ഒരു വസ്തുതയാണ്. അത് അദ്ദേഹത്തിന്റെ ഇഷ്ടത്തിനും, പകർന്നു നൽകുന്നതിനുള്ള അദ്ദേഹത്തിന്റെ സന്നദ്ധതയ്ക്കും, ആൾക്കൂട്ടത്തോടുള്ള അദ്ദേഹത്തിന്റെ മനോഭാവത്തിനും താൽപ്പര്യത്തിനും അനുസൃതമായിരിക്കും. പക്ഷെ

അങ്ങനെയാണെങ്കിലും എല്ലാ കാലങ്ങളിലും ഒന്ന്, രണ്ട്, മൂന്ന്, നാല്, അഞ്ച് ഗുരുക്കന്മാരുണ്ടായിരിക്കും. ആ കാലഘട്ടത്തിന്റെ ആവശ്യത്തിനനുസരിച്ച്. നമുക്ക് വ്യത്യസ്തരായ നിരവധി ഗുരുക്കന്മാരുടെ സാന്നിദ്ധ്യം അറിയാത്തതു പോലെ, പല നിലവാരത്തിലുള്ള ഗുരുക്കന്മാരുണ്ടായിരിക്കും. കാരണം ഇന്ന് നമുക്ക് മാസ്സ് മീഡിയ ലഭിക്കാനുള്ള ഭാഗ്യമുണ്ടായിട്ടുണ്ട്, ടെലിവിഷൻ ലഭിക്കുന്നതിനുള്ള ഭാഗ്യമുണ്ടായിട്ടുണ്ട്, റേഡിയോ സംപ്രേക്ഷണങ്ങളും , കുറച്ചു സമയം മാത്രം ചിലവഴിച്ച്, ദശലക്ഷം കോപ്പികളും ശതലക്ഷം കോപ്പികളുമുള്ള പുസ്തകങ്ങളും ലഭിക്കാനുള്ള ഭാഗ്യമുണ്ടായിട്ടുണ്ട്.

പണ്ട് നമുക്ക് ഒരു പുസ്തകം അച്ചടിക്കണമെങ്കിൽ ആദ്യം ഒരു മരം മുഴുവനായി വെട്ടിതാഴെയിറക്കണമായിരുന്നു. പിന്നെ അവയെ വളരെ പ്രാകൃതമായ കോടാലികൾ ഉപയോഗിച്ച് കഷണങ്ങളാക്കണം. അവ ഉടൻ തന്നെ 'കാപുത്'(മരം സംസ്കരിക്കുന്നതിനുള്ള ഒരു ചൈനീസ് പ്രക്രിയ) ചെയ്യണമായിരുന്നു അല്ലെങ്കിൽ പിന്നീട് ഉപയോഗിക്കാൻ സാധിക്കുമായിരുന്നില്ല. അതിനു ശേഷം അവയെ കല്ലുകളും അതു പോലുള്ള മറ്റുവസ്തുക്കളും ഉപയോഗിച്ച് മിനുക്കണം. പിന്നീട് ഓരോ വാക്കുകളായി കൊത്തിയെടുക്കുന്നു. നിങ്ങൾക്ക് ഒരു ബൈബിൾ പൂർണ്ണമായി ഒരു സ്ഥലത്തു നിന്നും മറ്റൊരു സ്ഥലത്തേക്ക് മാറ്റണമെങ്കിൽ അതിനു ഒരു നിര വലിയ ലോറികൾ തന്നെ ആവശ്യമായി വരുമായിരുന്നു. നിങ്ങൾക്ക് ആ കാലത്ത് ലോറികൾ ഉണ്ടെങ്കിൽ!! അതു കൊണ്ടാണ് നമ്മൾ പല ഗുരുക്കന്മാരെയും കുറിച്ചറിഞ്ഞത്.

അതെ. അത് ഭാഗ്യമാണ്. നിങ്ങൾക്ക് ഷോപ്പിങ്ങ് നടത്താമെന്നതും നിങ്ങൾക്കാവശ്യമുള്ളത് തിരഞ്ഞെടുക്കാമെന്നതും വളരെ നല്ല കാര്യമാണ്. അപ്പോൾ ആർക്കും നിങ്ങളെ കബളിപ്പിക്കാനോ, 'ഞാനാണ് നല്ലത്' എന്നു പറയാനോ സാധിക്കുകയില്ല. അതെ, നിങ്ങൾക്ക് നിങ്ങളുടെ വിവേകവും ബുദ്ധിയും ഉപയോഗിച്ച് ഒരു തിരഞ്ഞെടുപ്പ് നടത്താം; 'ഇതു മെച്ചമാണ്' അല്ലെങ്കിൽ 'അതെനിക്കു കൂടുതൽ ഇഷ്ടപ്പെട്ടു', 'മുഖം കണ്ടിട്ടു ഭയം വരുന്നു', 'ഓ അതോ, അത് വൃത്തികേടാണ്' (ചിരി )

ചോ: നിങ്ങൾ ഷോപ്പിങ്ങിനെക്കുറിച്ചു പറഞ്ഞതു കൊണ്ട് ചോദിക്കട്ടെ, ഇതിനകം തന്നെ മറ്റൊരു ഗുരു ശിഷ്യനായി സ്വീകരിച്ച ഒരാൾക്ക് നിങ്ങൾ വീണ്ടും പ്രാരംഭം കുറിക്കുമോ?

ഗു: ഞാൻ ചെയ്യേക്കും, അയാളെ അല്ലെങ്കിൽ അവളെ ഒരു ഉയർന്ന തലത്തിലേക്ക് കൂടുതൽ വേഗത്തിൽ എത്തിക്കാൻ എനിക്കു കഴിയുമെന്ന് ആ വ്യക്തി അടിയുറച്ചു വിശ്വസിക്കുന്നുണ്ടെങ്കിൽ മാത്രം. അല്ലെങ്കിൽ ഇപ്പോഴും അയാൾക്ക് തന്റെ ഗുരുവിൽ അടിയുറച്ച വിശ്വാസവും ഗുരുവിനോട് ആത്മബന്ധവും തോന്നുന്നെങ്കിൽ സ്വന്തം ഗുരുവിനോടൊത്ത് തുടരുന്നതാണ് നല്ലത്. നിങ്ങൾക്ക് നിങ്ങളുടെ ഗുരുവാണ് നല്ലതെന്നു തോന്നുന്നെങ്കിൽ അത് മാറ്റേണ്ട കാര്യമില്ല. പക്ഷെ നിങ്ങൾക്കിപ്പോഴും സന്ദേഹം അവശേഷിച്ചിട്ടുണ്ടെങ്കിൽ, ഞാൻ വിവരിച്ച ശബ്ദവും വെളിച്ചവും നിങ്ങൾക്കു ലഭിച്ചിട്ടില്ലെങ്കിൽ നിങ്ങൾ ശ്രമിച്ചു നോക്കണം. അതെ. കാരണം വെളിച്ചവും ശബ്ദവുമാണ് ഒരു യഥാർത്ഥ ഗുരുവിന്റെ സാമാന്യ ഏകകം. ആർക്കെങ്കിലും ഉടൻ തന്നെ നിങ്ങൾക്ക് ശബ്ദവും വെളിച്ചവും അനുഭവവേദ്യമാക്കാൻ കഴിയുന്നില്ലെങ്കിൽ അയാൾ യഥാർത്ഥ ഗുരുവല്ല. അങ്ങനെ പറയുന്നതിലെനിക്ക് ഖേദമുണ്ട്. പക്ഷെ സ്വർഗ്ഗത്തിലേക്കുള്ള വഴി വെളിച്ചവും ശബ്ദവും നിറഞ്ഞതാണ്.

കടലിലേക്കു ചാടുമ്പോഴെന്നതു പോലെ നിങ്ങൾ ഓക്സിജൻ മാസ്ക് പോലെയുള്ള കാര്യങ്ങൾ കൊണ്ട് സുസ്സജ്ജമായിരിക്കണം. ഓരോ ആവശ്യത്തിനും ഉതകുന്ന ഓരോ സാധനങ്ങളുണ്ട്. അതുകൊണ്ടാണ് നിങ്ങൾ പുണ്യാത്മാക്കളെ കാണുമ്പോൾ അവർക്കു ചുറ്റും പ്രകാശവലയം കാണുന്നത്. അതാണ് ദൈവികപ്രകാശം. നിങ്ങൾ ഈ രീതി പിൻതുടരുമ്പോൾ, യേശുദേവന്റെ ചില ചിത്രങ്ങളിൽ വരച്ചു ചേർത്തിരിക്കുന്നതു പോലെയുള്ള ഒരു പ്രഭാവലയം നിങ്ങൾ പുറപ്പെടുവിക്കുകയും, മറ്റുള്ളവർക്ക് അത് കാണാൻ സാധിക്കുകയും ചെയ്യും. ആളുകൾ അദ്ധ്യാത്മികസ്വഭാവം (സൈക്കിക്) ഉള്ളവരാണെങ്കിൽ അവർക്ക് നിങ്ങളുടെ പ്രകാശം കാണാൻ സാധിക്കും.

അതു കൊണ്ടാണ് അവർ യേശുക്രിസ്തുവിനും ബുദ്ധനു ചുറ്റും ദിവ്യപ്രകാശം നൽകിക്കൊണ്ട് അവരെ വരച്ചിരിക്കുന്നത്. നിങ്ങളുടെ ആത്മജാലകങ്ങൾ തുറക്കപ്പെട്ടു കഴിഞ്ഞാൽ നിങ്ങൾക്ക് ഉയർന്ന തലത്തിലുള്ള ഉപാസകരെ ഈ പ്രകാശത്തോടെ കാണാൻ

സാധിക്കും. (ഗുരു തന്റെ വിവേകദൃഷ്ടി ചൂണ്ടിക്കാണിക്കുന്നു). പല ആളുകൾക്കും അത് കാണാൻ സാധിക്കും. ഇവിടെയുള്ള നിങ്ങളാരെങ്കിലും കണ്ടിട്ടുണ്ടോ? നിങ്ങൾ എന്താണ് കണ്ടത്?

ചോ: ശരി, ഞാൻ ദീപ്തി കണ്ടിട്ടുണ്ട്....
ഗുരു: അതെ. പക്ഷെ ദീപ്തി പ്രകാശത്തിൽ നിന്നും വ്യത്യസ്തമാണ്. ദീപ്തി പല നിറങ്ങളിലുണ്ട്. ചിലപ്പോൾ കറുപ്പ്, ചിലപ്പോൾ ഊതനിറം, ചിലപ്പോൾ ഊത കലർന്ന നിറം, ചിലപ്പോൾ മഞ്ഞയോ ചുവപ്പോ. അത് ആ വ്യക്തിയുടെ ആ സമയത്തെ പ്രകൃതത്തിനനുസരിച്ചിരിക്കും. പക്ഷെ നിങ്ങൾ ഒരാളെ ശക്തമായ ഒരു ആത്മീയ ദീപ്തിയോടെ കാണുമ്പോൾ അത് വ്യത്യസ്തമാണെന്നു നിങ്ങൾക്കറിയാം അല്ലേ?

ചോ: എനിക്ക് യഥാർത്ഥത്തിന്റ ചോദ്യങ്ങളൊന്നും തന്നെ ചോദിക്കാനില്ല. വെറുതെ. ഞാൻ കുറച്ചു കാലം രാജയോഗം ചെയ്യാറുണ്ടായിരുന്നു. എനിക്കു തോന്നുന്നത് ഞാൻ ദീപ്തികൾ കാണാറുണ്ടായിരുന്നെന്നാണ്. ഞാനുദ്ദേശിച്ചത് ആ സമയത്ത് എനിക്ക് വലിയ അറിവോ വിവരമോ ഒന്നും ഉണ്ടായിരുന്നില്ലെന്നാണ്.
ഗു: നിങ്ങൾ ഇപ്പോൾ കാണുന്നില്ലേ? അതു ചിലപ്പോൾ മാത്രമാണോ കാണുന്നത്?

ചോ: ഇല്ല. ഞാനിപ്പോൾ ധ്യാനിക്കാറില്ല.
ഗു: ഓ, അതു കൊണ്ടാണ്. നിങ്ങൾക്ക് നിങ്ങളുടെ ശക്തി നഷ്ടപ്പെട്ടു. നിങ്ങൾ വീണ്ടും ധ്യാനം ആരംഭിക്കണം. അത് നിങ്ങളെ ഒരു പരിധി വരെ സഹായിക്കും. അത് ദോഷമൊന്നും ചെയ്യില്ല. ശരിയല്ലേ?

ചോ: നിങ്ങളുടെ ലഘുലേഖയിൽ ഞാൻ അഞ്ച് പ്രമാണങ്ങളുണ്ടെന്നു വായിക്കുകയുണ്ടായി. ഒരിക്കൽ നിങ്ങൾ പ്രാരംഭം കുറിച്ചാൽ അതിനു ശേഷം ഈ അഞ്ചു പ്രമാണങ്ങൾക്കനുസരിച്ച് ജീവിക്കേണ്ടതുണ്ടോ?

ഗു: അതെ, അതെ, അതെ. അവ പ്രപഞ്ച നിയമങ്ങളാണ്.

ചോ: എനിക്ക് 'ലൈംഗികമായ തെറ്റായ പെരുമാറ്റം' എന്താണെന്നു മനസ്സിലാകുന്നില്ല.

ഗു: അതിനർത്ഥം നിങ്ങൾക്കിതിനകം ഒരു ഭർത്താവുണ്ടെങ്കിൽ ദയവായി രണ്ടാമതൊന്നു കൂടി പരിഗണിക്കരുതെന്നാണ്. (ചിരി) വളരെ ലളിതമാണ്. നിങ്ങളുടെ ജീവിതം വളരെ ലളിതമായി സൂക്ഷിക്കുക, സങ്കീർണ്ണാവസ്ഥകളും വികാരക്ഷുബ്ധമായ നിമിഷങ്ങളും വേണ്ട. അതെ, അത് മറ്റുള്ളവരിൽ വേദനയുളവാക്കും. ഞങ്ങൾ മറ്റുള്ളവരെ വേദനിപ്പിക്കാറില്ല, വികാരപരമായിട്ടാണെങ്കിൽ കൂടി. അതാണ് പറഞ്ഞത്. ഞങ്ങൾ സംഘർഷങ്ങൾ ഒഴിവാക്കാനും, മറ്റുള്ളവർ പ്രത്യേകിച്ച് നമ്മുടെ പ്രിയപ്പെട്ടവർ വികാരപരമായും, ശാരീരികമായും, മാനസികമായും ബുദ്ധിമുട്ടുന്നത് ഒഴിവാക്കാനും ആഗ്രഹിക്കുന്നു. അത്രമാത്രം.

നിങ്ങൾക്ക് ഇതിനകം തന്നെ ഒന്നുണ്ടെങ്കിൽ അയാളോട് അതു പറയാതിരിക്കുക. നിങ്ങളതു പറയുന്നത് കൂടുതൽ വേദനയുളവാക്കും. അത് സാവകാശം നിശബ്ദമായി പരിഹരിക്കുക. പക്ഷെ അദ്ദേഹത്തോട് കുറ്റസമ്മതം നടത്താതിരിക്കുക. കാരണം ചില സമയത്ത് ആളുകൾ കരുതുന്നത്, അവർക്കൊരു അവിഹിതബന്ധം ഉണ്ടെങ്കിൽ വീട്ടിൽ ചെന്ന് ഭർത്താവിനോടോ അല്ലെങ്കിന്റ ഭാര്യയോടോ കുറ്റസമ്മതം നടത്തുന്നത് വളരെ വിവേകമുള്ളതും സത്യസന്ധവുമായ നടപടിയാണെന്നാണ്. ഇത് അസംബന്ധമാണ്. ഇത് നല്ലതല്ല. നിങ്ങൾ ഇതിനകം തന്നെ തെറ്റുചെയ്തു കഴിഞ്ഞു, നിങ്ങളെന്തിനു വിഴുപ്പു വീട്ടിൽ കൊണ്ടു വന്ന് മറ്റാളുകൾ അത് ആസ്വദിക്കാൻ ഇടയാക്കണം? അയാൾക്കതിനെക്കുറിച്ചറിയില്ലെങ്കിൽ അയാൾക്കത് അത്ര മോശമായി തോന്നുകയില്ല. അറിയുക എന്ന യാഥാർത്ഥ്യം വേദനിപ്പിക്കും. അതു കൊണ്ട് നാം ആ പ്രശ്നം പരിഹരിക്കുകയും വീണ്ടും ആരംഭിക്കാൻ ശ്രമിക്കാതിരിക്കുകയും ചെയ്യാം, അത്ര തന്നെ. പങ്കാളിയെ ഇതു വേദനിപ്പിക്കുമെന്നത് കൊണ്ട്, മുറിവേൽപ്പിക്കുമെന്നതു കൊണ്ട്, ഇത് പങ്കാളിയുമായി സംസാരിക്കാതിരിക്കുന്നതാണ് നല്ലത്.

ചോ: മിക്കവാറും മഹാഗുരുക്കന്മാർക്കെല്ലാം നല്ല ഫലിതബോധമുണ്ടെന്നത് ഞാൻ ശ്രദ്ധിച്ചിട്ടുണ്ട്. ഫലിതവും ആത്മീയചര്യയും തമ്മിലുള്ള ബന്ധമെന്താണ്?

ഗു: ഓ, ഞാൻ കരുതുന്നത് അവർക്ക് സന്തോഷം അനുഭവപ്പെടുന്നുണ്ടെന്നാണ്, സംഘർഷരഹിതരാണെന്നാണ്.

എല്ലാത്തിനെക്കുറിച്ചും ലഘുചിത്തത അനുഭവപ്പെടുന്നുണ്ടെന്നാണ്. അവർക്ക് സ്വയവും, മറ്റുള്ളവരെക്കുറിച്ചും ചിരിക്കാൻ സാധിക്കും. മറ്റു പലരും വളരെയധികം അള്ളിപ്പിടിക്കുകയും വളരെയധികം ഗൗരവമായെടുക്കുകയും ചെയ്യുമ്പോൾ അവർക്ക് ഈ ജീവിതത്തിലെ അപഹാസ്യമായ കാര്യങ്ങളെ ചൊല്ലി ചിരിക്കാൻ സാധിക്കും.

ഏതു വിധത്തിലും നമ്മൾ കുറച്ചു കാലം പരിശീലനം നടത്തുമ്പോൾ നമ്മൾ 'അയയും'. നമുക്ക് അതിനു ശേഷം ഗൗരവം അനുഭവപ്പെടുകയില്ല. നാളെ നമ്മൾ മരിക്കുമെന്നാണെങ്കിൽ നാളെ നമ്മൾ മരിക്കും. നമ്മൾ ജീവിക്കുമെന്നാണെങ്കിൽ നമ്മൾ ജീവിക്കും. നമുക്കെല്ലാം നഷ്ടപ്പെടുമെങ്കിൽ എല്ലാം നഷ്ടപ്പെടും. നമുക്കെല്ലാം ലഭിക്കുമെങ്കിൽ എല്ലാം ലഭിക്കും. ആത്മബോധസാക്ഷാത്കാരത്തിനു ശേഷം നമുക്ക് എല്ലാ സാഹചര്യങ്ങളിലും നമ്മെ സംരക്ഷിക്കുന്നതിനുള്ള വിവേകവും കഴിവും ലഭിക്കും. അതു കൊണ്ട് നമ്മൾ ഒന്നിനെയും ഭയക്കില്ല. നമുക്ക് നമ്മുടെ ഭയം നഷ്ടപ്പെടും, നമുക്ക് നമ്മുടെ ആകാംക്ഷ നഷ്ടപ്പെടും. അതു കൊണ്ടാണ് നമ്മൾ ലഘുമാനസരായിരിക്കുന്നത്. നാം ഈ ലോകത്തു നിന്നും വിട്ടു നിൽക്കുന്നതായി നമുക്ക് അനുഭവപ്പെടും. നിങ്ങൾ നേടുന്നതോ നിങ്ങൾ നഷ്ടപ്പെടുത്തുന്നതോ ആയ ഒന്നും അത്ര കാര്യമായി തോന്നില്ല. നമ്മൾ എന്തെങ്കിലും നേടിയാൽ അത് ആളുകളുടെ ഗുണത്തിനായായിരിക്കും. അതിനു ശേഷം നമ്മൾ അവ നാം സ്നേഹിക്കുന്നവരുടെ ഗുണത്തിനായി നൽകും. അല്ലെങ്കിൽ നാം നമ്മളെ അല്ലെങ്കിൽ നമ്മുടെ ജീവിതത്തെ അതു കാത്തു സൂക്ഷിക്കുന്നതിനുള്ള മത്സരങ്ങളിലൂടെയും കഷ്ടപ്പാടുകളിലൂടെയും മുന്നോട്ടു കൊണ്ടു പോകാനും മാത്രം വിലമതിക്കുകയില്ല. നമ്മൾ അതു കാത്തു സൂക്ഷിച്ചാൽ അതു കൊള്ളാം. അതിനർത്ഥം നമ്മൾ മുള്ളാണി പതിച്ച മെത്തയിലിരുന്ന് ദിവസം മുഴുവനും ധ്യാനിക്കണമെന്നല്ല. പക്ഷെ നമ്മൾ ജോലി ചെയ്യണം.

ഉദാഹരണമായി ഞാനിപ്പോഴും ജോലി ചെയ്യുന്നു. ഞാൻ ചിത്രം വരയ്ക്കുന്നു. എന്റെ കരകൗശലവേലകൾ എനിക്കു ജീവിക്കുന്നതിനുള്ള വരുമാനം നേടിത്തരുന്നു. അതു കൊണ്ടു തന്നെ എനിക്ക് ആരിൽ നിന്നും സംഭാവന സ്വീകരിക്കേണ്ട ആവശ്യമില്ല.

ആളുകളെ സഹായിക്കാൻ പോലും പര്യാപ്തമായ അളവിൽ ഞാൻ സമ്പാദിക്കുന്നു. എനിക്ക് അഭയാർത്ഥികളെയും പ്രകൃതിക്ഷോഭങ്ങൾക്ക് ഇരയായവരെയും അതു പോലെ കഷ്ടതയനുഭവിക്കുന്ന മറ്റുള്ളവരെയും സഹായിക്കാൻ സാധിക്കും. നമ്മൾ എന്തിനു ജോലി ചെയ്യാതിരിക്കണം? പക്ഷെ നമുക്ക് ധാരാളം പ്രതിഭയും കഴിവുകളുമുണ്ട്, ആത്മബോധ സാക്ഷാത്കാരത്തിനു ശേഷം, വ്യാകുലപ്പെടേണ്ട കാര്യമൊന്നുമില്ലെന്നു നമ്മൾ തിരിച്ചറിയും. ഞങ്ങൾ സ്വാഭാവികമായി തന്നെ സ്വസ്ഥചിത്തരാകുന്നു. അങ്ങനെയാണ് ഫലിതബോധത്തിന്റെ സത്ത ജനിക്കുന്നത്. അതാണ് കാര്യമെന്ന് ഞാൻ ഊഹിക്കുന്നു.

നിങ്ങൾ എന്നെ ഫലിതപ്രിയയായി കണക്കാക്കുന്നുണ്ടോ? (സദസ്സ് : അതെ) (ചിരിയും കൈയ്യടിയും) അങ്ങനെയാണെങ്കിൽ ചിലപ്പോൾ ഞാനേതെങ്കിലും തരത്തിലുള്ള ഗുരുവായിരിക്കും, അല്ലേ? (ചിരി) നിങ്ങൾക്കുവേണ്ടി നമുക്കങ്ങനെ കരുതാം. അതുകൊണ്ട് നിങ്ങൾ ആത്മജ്ഞാനം സിദ്ധിച്ച ഒരു വ്യക്തിക്കല്ല, കഴിഞ്ഞ രണ്ടു മണിക്കൂറായി ചെവി കൊടുത്തത് – നിങ്ങളുടെ സമയം പാഴായി, അല്ലേ?

ചോ: അന്വേഷണത്വരയുള്ള ആത്മാക്കൾ എന്ന നിലയിൽ നമ്മൾ എപ്പോഴും ചോദിച്ചു കൊണ്ടിരിക്കുകയും, കഥകളും തത്ത്വങ്ങളും മറുപടിയായി ലഭിക്കുകയും ചെയ്യുന്നു. താങ്കൾ അതിനെക്കുറിച്ച് എന്താണു പറയുന്നതെന്നു കേൾക്കാൻ എനിക്കു താൽപ്പര്യമുണ്ട്. ആദ്യത്തെ ചോദ്യം: നമ്മൾ ആരാണ്? ഞാൻ ആരാണ്? തിരികെ വീട്ടിൽ പോകണമെന്ന വിഷമാവസ്ഥയിൽ ഞാൻ എങ്ങനെ എത്തിപ്പെട്ടു? ഞാനെങ്ങനെയാണ് വീടു വിട്ടിറങ്ങിയത്, തിരികെ വീട്ടിലെത്തുക എന്നത് എന്തുകൊണ്ടാണ് പ്രാധാന്യമുള്ളതാകുന്നത്? നിങ്ങൾ അഞ്ചാമത് മണ്ഡലത്തിലേക്ക് തിരികെ പോകുന്നതിനെക്കുറിച്ചു പറഞ്ഞു. അത് കടന്നും പോകുന്നത് ആവശ്യമുള്ളത്ര പ്രധാനമല്ലേ? അതിനും അതീതമായതെന്തെങ്കിലും ഉണ്ടെങ്കിൽ അതിന്റെ ഉദ്ദേശമെന്താണ്? എനിക്ക് തിരികെ അവിടെ ചെല്ലണമെന്നില്ലെങ്കിൽ അതും ഞാനുമായി എന്തു ബന്ധമായിരിക്കും ഉണ്ടായിരിക്കുക?

ഗു: ഇതിപ്പോൾ തമാശ നിറഞ്ഞതായിത്തീരുന്നു. (ചിരിയും കൈയ്യടിയും) ശരി. ''ഞാൻ ആരാണെന്ന'' ചോദ്യത്തെക്കുറിച്ച്

പറയുകയാണെങ്കിൽ നിങ്ങൾക്ക് ന്യൂയോർക്കിൽ പെരുകിയിരിക്കുന്ന സെൻഗുരുക്കന്മാരെ സമീപിച്ച് അവരോട് ചോദിക്കാം. നിങ്ങൾക്ക് യെല്ലോ പേജസ് പരതി ഒരാളെ കണ്ടെത്താം. (ചിരി) ഞാനതിൽ സ്പെഷ്യലൈസ് ചെയ്തിട്ടില്ല.

രണ്ടാമത്തെ ചോദ്യം, ''നിങ്ങൾ എന്തിനാണ് ഇവിടെ വന്നെത്തിയിരിക്കുന്നത്?'' ഒരു പക്ഷെ നിങ്ങൾക്ക് ഇവിടെ എത്തുന്നത് ഇഷ്ടമായതു കൊണ്ടായിരിക്കാം. അല്ലെങ്കിൽ ദൈവപുത്രരായ നമ്മെ ഇവിടെ വരാനായി ആർക്കു നിർബന്ധിക്കാൻ സാധിക്കും? ദൈവപുത്രരെന്നു വിവക്ഷിക്കപ്പെടുന്നവരും ദൈവത്തെ പോലെ തന്നെയാണ്. അല്ലേ?

രാജാവിന്റെ മകൻ രാജാവിനെ പോലെ തന്നെയാണ്, ചില രീതികളിൽ, അല്ലെങ്കിൽ രാജാവിനെ പോലെ ഏറിയോ കുറഞ്ഞോ അല്ലെങ്കിൽ യുവരാജാവ്. അതു കൊണ്ട് തന്നെ അയാൾ എവിടെയെങ്കിലും ആയിരിക്കണമെന്നാഗ്രഹിക്കുന്നെങ്കിൽ മാത്രമേ അയാൾ അവിടെയെത്തുകയുള്ളൂ. എന്തൊക്കെയായാലും, നമുക്ക് സ്വർഗ്ഗത്തിൽ വേണമോ അതോ മറ്റെവിടെയെങ്കിലും വേണമോ സ്വയം അനുഭവിച്ചറിയേണ്ടതെന്നു നിശ്ചയിക്കുന്നതിനുള്ള സ്വാതന്ത്ര്യമുണ്ട്.

ആരംഭത്തിൽ തന്നെ, യുഗങ്ങൾക്കു മുൻപ്, സാഹസികമായതോ, കൂടുതൽ ഭയാനകമായതോ ആയ എന്തെങ്കിലും പഠിക്കുന്നതിനായി നിങ്ങൾ ഇവിടം തന്നെ തിരഞ്ഞെടുത്തതായിരിക്കും. ചില ആളുകൾക്ക് വളരെ ഭയാനകമായ അനുഭവങ്ങൾ പ്രിയങ്കരമാണ്.

ഉദാഹരണത്തിന്, രാജകുമാരന് കൊട്ടാരത്തിൽ തന്നെ കഴിയാമെന്നിരിക്കെ, അദ്ദേഹം കാട്ടിൽ ചുറ്റിത്തിരിയുന്നത്, പ്രകൃതിയിലെ കാര്യങ്ങൾ കണ്ടെത്തുന്നതിൽ തൽപ്പരനായതു കൊണ്ടാണ്. അത് ആ രീതിയിലുമാകാം. അത് ഒരു പക്ഷെ നമ്മൾ സ്വർഗ്ഗത്തിൽ വിരസത, അങ്ങേയറ്റത്തെ വിരസത അനുഭവിക്കുന്നതു കൊണ്ടാകാം. കാരണം എല്ലാം തയ്യാറാക്കി നമ്മുടെ കൊട്ടാരത്തിന്റെ പടിവാതിലിലെത്തിക്കുന്നതു കൊണ്ട്, നമുക്കായി എന്തെങ്കിലും ചെയ്യണമെന്നു നമ്മൾ ആഗ്രഹിക്കുന്നതു കൊണ്ടാവാം. ഒരു രാജകീയ കൊട്ടാരം പോലെ; ചിലപ്പോൾ അവർക്ക് സ്വയം പാചകം

ചെയ്തു കഴിക്കണമെന്ന് ആഗ്രഹമുണ്ടാകാം, അല്ലെങ്കിൽ അവർക്ക് പരിചാരകരുടെ സാമീപ്യമില്ലാതെ, ശല്യമില്ലാതെ സമയം ചിലവഴിക്കണമെന്നുണ്ടായിരിക്കാം. അവർ അവിടെയെല്ലാം കെച്ചപ്പും മറ്റു വിഭവങ്ങളും തട്ടിമറിക്കുന്നുണ്ടെങ്കിലും അവർ ഇതെല്ലാം ആസ്വദിക്കുന്നു. അതത്ര രാജകീയമായി തോന്നില്ലെങ്കിലും അവർ അത് ആസ്വദിക്കുന്നു.

ഉദാഹരണത്തിനു വാഹനമോടിക്കുന്നതിനു എനിക്കു ആളുകളുണ്ട്. ഞാനെവിടെ ചെന്നാലും എന്റെ ഡ്രൈവറാകാൻ ആഗ്രഹിക്കുന്ന ആളുകളുണ്ട്. പക്ഷെ ചിലപ്പോൾ എനിക്ക് സ്വയം ഡ്രൈവ് ചെയ്യുന്നതാണിഷ്ടം. എനിക്കെന്റെ ചെറിയ ട്രൈസൈക്കിൾ, പുകയില്ലാത്ത ട്രൈസൈക്കിൾ, വൈദ്യുതിയിൽ പ്രവർത്തിക്കുന്നത്, ഒരു മണിക്കൂറിൽ പത്ത് കിലോമീറ്റർ യാത്ര ചെയ്യുന്നത് ഡ്രൈവ് ചെയ്യാനിഷ്ടമാണ്. ഞാനെവിടെ ചെന്നാലും ആളുകൾ എന്നെ ധാരാളം ശ്രദ്ധിക്കുന്നതു കൊണ്ട്, ആളുകൾക്കെന്നെ തിരിച്ചറിയാൻ സാധിക്കാത്ത എവിടെയെങ്കിലും പോകാനെനിക്ക് ആഗ്രഹമുണ്ട്. പ്രഭാഷണത്തിൽ പങ്കെടുത്ത് സംസാരിക്കുമ്പോഴല്ലാതെയുള്ള സമയം ഞാൻ വളരെ ലജ്ജാലുവാണ്. സംസാരിക്കുന്നത് ഇപ്പോൾ ഒരു ചുമതല പോലെയായിരിക്കുന്നു, കാരണം ആളുകൾ എന്നെ നിർബന്ധിച്ച് ഇത്രത്തോളം പ്രശസ്തയാക്കി. എനിക്കങ്ങനെ എപ്പോഴും ഒളിച്ചോടാൻ സാധിക്കുകയില്ല. എന്നിരുന്നാലും ചിലപ്പോൾ ഞാൻ ഒന്നോ രണ്ടോ മാസത്തേക്ക് ഒളിവിൽ പോകാറുണ്ട്. അമിത ലാളന കൊണ്ടു മുഷിഞ്ഞ ഒരു ഭാര്യ ഭർത്താവിനെ വിട്ടോടി പോകുന്നതു പോലെ. അതെന്റെ ഇഷ്ടമാണ്.

നിങ്ങൾ എന്തു കൊണ്ടാണ് വീട്ടിൽ പോകേണ്ടത്? എന്തു കൊണ്ട് അഞ്ചാമത് തലത്തിനു പകരം ആറാമതു തലം ആയിക്കൂട? അത് നിങ്ങളുടെ ഇഷ്ടം. അഞ്ചാമത് തലത്തിനു ശേഷം, നിങ്ങളാഗ്രഹിക്കുന്ന എവിടെയും പോകാം. അതിനു മുകളിലും നിരവധി തലങ്ങളുണ്ട്. പക്ഷെ അഞ്ചാമത് മണ്ഡലം കൂടുതൽ സൗകര്യപ്രദവും തങ്ങാൻ അനുവദിക്കുന്ന വിധം നിഷ്ക്രിയവുമാണ്. മുകളിലേക്കു ചെല്ലുന്തോറും അത് കൂടുതന്റ കൂടുതൽ ശക്തമായിത്തീരുന്നു.ഒരു പക്ഷെ അങ്ങിനെയായിരിക്കാം. നിങ്ങൾ കുറച്ചു സമയത്തേക്ക് അവിടെ പോയേക്കാം, പക്ഷെ തങ്ങാനിഷ്ടപ്പെടില്ല.

ഉദാഹരണത്തിനു നിങ്ങളുടെ വീട് വളരെ മനോഹരമായിരിക്കാം. വീടിന്റെ ചില ഭാഗങ്ങൾ വിശ്രമമുറികളായിരുന്നിരിക്കാം. അതു നിങ്ങളുടെ വീടിന്റെ പിറകു വശത്തു തന്നെയായിരുന്നാലും നിങ്ങൾ എപ്പോഴും അവിടെ തങ്ങാനാഗ്രഹിക്കുന്നില്ല. അത് മലയുടെ മുകൾ ഭാഗം പോലെ കാണപ്പെടുന്നു, മല മുകളിലേക്കു ചെല്ലുന്തോറും കൂടുതന്റ മനോഹരമായി കാണപ്പെടുമെങ്കിലും അത് വിശ്രമിക്കാനുള്ള സ്ഥലമല്ല. അല്ലെങ്കിൽ നിങ്ങളുടെ വീട്ടിലെ വൈദ്യുതി നിയന്ത്രിക്കുന്ന മുറി, ശബ്ദവും താപവും പുറപ്പെടുവിക്കുന്ന ജനറേറ്റർ, ഒച്ച, ചൂട്, അപകടം. അതു കൊണ്ടു തന്നെ അത് നിങ്ങളുടെ വീടിനു വളരെ സഹായകരമാണെങ്കിലും അവിടെ സമയം ചെലവിടാൻ നിങ്ങൾ ആഗ്രഹിക്കുന്നില്ല.

ദൈവത്തിന്റെ പല ഘടകങ്ങളും നമുക്ക് സങ്കല്പിക്കാൻ പോലും സാധിക്കുകയില്ല. നാമെപ്പോഴും ചിന്തിക്കുന്നത് കൂടുതൽ മുകളിലേക്ക് പോകുംതോറും കൂടുതൽ സ്നേഹസമ്പന്നമാകുമെന്നാണ്. പക്ഷെ സ്നേഹം പല വിധത്തിലുണ്ട്. അക്രമാസക്തമായ സ്നേഹമുണ്ട്, ശക്തമായ സ്നേഹമുണ്ട്, സൗമ്യമായ സ്നേഹമുണ്ട്, നിഷ്ക്രിയമായ സ്നേഹമുണ്ട്. ഇതെല്ലാം നമുക്ക് എത്രത്തോളം സഹിക്കാനാകുമെന്നതിനെ ആശ്രയിച്ചിരിക്കുന്നു. ദൈവം നമുക്ക് വ്യത്യസ്ത തീവ്രതയിലുള്ള സ്നേഹം പകർന്നു നൽകുന്നു. ശരി, വ്യത്യസ്ത തലങ്ങൾ ദൈവത്തിൽ നിന്നുള്ള ചില വ്യത്യസ്ത തീവ്രതയിലുള്ള സ്നേഹം പകർന്നു നൽകുന്നു. പക്ഷെ ചില സമയത്ത് അത് നമുക്ക് പിച്ചിചീന്തപ്പെട്ടതു പോലെ അനുഭവപ്പെടും വിധം വളരെയധികം ശക്തമായിരിക്കും.

ചോ: ഞാൻ നമുക്ക് ചുറ്റും വളരെയധികം നശീകരണ പ്രവർത്തനങ്ങൾ നടക്കുന്നതായി കാണുന്നു – പാരിസ്ഥിതികമായ നശീകരണം. മൃഗങ്ങളോടുള്ള ക്രൂരത. നിങ്ങൾ ഇതെങ്ങനെ ഗ്രഹിക്കുന്നുവെന്നും, ആത്മീയമായ രീതിയിൽ ഈ ലോകത്തിൽ നിന്നും സ്വയം വിമോചിപ്പിക്കപ്പെടാൻ ശ്രമിക്കുന്നവരോട്, തങ്ങളുടെ സാഹചര്യങ്ങളെ എങ്ങനെ അഭിമുഖീകരിക്കണമെന്നും, തങ്ങൾക്കു ചുറ്റും സംഭവിക്കുന്ന എല്ലാ നശീകരണങ്ങളെയും എങ്ങനെ അഭിമുഖീകരിക്കണം എന്നതിനെക്കുറിച്ച് എന്താണ് നിങ്ങൾ നിർദേശിക്കുന്നതെന്നറിയാൻ എനിക്കു താൽപ്പര്യമുണ്ട്.

അതീതലോകത്തിലേക്ക് പോകുന്നത് നമ്മൾ പിറകിലെന്താണ് അവശേഷിപ്പിച്ചു പോകുന്നതെന്ന് തിരിച്ചറിയാൻ പര്യാപ്തമാകുമോ? അല്ലെങ്കിൽ ഈ തലത്തിലുള്ള നമ്മൾക്ക് കഷ്ടപ്പാടുകൾ ലഘൂകരിക്കുകയെന്ന ചുമതലയുണ്ടെന്നു നിങ്ങൾക്കു തോന്നുന്നുണ്ടോ? അതെന്തെങ്കിലും ഗുണം ചെയ്യുമോ?

ഗു: തീർച്ചയായും. അത് ചെയ്യും. ഏറ്റവും ചുരുങ്ങിയ പക്ഷം നമുക്കെങ്കിലും, നമ്മുടെ ബോധത്തിനെങ്കിലും, അതു കൊണ്ട് നമുക്ക് നാമെന്തെങ്കിലും ചെയ്യുന്നുവെന്ന് തോന്നുകയും, നമ്മുടെ സഹജീവികളുടെ കഷ്ടപ്പാടുകൾ ലഘൂകരിക്കാൻ നമുക്ക് സാധ്യമായ രീതിയിൽ പ്രയത്നിച്ചു എന്നു തോന്നുകയും ചെയ്യും. ഞാനും അതു തന്നെയാണ് ചെയ്യുന്നത്. നിങ്ങൾ ചോദിച്ചതെന്തും ഞാൻ ചെയ്തുകൊണ്ടിരിക്കുന്നു, ചെയ്തിട്ടുണ്ട്, ചെയ്യുന്നുണ്ട്, ചെയ്യുകയും ചെയ്യും.

ഞാനിതിനകം തന്നെ നിങ്ങളോട് പറഞ്ഞതു പോലെ ഞങ്ങളുടെ പണം ചില സമയങ്ങളിൽ വിവിധ സംഘടനകൾക്ക് വീതിച്ചു നൽകുന്നു, അല്ലെങ്കിൽ ദുരന്തങ്ങൾ നേടുന്ന രാജ്യങ്ങൾക്കു നൽകുന്നു. എനിക്കതിനെക്കുറിച്ച് പൊങ്ങച്ചം പറയാനാഗ്രഹമില്ല, എന്നാലും നിങ്ങൾ ചോദിച്ചതു കൊണ്ട് പറയുകയാണ്, ഉദാഹരണമായി കഴിഞ്ഞ വർഷം ഞങ്ങൾ ഫിലിപ്പൈൻസിനെ അവരുടെ മൗണ്ട്. പിനാബിട്ടോ ദുരിതാശ്വാസത്തിൽ സഹായിച്ചിരുന്നു. ഓ ലാകിലെ വെള്ളപ്പൊക്കത്തിൽ ദുരിതമനുഭവിച്ചവരെയും, ചൈനയിലെ വെള്ളപ്പൊക്കത്തിൽ ദുരിതമനുഭവിച്ചവരെയും ഞങ്ങൾ സഹായിച്ചിരുന്നു. ഇപ്പോൾ ഞങ്ങൾ എക്യരാഷ്ട്ര സഭയുടെ സഹായത്തോടെ, ഐക്യരാഷ്ട്ര സഭയ്ക്ക് ഞങ്ങളെ സഹായിക്കണമെന്നുണ്ടെങ്കിൽ, ഓ ലാകിലെ അഭയാർത്ഥികളെ സഹായിക്കാൻ ശ്രമിക്കുകയാണ്. പക്ഷെ ഞങ്ങൾ ശ്രമിച്ചു കൊണ്ടിരിക്കുന്നു. ഞങ്ങൾ അവർക്കു സാമ്പത്തിക പിന്തുണ നൽകി സഹായിക്കുന്നു, കൂടാതെ ഐക്യരാഷ്ട്രസഭ അനുവദിച്ചാൽ, സഭയുടെ ആശിസ്സുകളോടെ ഞങ്ങൾക്കവരെ പുനരധിവസിപ്പിച്ചാൽ കൊള്ളാമെന്നുണ്ട്.

അതെ, ഞങ്ങൾ നിങ്ങൾ പറഞ്ഞ എല്ലാ കാര്യങ്ങളും ചെയ്യുന്നുണ്ട്. കൂടാതെ നാം ഇവിടെയായതുകൊണ്ട്, നമുക്ക് പരിസ്ഥിതി

സാദ്ധ്യമായത്ര വൃത്തിയായി സൂക്ഷിക്കാം. അങ്ങനെ ഞങ്ങൾ കഷ്ടപ്പാടുകൾ അനുഭവിക്കുന്നവരെ സഹായിക്കുകയും, ലോകത്തിലെ സദാചാരനിലവാരത്തെ സഹായിക്കുകയും ചെയ്യുന്നു. ആത്മീയമായും ഭൗതികമായും ഒരു പോലെ. അതെ, കാരണം ചില ആളുകൾക്ക് എന്നിൽ നിന്നും ആത്മീയത സ്വീകരിക്കാൻ വിമുഖതയുണ്ട്. അവർക്ക് ഭൗതികസഹായം മാത്രമാണ് ആവശ്യം. അതു കൊണ്ട് ഞങ്ങൾ അവർക്ക് ആത്മീയമായി ഭൗതികസഹായം നൽകുന്നു. അതാണ് ഞങ്ങൾ ചെയ്യുന്നത്. അതു കൊണ്ടാണ് എനിക്ക് പണം സമ്പാദിക്കേണ്ടി വരുന്നത്. അതു കൊണ്ടാണ് എനിക്ക് ആളുകളുടെ സംഭാവനകളെ ആശ്രയിച്ചു ജീവിക്കാൻ ആഗ്രഹമില്ലാത്തത്.

എന്റെ എല്ലാ സന്യാസിശിഷ്യന്മാരും അനുയായികളും നിങ്ങൾ ജോലി ചെയ്യുന്നതു പോലെ തന്നെ ജോലി ചെയ്യണം. അപ്പോൾ അതു മാത്രമല്ലാതെ ഞങ്ങൾ ഭൗതികമായും സഹായങ്ങൾ നൽകുന്നു; ലോകത്തെ കഷ്ടപ്പാടുകൾ അനുഭവിക്കുന്നവർക്ക് സഹായം നൽകുന്നു. കഷ്ടപ്പാടുകൾ ലഘൂകരിക്കാൻ പരിശ്രമിക്കുന്നു. ഞങ്ങൾ ഇതു ചെയ്യേണ്ടതുണ്ട്. അതിനർത്ഥം ദിവസം മുഴുവൻ ഞങ്ങൾ സമാധിയിന്റ മുഴുകിയിരുന്നു സ്വയം ആനന്ദിക്കുന്നെന്നല്ല. അത് ഒരു വളരെ സ്വാർത്ഥനായ ബുദ്ധനാണ് (ബോധോദയം ലഭിച്ച വ്യക്തി). ഞങ്ങൾക്ക് അദ്ദേഹം ഇവിടെ വേണമെന്ന് ആഗ്രഹമില്ല. (ചിരി)

ചോ: തനിക്കു ശക്തികളുണ്ടെന്ന തിരിച്ചറിവിൽ നിന്നും അയാൾക്കു ശക്തികൾ ലഭിക്കുന്ന ഒരു തലത്തെക്കുറിച്ചു പറയുകയുണ്ടായി. ഇപ്പോൾ നിങ്ങൾക്ക് ശക്തികളുണ്ടെന്നു കരുതുക, പക്ഷെ നിങ്ങൾക്ക് അവ സ്വായത്തമായെന്ന് നിങ്ങൾക്കറിയില്ല, പക്ഷെ നിങ്ങൾക്കവയെക്കുറിച്ച് അറിവുണ്ടെന്നു കരുതുക. നിങ്ങൾക്ക് അവയുണ്ടെന്നു പോലും നിങ്ങൾക്കു തോന്നുന്നു. നിങ്ങൾക്ക് ഇതെങ്ങനെ ഉപയോഗിക്കാൻ സാധിക്കും? അല്ലെങ്കിൽ ഉപയോഗിക്കാൻ സാധിക്കാതിരിക്കും? നിങ്ങൾ അത് ഉപയോഗിക്കാൻ സാധിക്കുന്നില്ലെങ്കിൽ, നിങ്ങൾ നടന്നു കൊണ്ടിരിക്കുന്ന പ്രക്രിയയിൽ എങ്ങനെ അക്ഷമനാകാതെയിരിക്കും?

നിങ്ങൾക്ക് കാണാവുന്നതുപോലെ ഈ പ്രക്രിയ വളരെ സാവധാനത്തിലുള്ളതും ലൗകികവുമായ ഒരു രീതി സ്വീകരിക്കുമ്പോൾ, കൂടുതൽ മെച്ചപ്പെട്ടതും വേഗത്തിലുള്ളതുമായ ഒരു പരിഹാരം ലഭിക്കുന്നതിനായി നിങ്ങൾക്ക് പ്രാർത്ഥിക്കുകയോ അതു പോലെയുള്ള എന്തെങ്കിലുമോ ചെയ്യാവുന്നതു പോലെ. അത് അർത്ഥമാക്കുന്നതെന്താണ്? കൂടാതെ എങ്ങനെ ഒരാൾക്ക് ശരിയായി ലഭിച്ച ഒരു അനുഗ്രഹത്തിലൂടെ അത് ഉപയോഗിക്കാൻ സാധിക്കും? നിങ്ങൾക്ക് ഞാനെന്താണ് ഉദ്ധേശിച്ചതെന്നു മനസ്സിലായോ?

ഗു: എനിക്കു മനസ്സിലായി. എനിക്കു മനസ്സിലായി. നമുക്ക് കാര്യങ്ങൾ മാറ്റാനുള്ള കഴിവുള്ളപ്പോൾ, ചുറ്റുമുള്ള കാര്യങ്ങൾ ഉദ്യോഗസ്ഥവൃന്ദത്തിന്റെ ശൈലിയിൽ മെല്ലെപ്പോക്കു നടത്തുമ്പോൾ അത് ക്ഷമിക്കാനുള്ള സഹിഷ്ണുത നിങ്ങൾക്ക് എങ്ങനെയുണ്ടാകുമെന്നാണ് നിങ്ങൾ അർത്ഥമാക്കിയത്. അല്ലേ? അതോ നമ്മൾ വെറുതെ പ്രാർത്ഥിക്കുകയോ, എന്തെങ്കിലും അതിശയം പ്രവർത്തിക്കുകയോ, ഒരു വിരൽ ചൂണ്ടി അത് തള്ളി മാറ്റുകയോ ചെയ്യണം.ശരിയല്ലേ? ഇല്ല. എനിക്കു ക്ഷമയുണ്ട്. കാരണം ഈ ലോകത്തിന്റ അരാജകത്വം ഒഴിവാക്കാനായി സമാധാനത്തോടെ നമുക്കെല്ലാവർക്കും ഒരുമിച്ചു പ്രവർത്തിക്കേണ്ടതുണ്ട്. അതെ.

ഉദാഹരണമായി, ഒരു കുട്ടിക്ക് ഓടാൻ കഴിയുന്നില്ലെന്നു കരുതുക. നിങ്ങൾ തിരക്കിലായതു കൊണ്ടോ, അല്ലെങ്കിൽ ഓടുക വഴി നിങ്ങള് കുട്ടി മുടന്താനും തടഞ്ഞു താഴെ വീഴാനും കാരണമാകണമെന്നതു കൊണ്ടോ അല്ല. അതു കൊണ്ട് നമുക്ക് ക്ഷമ വേണം. നമുക്ക് ഓടാനുള്ള കഴിവുണ്ടെങ്കിലും നമ്മൾ കുട്ടിയുടെ കൂടെ നടക്കണം. അതെ. അതുകൊണ്ടാണ് ചിലപ്പോൾ ഞാനും നിരാശനും അക്ഷമനും ആകുന്നത്, പക്ഷെ ക്ഷമയോടെയിരിക്കാൻ ഞാൻ എന്നെ പരിശീലിപ്പിക്കണം. അതു കൊണ്ടാണ് എല്ലാ സാമ്പത്തിക സഹായവും നൽകാൻ തയ്യാറാണെങ്കിൽ പോലും അഭയാർത്ഥികൾക്കു വേണ്ടി ഒരു പ്രസിഡന്റിന്റെ മുന്നിന്റ നിന്നും മറ്റൊരു പ്രസിഡന്റിന്റെ മുൻപിലേക്ക് ചെന്ന് എനിക്കു തല കുമ്പിടേണ്ടി വരുന്നത്. ഞങ്ങൾ ഞങ്ങളാൽ സാദ്ധ്യമായതെല്ലാം നൽകും, ദശലക്ഷക്കണക്കിനു ഡോളറുകൾ, അല്ലെങ്കിൽ ശതലക്ഷക്കണക്കിനു ഡോളറുകൾ. ഞങ്ങൾക്ക് ഉദ്യോഗസ്ഥഭരണ

സംവിധാനത്തിലൂടെ പോകേണ്ടതുണ്ട്. സീസറിനുള്ളത് സീസറിനു കൊടുക്കുക.

ഞാനെന്റെ ശക്തി ഉപയോഗിക്കുകയോ, ഐക്യരാഷ്ട്രസഭയെ പ്രവർത്തനനിരതമാക്കാൻ വേണ്ടി വിരൽ ചൂണ്ടുകയോ ചെയ്യാൻ പോകുന്നില്ല. ഇല്ല! ഇല്ല! നമ്മൾ മാനസിക ശക്തി കൊണ്ടുള്ള മാന്ത്രിക വിദ്യ ഉപയോഗിച്ചാൽ ഈ ലോകത്തിന്റ ദുരന്തങ്ങളുണ്ടാകും. അത് പോകേണ്ട വഴി തന്നെ പോകണം. പക്ഷെ നമുക്ക് ആത്മീയമായ സുഖപ്പെടുത്തലിലൂടെ, ആത്മീയമായ വിവേകത്തിലൂടെ, ഉൾക്കൊള്ളുന്നതിലൂടെ ആളുകളുടെ ബോധം ഉയർത്താൻ സാധിക്കും. അവർ സ്വീകരിക്കാൻ തയ്യാറായ ജ്ഞാനം അവരിൽ നിറച്ച് നമുക്ക് അവരുമായി സഹകരിക്കാൻ സാധിക്കും. അതാണ് ശരിയായ മാർഗ്ഗം, മാന്ത്രികശക്തി ഉപയോഗിക്കുകയല്ല. ഞാനൊരിക്കലും ബോധപൂർവ്വം ജീവിതത്തിന്റ ഒരു ഘടകത്തിലും മാന്ത്രിക ശക്തി ഉപയോഗിക്കാറില്ല. പക്ഷെ ആത്മീയത പരിശീലിക്കുന്നവർക്ക് അതിശയങ്ങൾ സംഭവിച്ചുകൊണ്ടിരിക്കുന്നു. അവ വളരെ സ്വാഭാവികമാണ്, മനപൂർവ്വമുള്ളതല്ല. സമ്മർദ്ദം ചെലുത്താനുള്ള ശ്രമമല്ല. അതെ, അത് നല്ലതല്ല. കുട്ടിക്ക് ഓടാൻ സാധിക്കില്ല. ശരിയല്ലേ? നിങ്ങൾ എന്റെ ഉത്തരത്തിൽ സംതൃപ്തനാണോ?

എന്റെ ഏതെങ്കിലും മറുപടികൾ നിങ്ങൾക്ക് തൃപ്തികരമല്ലെമല്ലെങ്കിൽ ദയവായി എന്നോട് പറയുക. അങ്ങനെ ചെയ്താൽ എനിക്ക് കൂടുതൽ വിശദീകരിക്കാൻ സാധിക്കും. പക്ഷെ നിങ്ങൾ ബുദ്ധിമാന്മാരാണെന്ന് ഞാൻ വിശ്വസിക്കുന്നു. എല്ലാ രാജ്യങ്ങളിന്റ നിന്നും നിന്നും ശ്രദ്ധാപൂർവ്വം തിരഞ്ഞെടുക്കപ്പെട്ട ബുദ്ധിമാന്മാർ. അതു കൊണ്ടു തന്നെ ഞാൻ ഒരുപാട് വിശദീകരിക്കേണ്ട കാര്യമൊന്നുമില്ല.

അതിരിക്കട്ടെ, നമുക്ക് ഐക്യരാഷ്ട്രസഭയുള്ളത് നല്ലതാണ്. അതെ! അതെ! നമ്മൾ ലോകത്തിലെ പല തർക്കങ്ങളും യുദ്ധങ്ങളും ഇല്ലാതാക്കുന്നു. നമുക്കതെല്ലാം പൂർണ്ണമായും മാറ്റാൻ സാധിക്കില്ലെങ്കിലും. പക്ഷെ ഞാൻ നിങ്ങളുടെ ഐക്യരാഷ്ട്രസഭയെക്കുറിച്ചുള്ള പുസ്തകങ്ങൾ വായിച്ചിട്ടുണ്ട്. എല്ലാവരും ഐക്യരാഷ്ട്രസഭയാണ്. ഞാൻ ഐക്യരാഷ്ട്രസഭയുടെ ചില പ്രവർത്തനങ്ങൾ പിൻതുടർന്നിട്ടുണ്ട്. മറ്റുള്ളവർക്ക് തടവുകാരെ

രക്ഷിക്കാൻ സാധിക്കാത്തപ്പോൾ, അവരെ രക്ഷിക്കുന്ന ഐക്യരാഷ്ട്രസഭയുടെ പരിശ്രമങ്ങളെയും കാര്യക്ഷമതയെയും ഞാൻ അഭിനന്ദിക്കുന്നു. ലോകത്തെ എല്ലാ ശക്തികൾക്കും രക്ഷിക്കാൻ സാധിക്കാതിരുന്നിട്ടും ഐക്യരാഷ്ട്രസഭയുടെ കമ്മീഷണർ അതു ചെയ്തു. അതെ, പ്രകൃതിക്ഷോഭ ദുരിതാശ്വാസം , അഭയാർത്ഥി പ്രശ്നം തുടങ്ങിയ മറ്റു പലതും.

നിങ്ങൾക്ക് ഏകദേശം പന്ത്രണ്ട് ദശലക്ഷം അഭയാർത്ഥികളുണ്ടെന്നു ഞാൻ കേട്ടിരിക്കുന്നു ചുമതലകൾ. അല്ലേ? യുദ്ധവും മറ്റു കാര്യങ്ങ.

ഒരു ഉദാഹരണം നോക്കൂ, ആളുകൾ ന്യൂയോർക്കിൽ തന്നെ പറ്റിക്കൂടാൻ ആഗ്രഹിക്കുന്നു. (ചിരി) കാരണം ഇവിടം കൂടുതൽ രസകരമാണ്. ഒരു ഗവൺമെന്റോ ഏതെങ്കിലും ഗവൺമെന്റോ വ്യത്യസ്ത സ്ഥലങ്ങളിൽ ജോലികളും വ്യവസായങ്ങളും തൊഴിലവസരങ്ങളും ഒരുക്കിയാൽ ആളുകൾ ജോലി ചെയ്യുന്നതിനായി അങ്ങോട്ടു പോകും. അവർ ചില സ്ഥലങ്ങളിൽ തിങ്ങിക്കൂടുന്നത് അവിടെ തൊഴിൽ കണ്ടെത്താൻ എളുപ്പമായതു കൊണ്ടും, സുരക്ഷിതത്വമുള്ളതു കൊണ്ടുമാണ്. മറ്റു സ്ഥലങ്ങളിലും സുരക്ഷിതത്വവും തൊഴിലും നൽകാൻ സാധിച്ചാൽ ആളുകൾ അവിടെയും ചെന്നെത്തും. അവർ സുരക്ഷിതത്വവും ജീവിതമാർഗ്ഗവും തേടിയാണ് പോകുന്നത്. അത് വളരെ സ്വാഭാവികമാണ്.

അതുകൊണ്ട് നമ്മൾ ജനസംഖ്യാപെരുപ്പത്തെ ഭയപ്പെടണമെന്നല്ല. നമ്മൾ ലോകത്തുള്ള ജനങ്ങൾക്ക് തൊഴിലവസരങ്ങളും, താമസസൗകര്യവും, സുരക്ഷിതത്വവും നൽകുന്ന ഗുണങ്ങൾ ഒരുക്കുന്നതിനായി കൂടുതൽ ചിട്ടയോടെ നീങ്ങേണ്ടതുണ്ട്. അങ്ങനെയാണെങ്കിൽ എല്ലായിടവും ഒരു പോലെയിരിക്കും. നാം ഒരിക്കലും അമിത ജനസംഖ്യയുള്ളവരായിരിക്കുകയില്ല.

ഭക്ഷണത്തെക്കുറിച്ചുള്ള നിങ്ങളുടെ ചോദ്യത്തെക്കുറിച്ചു പറഞ്ഞാൽ, നിങ്ങൾക്കു കൂടുതൽ നന്നായി അറിയാമായിരിക്കും. കാരണം അമേരിക്കയിൽ ലോകത്തെ എങ്ങനെ സംരക്ഷിക്കാം എന്നതിനെക്കുറിച്ച് നിരവധി വിവരങ്ങൾ ലഭ്യമാണ്. ലോകത്തെ വിഭവങ്ങൾ സംരക്ഷിക്കുന്നതിനും, മുഴുവൻ ലോകജനസംഖ്യയ്ക്കും

ഭക്ഷണം നൽകുന്നതിനുള്ള ഏറ്റവും നല്ല മാർഗ്ഗങ്ങളിലൊന്ന് സസ്യാഹാരരീതിയാണ്, കാരണം മൃഗങ്ങളെ വളർത്തുന്നതിനായി നമ്മൾ ധാരാളം സസ്യ ഭക്ഷണവും, ഊർജ്ജവും, വൈദ്യുതിയും, മരുന്നും പാഴാക്കുന്നു. അതേ സമയം ഇത് മറ്റാളുകൾക്ക് ഭക്ഷണം നൽകുന്നതിനായി നേരിട്ടുപയോഗിക്കാൻ സാധിക്കും. കൂടാതെ പല മൂന്നാം ലോക രാജ്യങ്ങളും പോഷകസമൃദ്ധമായ ആഹാരം കുറഞ്ഞവിലയിന്റ വിൽക്കുന്നു. പക്ഷെ ഇത് മറ്റു രാജ്യങ്ങളിലെ ജനങ്ങൾക്ക് സഹായകരമാകുന്നില്ല. നമുക്ക് മാത്രമല്ല, മൃഗങ്ങൾക്കു മാത്രമല്ല, പക്ഷെ മുഴുവൻ ലോകത്തിനും നാം ഭക്ഷണം സമത്വത്തോടെ വിതരണം ചെയ്താൽ, സസ്യാഹാരരീതി ഇതിനു നമ്മളെ സഹായിക്കും.

മാസികകളിൽ വന്ന ഒരു ഗവേഷണമോ അതു പോലെയെന്തോ, പറയുന്നത് ലോകത്തുള്ള എല്ലാവരും സസ്യാഹാരം കഴിച്ചാൽ ലോകത്ത് വിശപ്പനുഭപ്പെടില്ലെന്നാണ്. പക്ഷെ അതിനനുസരിച്ച് നമ്മൾ കാര്യങ്ങൾ സംഘടിപ്പിക്കണം. എനിക്കൊരാളെ അറിയാം, അയാൾക്ക് അരിയുടെ തവിടിൽ നിന്നും രുചികരമായ ഭക്ഷണം, എന്തിനു പാൽ പോലും ഉണ്ടാക്കാൻ സാധിക്കും. കഴിഞ്ഞ തവണ ഞങ്ങൾ അതിനെക്കുറിച്ചു സംസാരിച്ചു. അയാൾ പറഞ്ഞത് ഏകദേശം മുന്നു ലക്ഷം ഡോളർ ചിലവഴിച്ചു, അദ്ദേഹത്തിനു സിലോണിലെ ആറുലക്ഷം ആളുകൾക്ക് പാവങ്ങൾക്കും, പോഷകാഹാരക്കുറവുള്ളവർക്കും, അമ്മമാർക്കും മറ്റുള്ളവർക്കും ഭക്ഷണം നൽകാമെന്നാണ്. അത് കൊള്ളാം. ലോകത്തിലെ പല ഭാഗങ്ങളിലും നമ്മൾ ചെയ്യാറുള്ളതു പോലെ, നമ്മൾ പ്രകൃതി വിഭവങ്ങൾ പാഴാക്കുകയാണ്. നമുക്ക് അവ ആവശ്യത്തിനുണ്ടായിട്ടല്ല. ദൈവം നമ്മളെ ഇവിടെ താമസിപ്പിച്ചത് വിശക്കാനല്ല. യഥാർത്ഥത്തിൽ നമ്മൾ സ്വയം വിശക്കുകയാണ് ചെയ്യുന്നത്.

അതു കൊണ്ട് നമ്മൾ പുനർവിചിന്തനം നടത്തണം, പുനർക്രമീകരിക്കണം, അതിനു പല രാജ്യങ്ങളിലെയും ഭരണകൂടങ്ങളുടെ അനുഗ്രഹാശിസ്സുകൾ വേണം. അവർ നമ്മെ പരിപൂർണ്ണ സത്യസന്ധത കൊണ്ടും, സ്വഭാവശുദ്ധികൊണ്ടും, അന്തസ്സു കൊണ്ടും, തങ്ങളെ സ്വയം സേവിക്കുന്നതിനു പകരം

ജനങ്ങളെ സേവിക്കാനുള്ള ഇച്ഛാശക്തി കൊണ്ടും അനുഗ്രഹിക്കണം. നമുക്ക് എല്ലാ രാജ്യങ്ങളിലെ ഭരണകൂടങ്ങളിൽ നിന്നും ഇത്തരം അനുഗ്രഹം ലഭിച്ചാൽ നമുക്ക് യഥാർത്ഥത്തിൽ പ്രശ്നങ്ങളൊന്നും ഉണ്ടാകില്ല. യാതൊരു പ്രശ്നവും ഉണ്ടാകില്ല.

നമുക്ക് നല്ല നേതൃത്വമുണ്ടാകണം, നല്ല സാമ്പത്തിക സംഘടനകളുണ്ടാകണം, ഭരിക്കാൻ കഴിവുള്ളവരുണ്ടാകണം, ആത്മാർത്ഥതയുള്ള ഭരണകൂടങ്ങളുണ്ടാകണം. പല ആളുകളും, അല്ലെങ്കിൽ മിക്കവാറും ആളുകളും, അല്ലെങ്കിൽ മുഴുവൻ ആളുകളും ആത്മീയതയുടെ പാത സ്വീകരിക്കുമ്പോൾ അത് വളരെ വേഗത്തിൽ സംഭവിക്കും. അപ്പോൾ അവർക്ക് അച്ചടക്കമെന്തെന്നു മനസ്സിലാകും. അപ്പോൾ അവർക്ക് പ്രമാണങ്ങൾ എന്തെന്നു മനസ്സിലാകും. എങ്ങനെ സത്യസന്ധത പുലർത്താമെന്നും, സംശുദ്ധത പുലർത്താമെന്നും മനസ്സിലാകും. തങ്ങളുടെ വിവേകം എങ്ങനെ ഉപയോഗിക്കാമെന്നും അപ്പോൾ അവർക്ക് മനസ്സിലാകും. അപ്പോൾ അവർ നമ്മുടെ ജീവിതം പുനർ ക്രമീകരിക്കുന്നതിനായി ചെയ്യേണ്ട നിരവധി കാര്യങ്ങളെക്കുറിച്ച് ചിന്തിക്കും.

ചോ: അത് ബുദ്ധിമുട്ടുള്ളതായി തോന്നുന്നു, കാരണം ഞാൻ കാണുന്നത്, എനിക്കു മനസ്സിലാക്കാൻ സാധിക്കുന്നതു പോലെ, ഇന്നുള്ള പരിസ്ഥിതി ദുരുപയോഗത്തിനു വർദ്ധിച്ചു വരുന്ന ജനസംഖ്യയുടെ, ജീവിക്കുന്നതിനുള്ള, കൂടുതൽ സ്ഥലത്തിനും വീടിനും, 20ാം നൂറ്റാണ്ടിൽ നമ്മൾ ജീവിക്കുന്നതു പോലെ പോലെ ജീവിക്കുന്നതിനുള്ള ആഗ്രഹവുമായി ബന്ധമുണ്ടെന്നു ഞാൻ കരുതുന്നു.

ബ്രസീലിലെ വനങ്ങളുടെ കാര്യമെടുക്കൂ. അവിടെ പരിസ്ഥിതി ചൂഷണമുണ്ട്. അവിടെ കാടുകൾ നശിപ്പിക്കപ്പെടുന്നു, മഴക്കാടുകൾ നശിപ്പിക്കപ്പെടുന്നു. ഭൂമിയിലെ പച്ചപ്പ് നഷ്ടപ്പെടുകയും അത് വെള്ളപ്പൊക്കത്തിനു കാരണമാകുകയും ചെയ്യുന്നു. ഇത് അമിതജനസംഖ്യയുമായി ബന്ധപ്പെട്ട പ്രശ്നമല്ല.

ഗു: അതെ. ഈ ലോകത്തിലുള്ള എല്ലാം തീർച്ചയായും പരസ്പരം ബന്ധപ്പെട്ടിരിക്കുന്നു. ഒരു പരിഹാരമേയുള്ളൂ, അവയുടെ തായ്‌വേരിൽ നിന്നും പരിഹാരം കണ്ടെത്തുക, അല്ലാതെ ശാഖകളിൽ നിന്നല്ല. തായ്‌വേര് ആത്മീയമായ സ്ഥിരതയാണ്. മനസ്സിലായോ? (കൈയ്യടി)

അതു കൊണ്ട് നാമെല്ലാം ചെയ്യേണ്ടത് നമുക്കറിയാവുന്ന ആത്മീയമായ

ഒരു സന്ദേശം പ്രചരിപ്പിക്കുകയെന്നതാണ്. കൂടാതെ ആത്മീയ അച്ചടക്കം പാലിക്കുകയും ചെയ്യുക.

അതാണ് ആളുകൾക്കില്ലാത്തത്. സമാധി അനുഭവിക്കുന്നതിനായി ഒരു വൈദ്യുതഉപകരണവുമായി നിങ്ങളെ ഘടിപ്പിക്കുന്നതിലും, കുറച്ച് പ്രകാശവും ശബ്ദവും അനുഭവിക്കുന്നതിലും തെറ്റില്ല. പക്ഷെ നിങ്ങൾക്ക് സദാചാരപരമായ അച്ചടക്കമില്ലെങ്കിൽ നിങ്ങളുടെ സിദ്ധികൾ ചീത്ത കാര്യങ്ങൾക്കായേ ഉപയോഗിക്കാൻ സാധിക്കുകയുള്ളൂ. ചിലപ്പോൾ അത് നിയന്ത്രിക്കാൻ സാധിക്കുകയില്ല.

അതു കൊണ്ടാണ് ഈ ഗ്രൂപ്പിലുള്ള ഞങ്ങൾ പ്രമാണങ്ങൾ കാത്തുസൂക്ഷിക്കുകയും, ആളുകളെ ആദ്യം അവ പഠിപ്പിക്കുകയും ചെയ്യുന്നത്. പ്രമാണങ്ങൾ വളരെ പ്രാധാന്യമുള്ളതാണ്. നമുക്ക് നമ്മൾ എവിടെയാണ് പോകുന്നതെന്നും, നമ്മുടെ ശക്തിയെ നിയന്ത്രിക്കുന്നതെന്നും നാം അറിഞ്ഞിരിക്കണം. സ്നേഹമില്ലാത്ത, സഹജാവബോധമില്ലാത്ത, സദാചാരമൂല്യങ്ങളെ പറ്റി ശരിയായ തിരിച്ചറിവില്ലാത്ത ശക്തി നിഷ്ഫലമാണ്. അത് ദുർമന്ത്രവാദമാകും. ദുരുപയോഗം. അതെ. അവിടെ നിന്നാണ് ദുർമന്ത്രവാദം ഉരുത്തിരിയുന്നത്.

ബോധോദയം ലഭിക്കുന്നത് എളുപ്പമാണ്, അതു കാത്തു സൂക്ഷിക്കുന്നത് പ്രയാസവും. നമ്മുടെ മാർഗ്ഗത്തിൽ നിങ്ങൾ ശരിയായ അച്ചടക്കമില്ലാത്തവനും, മൂല്യങ്ങളാൽ സജ്ജമാക്കപ്പെടാത്തവനും ആണെങ്കിൽ നിങ്ങൾ അതു ദുരുപയോഗപ്പെടുത്താതിരിക്കാനും സമൂഹത്തിൽ തിന്മകൾ ചെയ്യാതിരിക്കാനുമായി ഗുരു നിങ്ങളുടെ ചില ശക്തികൾ എടുത്തുകളയും. അതാണ് വ്യത്യസം. ഗുരുവിനു നിയന്ത്രിക്കാൻ സാധിക്കും. പരമമായ ശക്തി. പരമമായ ശക്തി. ശരി? അതെ, നിങ്ങളുടെ ബുദ്ധിപരമായ ചോദ്യങ്ങളിൽ ഞാൻ വളരെ സന്തുഷ്ടയാണ്. വളരെയധികം സന്തുഷ്ട.

നിങ്ങൾ പറഞ്ഞതു പോലെ ആളുകൾ ഭൂമിയെ ദുരുപയോഗം ചെയ്യുക അല്ലെങ്കിൽ അതു പോലെയുള്ള കാര്യങ്ങൾ ചെയ്യുന്നത് അവർക്ക് ആവശ്യത്തിനു വിവേകമില്ലാത്തതു കൊണ്ടാണ്. അതെ, അതുകൊണ്ട് തായ്‌വേരെന്നു പറയുന്നത് വിവേകമാണ്, ആത്മീയമായ പരിശീലനമാണ്. ബോധോദയം നേടുക.

നിങ്ങളുടെ ശ്രദ്ധയ്ക്കു നന്ദി പറയുന്നു. എല്ലാ ഭാവുകങ്ങളും.